ഉള്ളൂർ

# തരംഗിണി

# തരംഗിണി

[ഖണ്ഡകൃതികൾ മൂന്നാം ഭാഗം]

---

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ

---

**ULLUR PUBLISHERS**

ജഗതി, തിരുവനന്തപുരം

**1956**

*All rights Reserved*] [വില രൂ. 1 ണ. 4

---

പ്രസാധകരുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയവിവരം


1. ഗാഥാഞ്ജലി
2. അന്നും ഇന്നും
3. ഭക്താപഹാരം
4. തുമ്പപ്പൂവ്
5. ഒരു പുണ്യപുരുഷൻ
6. ഗാനോപഹാരം
7. എന്റെ മതം
8. ബാലാങ്കുരം
9. അഹർമ്മന്ത്രം
10. ബാലസന്ദർശനം
11. സ്വപ്നദർശനം
12. പ്രഭാതഗാഥ
13. ശിവഗീത
14. സുഖം സുഖം


Digitized By Kerala Sahitya Akademi

അഞ്ചാം പതിപ്പ്—കോപ്പി 500

*Printed at*
THE SRIDHARA PRINTING HOUSE,
*Trivandrum—1*

Digitized By Kerala Sahitya Akademi

# തരംഗിണി

## ഗാഥാഞ്ജലി

---

നീരലർശങ്കത്തൻ നൃത്തശാലയാം
കേരളമേദിനീദേവിയാളെ
മാതാവെന്നോതുവാൻ ഭാഗ്യം ലഭിച്ചോരെൻ
ഭ്രാതാക്കന്മാരേ ! ഭഗിനിമാരേ !

എങ്ങമ്മേ നീക്കുടപ്പൊൻമുടി ചൂടുന്ന
തെങ്ങുകൾ—തന്നോമൽസ്സന്താനങ്ങൾ—
വീഥിയിൽ റാന്തലിൻ രീതിയിൽ വെച്ചമ്മ-
യാദർശം കാട്ടുവോരല്ലീ നമ്മൾ ?

ചൊട്ടയിൽനിന്നു ചുടലവരയ്ക്കും നാം
പൊട്ടജ്ജഠരമാം ഭാണ്ഡം പേറി
പോകുമിപ്പോക്കിനാൽ നമ്മെച്ചുമക്കുന്ന
ലോകത്തിന്നെന്തൊരു ലാഭമുള്ളൂ ?

സ്വച്ഛന്ദമീയന്നപൂർണ്ണേശ്വരിയാൾ താൻ
പച്ചവില്ലീസണിപ്പൊന്മടിയിൽ,
പോററുന്ന നമ്മിൽനിന്നൊററപ്രതിഫല-
മീററുനോവിന്നെന്തു നേടിടുന്നു ?,

വെണ്മയും ശൈത്യവും മാധുര്യവുമാർന്നോ-
രമ്മിഞ്ഞപ്പാലുകൊണ്ടമ്മ മേന്മേൽ
ക്ഷാളിച്ച നമ്മുടെയുള്ളിലതിൻഗുണം
മേളിച്ചിടുന്നുണ്ടോ ലേശംപോലും ?

Digitized By Kerala Sahitya Akademi

ന്നുമൊന്നില്ലയോ കർത്തവ്യം ? നമ്മൾക്കീ-
മാനുഷജന്മം നിരർത്ഥകമോ ?
കാലമാം വില്ലാളി ലാക്കൊന്നും കാണാതെ
ലീലയിലെയ്ത കണകളോ നാം ?

രാമപരശു വനത്തിൽ വിഹരിച്ചീ-
യോമനയൂഴിയുദിച്ചിരിക്കെ
മാതാവിവൾക്കയ്യോ ! യൌവനപ്പൂവന-
ച്ഛേദകഠാരങ്ങളാകയോ നാം ?

നല്ലാതായമ്മയ്ക്ക നാൾതോറുമീശ്വരൻ
പുഷ്പവല്ലികൾ വീശി വീശി
കാട്ടുമ്പോളങ്ങളും വിഷദ്രുമങ്ങൾതൻ
ചോട്ടിൽ പതിക്കേണ്ട മൊന്നിത്തുകൾ ?

കേൾക്കവിനാമെങ്കിൽ — അങ്ങൊരു മുക്കിൽനി-
ന്നാക്രന്ദമത്യന്തം ദീന ദീനം
ഹാ ! കഷ്ടമതോ ഹതാശയാം സാധ്വിതൻ
കോകിലകണ്ഠും വിട്ടുൽഗളിപ്പൂ.

ചേതസ്സു പാറയ്ക്കും നീരാക്കുമീസ്വരം
നൂതനമല്ലല്ലോ നമ്മൾക്കേതും.
ആരിക്കരവതു ? നമ്മുടെ പെററമ്മ
കേരളഭൂലക്ഷ്മീദേവിയല്ലോ ?

ഓതാനെന്തുള്ളതു ? ഹാ നമുക്കിസ്സ്ഥിതി
മാതാ,വിവൾക്കു നാം മക്കൾപോലും !
ലജ്ജയിലാഴ്ത്തുവിനാനനം ! ബാഷ്പത്തിൽ
മജ്ജനം ചെയ്യുവിൻ ശുദ്ധദേഹം ! !

Digitized By Kerala Sahitya Akademi

വന്ധ്യയാമമ്മതൻ വാക്കിലനാദര-
മനുഭവമാർന്നിട്ടും നമ്മെ നോക്കി
വന്ധ്യയാകാത്തതോർത്തശ്രുവാർത്തദ്ദേവി
സിന്ധുവിൽ മുങ്ങുമാറായി വീണ്ടും.

അമ്മതൻവാക്ക് — അതേ ! കൊച്ചുകിടാങ്ങളാ-
യമ്മിഞ്ഞമുട്ടിക്കുടിച്ചിടുമ്പോൾ
'അമ്മ' യെന്നോതുവാൻ നമ്മൾ പഠിച്ചതാ-
മമ്മനോമോഹനവാക്കൊന്നില്ലേ ?—

കൈരളി കല്യാണി ഭാഗ്യവൽക്ഷേത്രജ്ഞർ
കൈരണ്ടും കൂപ്പിത്തൊഴുതിടേണ്ടോരാൾ ;—
നാമക്കളകണ്ടുകണ്ടിതന്നോമന-
നാമവും കൂടിമറന്നുവല്ലോ !

ആശ്ചര്യം— അഞ്ചുവയസ്സിലേ തായ്മുല-
പ്പാൽച്ചുവ മാറാത്ത പിഞ്ചുനാവാൽ
കാസ്യപീസോത്തുന്നുണ്ടാൺകുഞ്ഞും പെൺകുഞ്ഞും:—
ആസുരമിന്നത്തെപ്പാഠരീതി !

പിന്നേടം മാതാവിൻ വാക്കെന്നു കേൾക്കുമ്പോൾ
താന്നേ ചുളിഞ്ഞുപോം നെററിയോടും
പുഞ്ചിരിച്ഛർദ്ദികൊണ്ടാമുലപ്പാലിനെ-
കൊഞ്ഞനം കാട്ടുന്നുണ്ണിക്കിടാങ്ങൾ.

ശീമമട്ടെപ്പോഴും ശീലിച്ച കാർകൂന്തൽ
ചാമരം പോലെ ചമഞ്ഞിടാതെ
വാർദ്ധകം ശീഘ്രമായ് വന്നിടാൻ യത്നിച്ചു
പോത്തും തരുണിമാർ മുഴ്കി മുഴ്കി.

Digitized By Kerala Sahitya Akademi

ഭാഷയും വേഷവും മാറുന്ന കൂട്ടരെ-
ദ്ദൂഷണം ചെയ്വതിന്നെന്നപോലെ
ബ്രഹ്മാവു മേനിയിൽ തേച്ചുതാം താർമഷി
കമ്മായമാകുന്നീലെന്നേയുള്ളു ! 72

ചോട്ടു മറിഞ്ഞുപോയ് കാലത്തിന്നത്രമേൽ ;
നാടൻ ചരക്കെന്നാൽ നഞ്ഞതാക്കും ;
സങ്കടമമ്മട്ടിൽ കൈരളിക്കും വന്നു
ലങ്കയിൽ വൈദേഹിക്കെന്നപോലെ. 76

സച്ഛന്ദം കോദണ്ഡബ്രഹ്മദണ്ഡങ്ങൾ ത-
ന്നച്ഛനാം ഭാർഗ്ഗവനെന്നപോലെ
ദ്രാവിഡസംസ്കൃതവാണികൾ സൌഭാഗ്യം
കൈവളർത്തീടുവോൾ കൈരളിയാൾ. 80

സൈരന്ധ്രിമാരിവർ — തങ്ങളിൽ ചേരാത്തോർ
ഭാരതീലക്ഷ്മിമാരെന്നപോലെ —
സാമരസ്യത്തിൽ ഭജിപ്പതു'ണ്ടായ്യ്'യാ-
മീ 'മലയാളി' തൻ ദേവിയാളെ. 84

സുന്ദരീമൌലിയാമേതൊരുദേവിയെ
മുന്നം ചെറുശ്ശേരി സൽക്കവീന്ദ്രൻ
വിശ്രുതാലങ്കാരശ്രേണിയണിയിച്ചു
വിശ്വവിമോഹിനിയാക്കിത്തീർത്തു ; 88

കിന്നരകണ്ഠിയാമേതൊരുദേവിയെ-
ദ്ധന്യനാം തുഞ്ചത്തെഗ്ഗന്ധർവൻ
വാണിതൻ കൈയിലെത്ത[illegible]ാട്ടുന്ന
ഗാനം പഠിപ്പിച്ചു കൈവല്യ[illegible] ; 92

Digitized By Kerala Sahitya Akademi

സാരസ്യമൂർത്തിയാമേതൊരുദേവിയെ-
ച്ചാതുര്യമാർമ്മികൻ നമ്പ്യാരാശാൻ
നർമ്മോക്തിസിന്ധുവിൽത്തുള്ളിക്കളിപ്പിച്ചു
ജന്മഭാരായാസം തീരെനീക്കി ;— 96

പേർത്തും വിബുധർക്കു പീയൂഷദാത്രിയാ -
മാദ്ദിവ്യമോഹിനിയിദ്ദിനത്തിൽ
വാസ്തവമോർക്കിൽ വലഞ്ഞിടുവോളല്ലീ
വാക്സ്തംഭബാധയാലെന്ന പോലെ ? 100

ഭ്രാതാക്കന്മാരേ ! ഭഗിനിമാരേ ! നമ്മൾ
ജാതിയിൽ തിര്യക്കിൻ മീതെയെന്നാൽ
ഒത്തിനിയെങ്കിലും ശ്രദ്ധവെച്ചമ്മയ്ക്കീ-
ദ്ദുഃസ്ഥിതിവന്നതു ദൂരെനീക്കാം. 104

പെൺമലയാളമാമിക്കേരളത്തിങ്ക-
ലമ്മതാൻ പ്രത്യക്ഷദൈവമാർക്കും ;
അമ്മതൻവാക്കു താനാമ്നായസർവസ്വ-
മമ്മയിൽഭക്തിതാൻമുക്തിമാർഗ്ഗം. 108

ശ്രേണിയന്നീടിന വാണികൾക്കാകവേ
റാണിയായ് വാഴേണ്ട കൈരളീയ
വീണയും കൈയുമായ് വീണ്ടുമെഴുന്നേറ്റു,
ഗാനൈകതാനയായ്ക്കാണുവൂ നാം !. 112

കാഞ്ചീനിനാദവും കാൽച്ചിലമ്പൊച്ചയും
കാഞ്ചനകങ്കണനിക്വണവും
മഞ്ജീരശിഞ്ജയും വാഴ്കമിദ്ദേവിതൻ
മഞ്ജുളനർത്തനം വെൽവൂതാക !! 116

Digitized By Kerala Sahitya Akademi

# അന്നും ഇന്നും

ഭൂതകാലമഹാമേരു-
പുണ്യശൃംഗത്തിൽനിന്നു നാം
പതിച്ചുപോയ് വർത്തമാന-
പ്പാഴ്ക്കുണ്ടിൽ ഭാരതീയരേ ! 1

അശിക്ഷിതരനുദ്യോഗ-
രാധിവ്യാധിശതാകുലർ
അനേകമത്യവിധ്വസ്ത-
രസ്വതന്ത്രരകിഞ്ചനർ ; 2

അനാഥരസ്ഥിരപ്രജ്ഞ-
രസ്വർഗ്ഗ്യപഥചാരികൾ
അശേഷജനവിക്രുഷ്ട-
രസ്തദ്വ്യരധഃകൃതർ:— 3

ഇതെന്തു കഥ ? നിന്മക്കൾ—
ഇന്ത്യേ ! തനയവത്സലേ !—
ഇമ്മട്ടിലെത്രനാൾ പോക-
മിഹാമുത്രബഹിഷ്കൃതർ ? 4

അമ്മയ്ക്കു ഹാ ഹാ ! മിഴിയി-
ലശ്രുബിന്ദു നിറഞ്ഞുപോയ് !
അതാകട്ടെ കിടാങ്ങൾക്ക
ഹസ്താമലകമിട്ടിനം. 5

Digitized By Kerala Sahitya Akademi

തായേ ! സകലലോകൈക-
തത്വജ്ഞാനപ്രദീപികേ !
മറന്നുപോയ് മക്കളങ്ങേ-
മാഹാത്മ്യം മന്ദബുദ്ധികൾ ! 6

കലികാലമതപ്രഖ്യ
കൈവന്ന തവ മേനിയിൽ
മിന്നി പോലൊരുകാലത്തു
മൃതസഞ്ജീവനൌഷധി. 7

സച്ചിദാനന്ദസാമ്രാജ്യ-
ചക്രവർത്തികൾ താപസർ
അന്നനുഷ്ഠിച്ചു വാണോർ പോ-
ലഖിലാനുഗ്രഹവ്രതം. 8

സാമഗാനങ്ങളെക്കേട്ടും
ഹോമധൂമത്തെ നോക്കിയും
ആടിയന്നേകിപോൽ പ്രീതി-
യന്യോന്യമഹികേകികൾ. 9

അരയ്ക്കാൽക്കാശിനിന്നെല്ലാ-
രാത്മവിക്രയലാലസർ ;
അന്നവർക്കെത്തിരുച്ചങ്ങ-
ളണിമാദ്യഷ്ടസിദ്ധികൾ. 10

കുടവസ്ഥിഗ്ഗർദ്ദഭങ്ങൾ
കുലാങ്ഗാരങ്ങൾ മാദൃശർ ;
അവാപ്തബ്രഹ്മസാമീപ്യ-
രവരോ ഹംസസത്തമർ. 11

Digitized By Kerala Sahitya Akademi

നാനൈകധർമ്മമീമൂർത്തി
ഞങ്ങൾക്കു പരദൈവതം ;
ജീവന്മുക്തരവർക്കോ ഹാ !
നിരയത്തീക്കു മേലരി— 12

സുവർണ്ണകാലമോക്ഷന്നേൻ
ത്വദീയം ദേവി ! ത്വാദൃശം:—
ക്ഷിതിപോയ് വിണ്ണിനെത്തൊട്ട
ദിക്ചക്രം ദർശനപ്രിയം. 13

ആയില്ലധികനാളെന്നു-
മസ്മൽപരമദേശികൻ
പാരിൽനിന്നു മറഞ്ഞിട്ടു
ഭഗവാൻ പാർത്ഥസാരഥി. 14

കാളിന്ദിയാററിൻ കരയിൽ
കണ്ണിന്നമൃതധാരയായ്
പരപ്പിലുണ്ടൊരാരോമൽ-
പ്പച്ചപ്പുൽത്തകടിപ്പുറം. 15

അനന്തമഹിമാവേന്തു-
മാവൃന്ദാവനഭൂമിയിൽ
മാടുമേച്ചുകളിച്ചാൻ പോൽ
മായാമാനുഷനെൻപുരാൻ. 16

/കോടക്കാർ കൊമ്പുകുത്തുന്ന
കോമളത്തിരുമേനിയിൽ
മഴമിന്നൽ തൊഴും മട്ടിൽ
മഞ്ഞപ്പട്ടാട ചാർത്തിയോൻ ; 17

Digitized By Kerala Sahitya Akademi

മനോജ്ഞമാം മയിൽപീലി
മകുടം വിട്ടു നീങ്ങവേ ;
മാൺപെഴും കവിളിൽത്തട്ടി
മണികുണ്ഡലമാടവേ ; 18

കുഞ്ഞിളങ്കാററിലങ്ങിങ്ങു
കുനുകുന്തൽ പറക്കവേ ;
ഗോപിക്കുറി വിയർപ്പുററ
കുളുർനെററിയിൽ മായവേ ; 19

കനിവാററിൻ തിരക്കോളിൽ
കടക്കൺകോൺ കളിക്കവേ ;
തൂവെൺചെറുചിരിപ്പൈമ്പാൽ
സുന്ദരാസ്യേന്ദു തൂകവേ ; 20

ഓടക്കുഴലണച്ചാൻ പോ–
ലോമൽത്തേൻചോരിവായ്ക്കുമേൽ ;
ഊതിനാൻപോ, ലാടിനാൻ പോ–
ലോങ്കാരപ്പൊരുളെൻപുരാൻ. 21

പാലാഴി വാഴ്വോനാവത്സൻ—
പാലും പ്രാണനുമൊത്തവൻ–
ഭാരതാംബ ! ഭവൽസ്തന്യ–
പാനത്താൽ തൃപ്തനായി പോൽ. 22

കൽത്തുറുങ്കിനകത്തമ്മ
കണി! കണ്ട ദിനംമുതൽ
കാട്ടാളനെയ്ത കണയാൽ
കാൽത്താർ വിണ്ട ദിനംവരെ 23

Digitized By Kerala Sahitya Akademi

കണ്ണൻ കപടഗോപാലൻ,
കൈവല്യാംബുജലാലനം,
ചെയ്ത കാര്യം സകലവും
ജഗന്മോഹനമോഹനം. 24

പാഞ്ചാലിക്കു ഞൊടിക്കുള്ളിൽ
പട്ടുചേലകൾ നെയ്തതും;
സുദാമാവിന്റെ പത്നിക്കു
തുംഗസൌധങ്ങൾ തീർത്തതും; 25

താനങ്ങു ചീരയിലയാൽ
ദാന്തന്നു തൃപ്തി ചേർത്തതും;
വിദുരന്റെ ഗൃഹത്തിങ്കൽ
വിരുന്നിന്നു ഗമിച്ചതും; 26

ആയുധം കൈയിലേന്താതെ-
യടർക്കളമണഞ്ഞതും;
ചമ്മട്ടിപൂണ്ടു തങ്കത്തേർ
ചങ്ങാതിക്കു തെളിച്ചതും; 27

അത്തേർത്തടത്തിൽനിന്നംഛകാ-
ണ്ടതിമഞ്ജുളരീതിയിൽ
അഖിലോപനിഷൽസാര-
മ"ന്നര"ന്നരുൾചെയ്തതും; — 28

ആരാരു? മാറിടത്തിങ്ക
ലലർമാതമരുന്നവൻ—
അങ്ങേക്കണ്ണേത്തിരുമേനവൈപ്പത-
ലാഴ്ച്ചാവത്ത്സ്വുന്ധരേ ! 29

Digitized By Kerala Sahitya Akademi

പരീക്ഷിത്തിന്റെ കാൎയ്യത്തിൽ
സ്പഷ്ടദൃഷ്ടപ്രഭാവമായ്
വിളങ്ങിപോലും മേന്മേലാ
വിശ്വസഞ്ജീവനൌഷധി. 30

അദ്വാപരയുഗത്തിന്റെ
യന്ത്യഘട്ടമനക്ഷണം
മൂവന്തിപോലെ വിലസീ!
മുററും ജനമനോഹരം. 31

തനിയേ ജന്മമാൎന്നീല
ധൎമ്മസംസ്ഥാപകൻ ഹരി ;
ഉഡുക്കളും ചൂഴും വാനിൽത്താ-
നുദിപ്പൂ കുളുർവെണ്മതി. 32

അനേകസൂതരക്കാല-
മങ്ങയെ ധന്യയാക്കി പോൽ ;
മാതാവേ ! കൃഷ്ണനാം മുത്തു-
മാലയ്ക്കു നടുനായകം. 33

ധർമ്മജൻ ധർമ്മമർമ്മങ്ങൾ
സാംഗോപാംഗം ധരിച്ചവൻ
ശ്വാവിനെത്തള്ളി നേടേണ്ടും
സ്വൎഗ്ഗത്തിൽ കൊതിയററവൻ ; 34

പാൎത്ഥൻ ? ദൈവത്തെ മുൻനിൎത്തി-
പ്പൌരുഷത്തിൽച്ചരിച്ചവൻ
മായാകിരാതനോടേററു
മഹാസ്ത്രത്തെ ലഭിച്ചവൻ ; 35

Digitized By Kerala Sahitya Akademi

പാഞ്ചാലി ഭഗവൽഭക്ത-
ഭർത്തൃസത്വപ്രദായിനി
അഴിച്ച കൈശികം കെട്ടാ-
നരാതിമൃതികാത്തവൾ ; 36

കുന്തി, ദുഃഖത്തിലുംതട്ടു
കലുങ്ങാത്ത മനസ്വിനി,
സുതരെത്തള്ളി വൻകാട്ടിൽ
സ്വയാതാവൊത്തുപോയവൾ ; 37

വിദുരൻ വൃത്തസമ്പന്നൻ
വിശ്വാനുഗ്രഹകൌതുകി
സന്മാർഗ്ഗദർശി സർവർക്കും
ജ്ഞാനവിജ്ഞാനദാനമാൻ ; 38

വ്യാസൻ വരിഷ്ഠബ്രഹ്മർഷി
വസുധാശ്രോത്രജാനുജൻ
മർത്ത്യപുണ്യപരീപാകം
മഹാഭാരതഗായകൻ ; 39

അക്കണ്ണനും—അതേ കണ്ണൻ,
അദ്വൈതം തന്റെ കുണ്ഡലം
അരുതത്ഥിക്കരുളിയോ-
രവനീഹരിചന്ദനം ; 40

അവക്കു നടുവിൽ തന്റെ-
യമ്മയെപ്പോലെ പാവനൻ
അശേഷലോകൈകാചാര്യ-
നസ്മദീയപിതാമഹൻ ; 41

Digitized By Kerala Sahitya Akademi

തൻപിതാവിൻ ഹിതത്തിന്നായ്
ത്യാഗിയാം വൎണ്ണിയേവനോ
വിളങ്ങി ധീതസാപത്ന്യ-
വീരശ്രീഗൃഹമേധിയായ് ;— 42

ശരീരസാദമോൎക്കാതെ
ശയ്യാശരണനേവനോ
യുധിഷ്ഠിരനൃപന്നൂട്ടീ
യോഗക്ഷേമസുധാരസം:— 43

പുമാൻ മഹാത്മാവബ്ഭീഷ്മർ
പൂരുവംശശിഖാമണി ;
ഭാരതീയാഭിമാനത്തിൻ
ഭാണ്ഡം, ഭാഗീരഥീസുതൻ ; — 44

അമ്മട്ടുള്ളോൎക്കിനിയുമെ-
ന്നമ്മയെന്നമ്മയാകുമോ
അവതീൎണ്ണത്വമന്നാള-
മവൎക്കിടയിലച്യുതൻ. 45

ഇതെന്തു നിദ്രാവൈഷമ്യ,-
മിതെന്താലസ്യവൈകൃതം,
ഇതെന്തുമോഹവൈവശ്യ,-
മിന്നമ്മൾക്കൃഷിപുത്രരേ ? 46

കണ്മിഴിക്കാ, മെഴുന്നേല്ക്കാം,
കതകിൻ സാക്ഷ നീക്കിടാം,
കടക്കാം തെല്ലു വെളിയിൽ,-
കാലമെന്തെന്നു നോക്കിടാം. 47

Digitized By Kerala Sahitya Akademi

അതീതപ്രായയായ് കാണ്മി-
നമാവാസ്യാനിശീഥിനി ;
നവീനോഷസ്സു നല്കാറായ്
നമ്മൾക്കു നയനോത്സവം. 48

പൂങ്കോഴികൾ നിരന്നെങ്ങും
പുലരിപ്പൂകൾ വാഴ്ത്തവേ
പഞ്ചാമൃതം ചെവിക്കുള്ളിൽ-
പച്ചക്കിളികൾ തൂകവേ ; 49

ചെന്താർമണം നീളെനീളെ-
ച്ചെറുതെന്നലുതിർക്കവേ ;
ഉദാത്തശംഖനാദത്താ-
ലൂഴി മാറ്റൊലി കൊള്ളവേ ; 50

പ്രാചീനത്തമംഗത്തിൽ
ഭാസ്വന്മുകുടതല്പജം
വെയ്ക്കുവാനെഴുന്നള്ളുന്നു
വീണ്ടും കല്യപുരോഹിതൻ. 51

കറവിട്ടു കരൾത്തട്ടിൽ
കണ്ണന്റെ കഴലൂന്നി നാം
കല്യാണമേകമീക്കാഴ്ച
കണ്ടാവൂ കൺകുളിർക്കവേ ! 52

ബാഹ്യാന്തശ്ശുദ്ധർ നാം നമ്മെ
പ്രയതം പൂണ്ടുവാഴുകിൽ
പണ്ടത്തെ സ്വർഗ്ഗമാം വീണ്ടും
ഭാരതം ഭാരതീയരേ ! 53

Digitized By Kerala Sahitya Akademi

# ദത്താപഹാരം

—

I

കേഴ്‌വിപെരുത്തീടുമാഗ്രാനഗരത്തിൽ
പ്പാഴ്മണൽക്കാടൊന്നു പണ്ടെക്കാലം
പെട്ടുപോം നന്മയെ മൂട്ടം കലിയുടെ
പട്ടടപോലെ കിടന്നിരുന്നു.

അന്നിലമാളുമറുകൊലയാളുടെ
പൊന്നൂഞ്ഞാലാട്ടത്താൽ പുണ്യമന്തി
നാരകത്തിൻ നൽജയസ്തംഭമങ്ങൊരു
ഘോരം ‘കഴു’ മരമുല്ലസിച്ചു.

വൈവസ്വതന്നിഷ്ടിയൂപമായ്, മാരണ-
ദേവതയ്ക്കുത്സവകേതുവായി,
കാർമത്തു വിധിയപ്പൂറിതൻതല-
യ്ക്കാണി തറച്ചു കണക്കിരുന്നു.

അധര ചാത്തിന വൈരപ്പതക്കങ്ങ-
ളസ്ഥിതൻ കൂടങ്ങളങ്ങുമിങ്ങും,
വെല്ലുവിളി പൂണ്ട ഹിംസാപിശാചിതൻ
പല്ലിളിപോലെ പരിസ്ഫുരിച്ചു.

തങ്ങളും കൂടിക്കഴുവേറിപ്പോകുവാൻ
സംഗതിവന്നേക്കുമെന്നുവെച്ചോ
പാദപവല്ലീതൃണങ്ങൾക്കുമങ്ങൊരു
പാദം കടത്തുവാൻ പേടി തോന്നി ?

Digitized By Kerala Sahitya Akademi

മേല്ക്കുമേലന്നിലമൊററയ്ക്കു പാലിക്കും
ത്തുക്ഷമരത്തിൻ ഗുണഗണങ്ങൾ
നന്ദി കലന്ന് പരുന്തും കഴുകനും
വന്ദിപടമാന്നു വാഴ്ത്തി വാണു. 24

ആകണ്ഠമെന്നമസൃക്പാനമാന്നാലും
ഹാ ! കണ്ണിൽ ചോര തരിമ്പുമെന്യേ
അമ്മട്ടാപ്പാപലതാപല്ലവച്ഛായയിൽ
വന്മരുരാക്ഷസിയാൾ പുലന്നു. 28

II

അക്കേൾപ്പതെന്തൊരമംഗലനിസ്വനം,
ഭിക്ഷുരരിതൻ രുദിതം പോലെ ?
സിംഹാരവവുമിടയ്ക്കിടക്കേൾക്കുന്നു
സംഹാരരുദ്രാട്ടഹാസംപോലെ. 32

അമ്മരുവാഹനവക്ത്രത്തിലേവനോ
തിന്മയിൽത്തീനിടാൻ ഭാവിക്കുന്നു ;
തന്നാൽപ്പുകഴ്ക്കഴവിന്നൊരു മർത്ത്യമെയ്-
പ്പൊന്നണിസ്തൂപിയണച്ചീടുന്നു. 36

അങ്ങോട്ടു നോക്കുവിൻ, ആരെങ്കിൽ അച്ചാല-
നങ്ങോപരയാജിതവല്യചിഹ്നൻ
ശൂലാഗ്രമേറുവാൻ നിർദ്ദിഷ്ടനായ്ക്കൊണ്ടു
സൂചീമുഖമൊരു സൂനംപോലെ. 40

രക്താംബരാങ്കിതമാകുമപ്പൈത്തലിൻ
മുഗ്ദ്ധാഭ കോലുന്ന മൂർത്തിവല്ലി
മുന്നിൽ തജ്ജീവിതസായംസന്ധ്യാവേള
സന്നിഹിതമെന്നുരയ്ക്കയല്ലീ ? 44

Digitized By Kerala Sahitya Akademi

മുററുമക്കുട്ടിതൻ കണ്ഠത്തിലുണ്ടൊരു
തെററിപ്പൂമാല തെളിഞ്ഞു കാണ്മൂ,
ചോരയിൽമുങ്ങിച്ചുമപ്പുനിറം പൂണ്ട
ഘോരമാമന്തകപാശംപോലെ. 48

വാളുലച്ചാപ്പിടും ദുഷ്ടരാം സൈനികർ
ചൂഴുമപ്പാലൻതൻ ചാരുവക്ത്രം
മിന്നലിടിയിവ പൂണ്ട മുകിൽനിര-
തൻനടുവിൽപ്പെട്ട തിങ്കൾതന്നെ. 52

ഘോരാപരാധമെന്തക്കിടാവാചരി-
ച്ചാ രാജ്യമാണ്ടീടും ചക്രവത്തി
വങ്കോപംപൂണ്ടു തൽകണ്ഠനിണത്താൽ തൻ
ചെങ്കോൽ ഹാ ! ചെങ്കോലായ് മാററിടുന്നു ? 56

"എങ്ങിക്കിടാവിന്നിളന്തളിർനേർമേനി ?
എങ്ങയ്യോ ഭീമനിശ്ശാതഖഡ്ഗം ?
ദണ്ഡമിവനിതു നല്കിന മന്നവൻ
ദണ്ഡധരൻതന്നെ"യെന്നു ചൊല്ലി, 60

തയ്യാം ശിശുമെയ്യും സ്തംഭത്തിൻ ശീർഷവും
പയ്യായരീതിയിൽ നോക്കി നോക്കി,
രാജാജ്ഞാദേവിക്കു സന്തപ്തബാഷ്പാംബു-
ലാജാച്ചനം ചെയ്താർ ലോകരെല്ലാം. 64

മുള്ളുതറപ്പാനവശ്യമെത്താത്തോ-
രുള്ളു കലരുമപ്പാലകനാ
പുഞ്ചിരിക്കോലും വദനസരോരുഹം
തഞ്ചി വിലകൊലംവു ധൈര്യശാലി, 68

Digitized By Kerala Sahitya Akademi

"തൂക്കിനും ചാക്കിനും പേടിയില്ലാത്തവ-
നീക്കിടാമെന്നു വരുന്നവല്ലോ !
എന്തത്ഭുതം, ഇവന്നങ്ങോട്ടു ചെല്ലുമ്പോ-
ളന്തകൻ മച്ചമ്പിയെന്നോ ഭാവം ?

തായതന്നങ്കമല്ലിക്കഴു, ചെക്ക ! നി-
ന്നായമാരാട്ടിടും തൊട്ടിലല്ല !
പാർത്താവൂ ഞങ്ങളിപ്പോഴ്ച്ചിരി നിൻചെറു-
മൂർദ്ധാ, വുടലുമായ് വേറിടുമ്പോഴും !

ഘാതകരേവമുരപ്പതു കേട്ടിട്ടും
ചേതസ്സിലേതും വികാരമെന്ന്യേ
പാരം ലഘീക്ഷമബ്ബാലകൻതൻ മന്ദ-
സ്മേരം ഹസിതമായ് മാത്രം മാറി.

III

എന്തു പിഴച്ചുതവനെന്നോ ? സാധുക്കൾ-
ക്കെന്തു പിഴ വേണം ദണ്ഡ്യരാവാൻ ?
നാണകോപജ്ഞമാം നന്മതത്തിൽപ്പെട്ടോ
നാണക്കുമാരൻ ; മഹമ്മദീയർ

അമ്മതം മാറണമെന്നു ശഠിക്കവേ
സമ്മതം മൂളായ്കകൊണ്ടുമാത്രം
പാദഷാവക്കിടാവിന്നൊരു പാപിയാ-
മാതതായിക്കുള്ള ശിക്ഷ നല്കി !

എങ്ങാ നബിതൻ വിശുദ്ധപ്രവചന-
മെങ്ങീ നൃപൻതൻ നികൃഷ്ടാചാരം !
അന്തഃപുരസ്ഥയാമീശപുചിന്തയെ
ഹന്ത ! പരൻ ബലാൽക്കാരം ചെയ്യാൻ,

Digitized By Kerala Sahitya Akademi

ഒരുമ്പോഴശ്ശുമൊതുങ്ങിക്കൊടുക്കവോൻ
പൂരുഷരത്നമോ പുല്ലുഴവോ ?
ലോകപിതാവിനെക്കാട്ടിത്തരും വഴി-
യേകമ,ല്ലെത്രയോ കോടിലക്ഷം !

"കേവലം താനൊരു മാൎഗ്ഗത്തിൽപ്പോകകൊ-
ണ്ടാവഴിക്കന്യരും പോയ്ക്കൊള്ളണം."
ഇമ്മട്ടിൽ ചിന്തിച്ചിതരപദവികൾ
കന്മതിൽകെട്ടിയടയ്ക്കുവോനെ—

അന്യായമായ്ത്തൻ മമതാഗ്നി സംതൃപ്തി-
ക്കന്യാഭിമാനാജ്യം ഹോമിപ്പോനെ—
സാഗരം കമ്പിളിൽക്കെട്ടിനിറുത്താനും,
ആകാശം പെട്ടിയിൽപ്പൂട്ടുവാനും,

സൂര്യാംശുയാത്ര നിയന്ത്രണം ചെയ്യാനും,
മേരുകൊണ്ടാഴി നികത്തുവാനും,
ഭാവിക്കും ഭ്രാന്തനെ—ലോകചരിത്രത്തിൽ
ഭാവിയും ഭർത്സിക്കും ഭൂതംപോലെ.

ഔരംഗസീബേ ! ഭവൽപ്രപിതാമഹൻ,
ഭാരതസാമ്രാജ്യസാർവ്വഭൗമൻ
പേരുറേറാരക്ബർതന്നാൎജ്ജിതസർവ്വസ്വം
ചേറിൽ സിതപോലെ ചിന്തിച്ചിന്തി,

ഇപ്പാപമൊന്നാൽ സ്വവംശത്തിന്നങ്ങന്നാ-
ദൽപാതഹേതുവായ്ത്തീൎന്നുവല്ലോ.
ഏകച്ഛത്രാധിപ,നന്ദീ ഭരതത്ത-
നേകൻ,വരാകൻ,പെരുംകിശോരൻ ;

Digitized By Kerala Sahitya Akademi

എന്നാലെന്തങ്ങയേ നാണിപ്പിക്കുന്നില്ലേ
സുന്ദരമാകും തന്മന്ദഹാസം?

ഭൌതികശക്തി തൊലിപ്പുറത്തേക്കുട്ടി ;
കാതലക്കപ്പുറമാത്മവീര്യം.
ഭൂകമ്പം കേട്ടാൽ കുലുങ്ങീടുമാറില്ല
നാകത്തെ നാല്ക്കൊമ്പനെന്നപോലെ, 122

കണ്ണുതുറിക്കട്ടെ ; കൈവാളലയ്ക്കട്ടെ ;
ദണ്ഡമററത്തരം ഗോഷ്ഠിയെല്ലാം
പോക്കററ കൊഞ്ഞനംകാട്ടലായോർപ്പു ന-
ല്ലുക്കുള്ളിലാന്നിടും ധർമ്മവീരൻ. 126

## IV

കാണായിതുക്കമരത്തിൻ ചുവട്ടിലൊ-
രേണാക്ഷിത്തയ്യലാൾ നില്പതപ്പോൾ.
വൈധവ്യദുഃഖമാമന്ധുവിൽ ദാമ്പത്യ-
സൌധത്തിൽ നിന്നുമധഃപതിച്ചോൾ ; 130

താരുണ്യത്തിൽതന്നേ വാർദ്ധക്യം കൈവന്നോൾ
വാരററ ചൈത്രത്തിൽ ഗ്രീഷ്മംപോലെ ;
പുത്തനാം സന്താപഘാതകനേവനോ
ചിത്രവധം ചെയ്യും ചേതസ്സോടെ, 134

പാരം മിഴിനീർ കൊലയലങ്കാരമാം
ഹാരമണിയിക്കും വക്ഷസ്സോടെ,
പാവമവളെ ഞാൻ കണ്ടതിരിക്കട്ടെ !
ദൈവമേ ! കാട്ടൊല്ലേ മറെറാരാൾക്കും !! 138

Digitized By Kerala Sahitya Akademi

ആരവളെന്നോ? ഹരദത്തശർമ്മാവിൻ
വീരമാതാവാം സുനീതിദേവി;
ആററുനോററമ്മട്ടൊരുണ്ണി പിറന്നവൾ;
പോററുവാൻ മററൊരു ഭ്രാതരററോൾ;— 142

പാങ്ങും പഴുതുമില്ലാത്ത തനിക്കൊരു
താങ്ങും തണലുമായ് മേലേക്കാലം
നില്ക്കേണ്ടോൻ, തന്മനോരാജ്യലോകങ്ങളെ-
യൊക്കെച്ചുമക്കേണ്ടൊരൊററക്കൂർമ്മം; 146

ഹാ! മൊട്ടിൽത്തന്നെ മഴവൻ വിരിവാന്നു
തൂമലരിൻ മണമേന്തിക്കൊൾവോൻ;—
കാലം!— അക്കണ്മണിതൻ കഴുത്തിങ്കലോ
കാലൻ കടന്നു കയറിടുന്നു? 150

എല്ലുകൾപോലുമിളപ്പാവുന്ന താമര-
യല്ലികൾപോലെ മൃദുക്കളല്ലേ?
ഇയ്യോമൽക്കുഞ്ഞിനോ ശുഷ്കാഗ്രാരോപണം?
അയ്യോ? ഭഗവാനേ! അബ്രഹ്മണ്യം— 154

അത്യാഹിതമിതിലപ്പുറമെന്തക്ക-
മദ്ധ്യാഹ്നകാലനിശീഥോദയം?
പാടില്ല, പാടില്ല, തെന്നോർത്തു പുത്രനെ-
ത്തേടിത്തടഞ്ഞുകൊണ്ടാ വധൂടി

നിൽക്കുന്നു പാതയി,ലാററിൻപ്രവാഹത്തെ-
ദ്ദുർഗ്ഗമമായൊരു സേതുപോലെ. 158

Digitized By Kerala Sahitya Akademi

## V

ഊർദ്ധ്വപക്ഷ്മണത്തിൽക്കണപ്പമായ്ത്തീരേണ്ടോ-
രാത്തൻപുകനെക്കണ്ടന്തികത്തിൽ-
ഓതിനാളാസ്സാധ്വു തൊണ്ടയിടച്ചിയിൽ-
പാതി തടഞ്ഞ വചസ്സീവണ്ണം :— 164

"അയ്യോ ! കുമാര ! ചതിക്കൊല്ലേ ! നീയെന്റെ
തയ്യോമൽക്കുഞ്ഞല്ലേ ? തങ്കമല്ലേ ?
ആഹന്ത ! വേർപെട്ടുപോകയോ ? നീയുമി-
സ്സാഹസത്തിന്നു മുതിരുകയോ ? 168

എന്തൊരസംബന്ധ, മെന്തൊരന്തർഭ്രമ,-
മെന്തൊരാത്മവല്ലതാപാരവശ്യം ?
അക്രമമല്ലാതെ മറ്റെന്തെന്നുണ്ണി നിൻ
ചക്രവർത്ത്യാജ്ഞാപ്രതീപാചാരം ? 172

ആക്കനിരക്ഷവാനമ്മയെത്തള്ളി നീ-
യീക്കഴവേററത്തിൽച്ചുകൊൾവൂ ?
അന്യായ,മസഹ്യ,മത്യന്തഗർഹിതം,
നിന്നാണേ ചെയ്യൊല്ലേ നീയിക്കാര്യം !" 176

എന്നോതും മാതാവിൻ ബാഷ്പാർദ്രമാം മുഖ-
മൊന്നോടിച്ചൊററ നിമിഷം നോക്കി
ധീരനവൻ ചൊന്നാൻ:—"അമ്മേ ! ഭവതിയെ-
യാരെന്നറിയുവോനല്ലല്ലോ ഞാൻ ! 180

അമ്മയെനിക്കുണ്ടപത്യൈകവാത്സല്യ-
മർമ്മമറിഞ്ഞ മനസ്വിനിയാൾ ;
കായാധവാദ്യരാം കർമ്മയോഗീന്ദ്രക്ക്
തായായ ധർമ്മസ്വരൂപിണിയാൾ ; 184

Digitized By Kerala Sahitya Akademi

തന്മക്കൾക്കക്ഷയ്യമാരോഗ്യം നല്കിടും
ബ്രഹ്മവിദ്യാസ്തന്യമൂട്ടിടുന്നോൾ ;
അഞ്ചു വയസ്സിൽ ധ്രുവന്നു ഭഗവാനെ-
പ്പിഞ്ചുകൈനെല്ലിക്കയാക്കിത്തീർത്തോൾ; 188

കാമം ജഗൽഗുരുഭൂതരെപ്പെറ്റ ത-
ദാമനസ്യാമലകാസാരത്താൽ
ചേതസ്സു തപ്പിടപ്പോൾ ; സംസാരകാന്താര-
പാഥേയദാനപരായണയാൾ ; 192

ഉത്തുംഗനീഹാരശൈലകിരീടവും
സ്വർദ്ധുനീമുക്താസരവും ചാർത്തി
മിന്നീടും നിശ്ശേഷനീവൃദധീശിത്രി !
മന്നിന്റെ കല്യാണകാമധേനു :— 196

അമ്മേ ! മറപ്പതെന്തമ്മ,യദ്ദേവിയെ—
യമ്മയ്ക്കുമമ്മയായുള്ളവളെ ?
ചാരുകാരത്തിലഭയമാം മുദ്രയ-
ബ്ഭാരതക്ഷോണീഭഗവതിയാൾ 200

പേറുന്നതെന്മിഴി കാണുന്നു; താങ്ങൊന്നു
വേറിട്ടെനിക്കെന്തു വേണമതിപ്പോൾ?
നാണകാഷായ്മൻ നടാടെ തെളിച്ചതാ
മാ നല്ല ഘണ്ടാപഥം കിടക്കേ — 204

എൻപിതൃഭൂതർ പുറകിൽ ഞാൻ പോരാതെ-
യൻപിലതിങ്കൽ തിരിഞ്ഞുനില്ല—
സ്വന്താകുലത്തിൻ മുഖത്തിൽ കരിതേച്ചു-
മന്തഃകരണത്തെ ധിക്കരിച്ചും, 208

Digitized By Kerala Sahitya Akademi

മറെറാരു മാർഗ്ഗം ഞാൻ കൈക്കൊൾകയോ ?
മുററുമെനിക്കതു മുക്തിദമോ ? [കൊണ്ടാൽ
ഒൻപതു ദിക്കിലുടഞ്ഞതാമിച്ചെറു-
മൺപിണ്ഡമാത്മൈകവിക്രയത്താൽ—

ആത്മൈകദ്രോഹത്താൽ—ആത്മൈകഘാതത്താൽ—
ജാല്മനെന്നാലും ഞാൻ വാങ്ങിപ്പീല !
പ്രാണനിലുന്നു ഞാനാവില്ല കാണ്മീല !
നീണാളതാരെന്തു സൂക്ഷിച്ചാലും,

കാലസ്വരൂപനഴിഞ്ഞിട്ടതല്ലയോ
കാലപാശോരഗപാരണയ്ക്കായ് ?
എന്നു പോയാലതെന്തങ്ങനെ പോയാലെ-
ന്തെന്നു മനസ്സിൽ വിവേകമാർന്നാൽ,

പേർത്തും നമുക്കു കൊച്ചമരം കൂടിയും
കീർത്തിധ്വജമായ്ച്ചമഞ്ഞുകൊള്ളും.
ഹാ ! നിർവ്വികാരമാം ധർമ്മജ്യോതിസ്സിനു
ഹാനി പിണയ്ക്കുവാനാർക്കു പാരം ?

ധ്വംസത്തിനോങ്ങുമരിക്കതു മാതാവേ !
കംസന്റെ കൈയിലെക്കാത്യായനി.
എന്തിച്ചപലാലോകതിരോധാരണികൊണ്ടെന്നെ-
പ്പിന്തിരിപ്പിക്കുവാനുദ്യമിപ്പൂ ?

ഹാ ! കാണ്ഡപൃഷ്ഠനായൂഴിയിൽ വാഴ്കയോ
ലോകാന്തരത്തിൽ സുഖിക്കയോ ഞാൻ—
ഏതാണു വേണ്ടതെന്നെന്നമ്മ ചൊന്നാലും ;
മാതാവിൻ കല്പന കേൾക്കും ദത്തൻ."

Digitized By Kerala Sahitya Akademi

## VI

ആ വചസ്സിന്നു മറുപടിയൊന്നുമ-
പ്പാവത്തിന്നോതുവാൻ തോന്നിയില്ല.
താരാമന്ദോദരീസോദരിയല്ലയോ
ഭാരതഭൂപുത്രിയാമസ്സാധ്വി ?
ഓരോ പുരാതനവീരമാതാക്കൾ ത-
ന്നാരോമൽചിത്രങ്ങളല്ലനേരം
ഹൃന്മുകുരത്തിൽ പ്രതിഫലിക്കുന്നതു
ചെമ്മെ നിരീക്ഷിച്ചു നിർവൃതയായ്
“എന്നുദരം നിനക്കർഹമല്ലെന്നുണ്ണി-”
യെന്നു പതുക്കെയൊന്നുച്ചരിപ്പാൻ
പോലുമശക്തയായ് നിന്നാളവൾ മൊഴി
താലുവിൽത്തട്ടിത്തടയുകയാൽ.
തന്നാത്മയാജിയാം പുത്രന്റെച്ചേതസ്സാൽ
നന്നായനുഗ്രഹിച്ചാമഹതി
ബാഷ്പപ്പനിനീർ തളിച്ചക്കതപ്പൂമാ-
മാപ്പാതയ്ക്കൻപിൽത്താനുപ്പു നല്കി.
തായതന്നാ നില കണ്ടു കൃതകൃത്യ-
നായ ഹരദത്തൻ ധർമ്മധീരൻ
നാകത്തേയ്ക്കുള്ളൊരു കോണിയിൽ പോലവേ
വേഗം കരേറിനാൻ ശൂലത്തിങ്കൽ.
‘മാപാപ’ മെന്നോതി മാറത്തു കൈവച്ചാ—
രാബാലവൃദ്ധമടുത്തുനിന്നോർ.
കെട്ടുതുടങ്ങീട്ടും മുൻചുളുങ്ങാരഗ്നിതൻ
മട്ടുല്ലസിച്ചാൻ കുമാരകനും.

Digitized By Kerala Sahitya Akademi

യന്ത്രം തിരിക്കയായ് ഘാതകരപ്പോഴെ-
ക്കെന്തപ്പുറം ! ഹരേ ! രാമ രാമ !
ശാശ്വതജ്യോതിസ്സുയരെപ്പറന്നുപോയ്,
നശ്വരഭാണ്ഡമധഃപതിച്ചു.

അസ്താദ്രി വിട്ടക്കനബ്ധിയിൽ വീഴവേ
ധ്വസ്തപ്രഭമായ്ച്ചമഞ്ഞു ലോകം.
അങ്ങതിശോച്യയായ് ഭാരതഭൂദേവി
മംഗല്യമററ ഗൃഹിണിപോലെ.

മുററുമാംബാലഗളകന്ദളത്തിൽനി-
ന്നിററിററു വീഴുമിളന്നീരുത്താൽ
ആ ലാക്കിൽ നെററിമേൽ സിന്ദൂരപ്പൊട്ടിട്ടും
കാലിലലക്തകച്ചാറണിഞ്ഞും,

തൻജയബീഭത്സനത്തനനൈപഥ്യ-
രഞ്ജനമാ മരുഭൂപിശാചി
ആരംഭിക്കുന്നു ; നമുക്കെൻ സഹജരേ !
ദൂരത്തൊഴിഞ്ഞുപോയ്ക്കണ്ണുപൊത്താം.

ദുഃസ്ഥാനസ്ഥന്മാരാം രാഹുകേതുക്കളെ
സൃഷ്ടിപ്പൂ മന്നനിബ്ബാലഘാതം.
ആ രാജാവിന്നൊരു കാലത്തും ലഭ്യമ-
ല്ലീരാഹുവക്ത്രഗ്രഹണമോക്ഷം.

ഇപ്പോഴ്നിണമഴ തദ്വിഷയത്തിന്നൊ-
രല്പാതവർഷമായ്ത്തീർന്നുപോയി.
അയ്യൊസ്ത്വിന്നീ നിണം ദൈവത്തിൻ ദൃഷ്ടിയിൽ
ചെഞ്ചായം തേച്ചല്ലോ താഴെ വീഴ്വൂ.

Digitized By Kerala Sahitya Akademi

അഞ്ജസാ ചെന്നിതു ചേരും പ്രകൃതിതൻ
കൺചോരത്തുള്ളികളോടുകൂടി.
തൽപ്രവാഹത്തിൽ സമൂലമടിപെട്ടി-
ദ്ദുഷ്ടദേവാംശം തുലഞ്ഞുപോകും.

അങ്ങഖിലമതസ്വാതന്ത്ര്യദേവതാ-
മംഗലാരാത്രികവാരിയായി
തങ്കമീ രക്തമൊട്ടുവിൽ ധരണിതൻ
പങ്കപ്രക്ഷാളനമാചരിക്കും.

നിശ്ചയമേതു ധർമ്മാധ്വാവിൽ കൂടിയും
വിശ്വേശസന്നിധിയിങ്കലെത്താം;
ചേലുറെറാരദ്ദിവ്യക്ഷേത്രകവാടങ്ങൾ
നാലുവഴിക്കും തുറന്നതല്ലോ!

ഹിന്ദുവും ക്രിസ്ത്യനുമിസ്ലാമും ബൌദ്ധനു-
മൊന്നു; പൃഥക്കല്ലൊരുത്തൻപോലും;
ധർമ്മാഹങ്കാരവിയുക്തരായേവരും
ബ്രഹ്മാനന്ദാമൃതമാസ്വദിപ്പിൻ!

Digitized By Kerala Sahitya Akademi

# തുമ്പപ്പൂവ്

---

സന്ധ്യയ്ക്കു മാനത്തു മലന്ന താര-
ത്താരത്രയം കണ്ടു ചൊടിച്ച കണ്ണി-
കുനിഞ്ഞിടാമൊന്നിനി; നിന്റെ നോട്ടം
കുപ്പക്കുഴികളുള്ളിലുമെത്തിടട്ടെ. 1

പറമ്പിലങ്ങിങ്ങു പകച്ചൊതുങ്ങി-
പ്പാവങ്ങളാം തുമ്പകളൊട്ടനേകം
ഭൂലോമവററിൻ പുകളിന്നു വിത്താം
തൂവെൺമലർത്തെല്ലുമണിഞ്ഞുനില്പൂ. 2

ജാതിച്ചുവട്ടിൽജ്ജലസേകമേകം
ജനങ്ങളിപ്പൂച്ചെടി കൈയനക്കി
വളത്തിടുന്നില്ലതുപോട്ടെ; ദൂരെ
വലിച്ചുമാററുന്നതുമുണ്ടു ! കഷ്ടം ! ! 3

ഉയർത്തി വെള്ളക്കൊടി കാട്ടുവോനെ-
യുന്മൂലനം ചെയ്യുമുഗ്രപാണി
പരാക്രമം വായ്ക്കുമരിക്കൊതുങ്ങി-
പ്പാവങ്ങളെത്തച്ചു തരിപ്പതീർപ്പൂ! 4

ജപാദിപുഷ്പങ്ങളിരുന്നു ചൂടി
ഞെളിഞ്ഞിരിക്കും വരവർണ്ണിനിക്കും
വേണിക്കരിങ്കാറിനിതിൻ നറുമ്പൂ-
വെള്ളിൽക്കിടാവിന്റെ വിഭൂഷയില്ല. 5

Digitized By Kerala Sahitya Akademi

മെയ്‌മേൽ മണം പൂശിന വേശനാരീ-
ഹീരത്തിനാൽ മോഹിതരാം ജനങ്ങൾ
ശാലീനതാലംകൃതി പൂണ്ടു മിന്നും
സാക്ഷാൽ സതീമുത്തിനെയോക്കയുണ്ടോ ? 6

ഘ്രാണേന്ദ്രിയാരാമർ മനുഷ്യർ നിന്റെ
സൽഗന്ധസമ്പത്തറിയാതെ പൂവേ !
ഹാ നീ വെറും പ്രാകൃതഭൂമിയാകും ത-
ന്നപത്യമെന്നോർത്തധരീകരിപ്പൂ. 7

ഉണ്ടോ ഗുണം ? കൊൾവിനതൊന്നുമാത്രം,-
ഉൽപത്തിയും വംശവുമാരു കണ്ടു ?
ആഢ്യൻ മുതല്ക്കന്ത്യജനാളമാകും
പെറ്റമ്മ ഭൂദേവി ; പിതാവു ദൈവം. 8

ചേറിൽക്കുരുക്കുന്ന സിതാംബുജങ്ങൾ ;
കാറിൽപ്പിറക്കുന്ന പയഃകണങ്ങൾ ;
മങ്ങിക്കിടക്കുന്നൊരു പൃഷ്ഠഭൂമി
മഹാർഘചിത്രം വരവാൻ മനോജ്ഞം. 9

വിത്തത്തെ വൃത്തത്തിനു മീതെയുള്ളോ
വിജ്ഞന്റെ നേത്രം വിലവച്ചിടുന്നു ?
പൂജ്യത്വ നാം കണ്ടുവിളക്കതന്നോ
കൊളുത്തണം ; വൈദ്യുതദീപമല്ല. 10

താൻ തീർത്ത പാഴ്പ്പുൽക്കൊടി പോം വഴിക്കു
ധാതാവിനും പോകണമൊട്ടുനാളിൽ ;
നാകത്തിനും നാകവിഭവം ശരിക്കു
നല്കുന്നതുണ്ടോപ്പുനരപ്പുകാലം. 11

Digitized By Kerala Sahitya Akademi

ആരുച്ചർ ? ആർ നീചർ ? അനാര്യമാമീ-
യസ്മൽഗൃഹച്ഛിദ്രമദൃഷ്ടപൂർവം
അശേഷലോകത്തിനുമാനനത്തെ-
യപത്രപാനമ്രിതമാക്കിടുന്നു. 12

ഹാ ! തത്ത്വമസ്യാദിമവാക്യരത്ന-
മഹാഖനേ ! മാമകമാതൃഭൂവേ !
നിനക്കു പണ്ടേ പരദൈവമല്ലീ
ഗിരീശനെപ്പോലെ പയോധിശായി ? 13

കുന്നേതു നിന്നിൽ ? കുഴിയേതു ? പാർത്താൽ
സർവം പരബ്രഹ്മമയം സവിത്രി !
അന്നിൻമുലപ്പാൽ നുകരുന്ന ഞങ്ങ-
ളന്യോന്യഹത്യാരതരസ്ഥിതാന്ധർ ! ! 14

അത്യുച്ചനാകും ഹിമവാൻ കുഴിഞ്ഞോ-
രാഴിക്കുമേൽ ഗംഗയൊഴുക്കിടുന്നു ;
അവന്റെ പുത്രന്നതുകൊണ്ടു പോരാ-
ഞ്ഞതിന്നകം പാർപ്പതിലാശതോന്നി. 15

അതാണു തായേ ! ഭവതിക്കു പണ്ടു-
ള്ളാദശ്, മച്ഛന്നു. മകൻ മഹീയാൻ ;
താതൻ മറന്നാൽ തനയൻ തുടർന്നു
തദ്വൃത്തഖണ്ഡം പരിപൂർണ്ണമാക്കും. 16

ശിശുക്കൾതൻ പുഞ്ചിരിപോലെനിക്കു
ചിത്തം കുളുർപ്പിപ്പൊരു കൊച്ചുപൂവേ !
വെൺതിങ്കൾ രാകും പൊടികൊണ്ടു തീർത്തു
വേധസ്സു നിന്മെയ്യതിനില്ലവാദം. 17

Digitized By Kerala Sahitya Akademi

തൈ നട്ടു, മൻപോടു തടംപിടിച്ചും,
തണ്ണീർതളിച്ചും, തലവെട്ടിവിട്ടും
ആരും പുലർത്താതൊരു നിൻചെടിക്കെ-
ന്താപ,ത്തനാഥാശ്രയമാണു ദൈവം ! 18

പ്രഭാതജാഗ്രൽപവമാനപോത-
പര്യങ്കികാന്ദോളനഭാഗധേയം
തെളിഞ്ഞുനില്ക്കും പനിനീർമലർക്കും
നിനക്കുമൊപ്പം വിധിനൽകിടുന്നു. 19

അതിന്റെ നേത്രത്തിലഹർമ്മുഖത്തി-
ലതൃപ്തിദുഃഖാശ്രു നിറഞ്ഞിരിക്കാം ;
ആഡംബരം വിട്ടൊരു നിന്റെ ദൃക്കി-
ലാനന്ദബാഷ്പാംബുവുമങ്കുരിക്കാം. 20

പ്രസന്നവൃത്താൻ പറമ്പിലെത്തും
ഭാസ്വൽകരോരാംശു ഭയപ്പെടാതെ
വാതാക്കരറത്തൊട്ടൊടു നില്പൂ ഹാ ! നിൻ-
വരിഷ്ഠമല്ലും വൾവത്തിജന്മം. 21

പയോജവും കൈരവവും കണക്കേ
പക്ഷംപിടിച്ചില്ലൊരു ഭാവഭേദം ;
ആത്മോദ്ധൃതിക്കാത്മശരണ്യനാകു-
മങ്ങേയ്ക്കു രാവും പകലും സമാനം. 22

താർതിങ്ങിടും നിൻചെടിയാമുദാര-
ഗാരുത്മതയ്ക്കുമ്പവിളക്കു ദൈവം
ലോകോത്സവത്തിന്നു കൊളുത്തിടുന്നു ;
താഴത്തു തള്ളുന്നു മനുഷ്യരെന്തി, 23

Digitized By Kerala Sahitya Akademi

പതിക്കയോ നിന്നുടെ പട്ടുമെയ്യിൽ-
പ്പാപിഷ്ഠർതൻ പാംസുലമായ പാദം ?
തപിച്ചതാമിക്കലിയിങ്കലാരും
ശൌചത്തിനായ് പ്രോക്ഷണിയോ വരിപ്പൂ ? 24

എന്തോതി ഞാൻ ? മാനുഷരെൻസഗർഭ്യ-
രെല്ലാരുമമ്മട്ടിൽ മദാന്ധരല്ല ;
കനിഞ്ഞു നിന്നെക്കരുകത്തൊടേന്തി-
ക്രീഡയ്ക്കു കത്താക്കിട്ടുവോരുമുണ്ടാം. 25

ദർപ്പം വെടിഞ്ഞും, ദമശീലമാർന്നും,
ധാവള്യവും മാർദ്ദവവും തികഞ്ഞും,
ലസിച്ചിടും നിൻതനു ലബ്ധവർണ്ണ-
നേത്രാമൃതസ്ഫാടികനാളി പൂവേ ! 26

സർവജ്ഞനല്ലേ സനകാദിസേവ്യൻ
സദാശിവൻ സാധുജനാനുകമ്പി ?
വരാകനാം നിന്നെയവൻ നിതാന്തം
മാർക്കണ്ഡനെപ്പോലെയനുഗ്രഹിപ്പൂ. 27

വാസത്തിനാർക്കോ കലധൌതശൈലം ;
ലേപത്തിനാർക്കോ സിതഭസ്മധൂളി ;
വാഹത്തിനാർക്കോ ധവളോക്ഷരാജൻ ;
ആദ്ദൈവതം വെണ്മയെയാദരിപ്പൂ. 28

ജാഡ്യംപെറും ഗംഗയെയും, വപുസ്സിൽ
വക്രത്വമാളും ശിശുചന്ദ്രനേയും,
ക്ഷുദ്രാംഗനാം നിന്നെയുമൊന്നുപോലെ
മാനിച്ചു ശീർഷത്തിലവൻ വഹിപ്പൂ. 29

Digitized By Kerala Sahitya Akademi

വൎണ്ണപ്രകൎഷത്തിൽ മദിച്ചു പോലും
വ്യാദജാകതീ ചൊല്ലീടിന കേതകത്തെ
വേണ്ടെന്നു തള്ളും വിഭുവാണു നിൻെറ
വേഴ്ചയ്ക്കു കൂടുന്നതു ! പുണ്യവാൻ നീ ! ! 30

വധൂടിമാർതൻ വളർകൈശികത്തിൽ
വാസത്തിനന്തിക്കുഴറുന്നതില്ല ;
കാന്തന്മാരശേഷം ക്ഷണിക്കുമാറു
കാമൻ തൊടുക്കും കണയാവതില്ല ; 31

കനിഞ്ഞെടുക്കാനൊരു ഭൃത്യരെന്യേ
കുപ്പയ്ക്കു മേലൊന്നുകിൽ വീണു പാകം ;
അല്ലെങ്കിലൊററക്കുതികൊണ്ടുയൎന്നു
ഹരോത്തമാങ്ഗത്തെയലങ്കരിക്കും ; 32

ഇതല്ലയോ ശൈലി നിനക്കു ? നിന്നെ-
യീശൻ തുണയ്ക്കുന്നതിലെന്തു ചിത്രം ?
കുലത്തിനെക്കാൾ ഗുണമെണ്ണുവോർതൻ
കണ്ണിന്നു നീയേ ഫലസാരഖണ്ഡം. 33

അല്ലേ ! മദക്ഷീബദ്വിജരേ ! ഭവാന്മാ-
ക്കാകണ്ഠമൂണിന്നരി സജ്ജമാക്കി
ചുമന്നുനില്ക്കും ശുഭരൂപമാമി-
ത്തുമ്പച്ചെടിക്കെത്ര തൊഴേണ്ട നിങ്ങൾ ! 34

Digitized By Kerala Sahitya Akademi

# ഒരു പുണ്യപുരുഷൻ

മോഹമാം തമിസ്രത്തിൻ മൂലച്ഛേദലീലയ്ക്കായ്
ദേഹബന്ധം കൈക്കൊണ്ട ദിവ്യജ്യോതിസ്സൊന്നിനാൽ
"ശ്രീമഹാംബാപുരം" പൂതമെന്നതാം വാർത്താലാഭ-
മാഹാഭാഗ്യമേശാത്ത മർത്ത്യകർണ്ണമെങ്ങുള്ളൂ !

ആ "പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ"വെ-
ന്നോതപ്പെട്ടതാകും ദ്വാദശാക്ഷരം മഹാമന്ത്രം
ഏതു ജിഹ്വാഗ്രത്താൽത്താൻ ജപ്യമായിടുന്നതി ;-
ല്ലേതുഹൃൽകോശത്തെത്താൻ വ്യാകോചമാക്കുന്നീല !

പ്രേഷ്ഠഭാരതാദർശപൂരുഷാഗ്രേസരൻ ;
നൈഷ്ഠികബ്രഹ്മചാരി ; നാനാശാസ്ത്രമർമ്മജ്ഞൻ ;—
വാക്കാലും വരിഷ്ഠമാം കർമ്മവൃത്തത്താലുമി-
ന്നാഗ്ഗാംഗേയനോടൊക്കുമാര്യ്യനാമീയാചാര്യ്യൻ.

ഏതനാളിയാം ത്രയീദേവിയാൾക്കണിപ്പൊൻപ-
ട്ടേതു വാല്മീകിവ്യാസപ്പൂങ്കുയിൽത്തേന്മാമരം ;
ആ മഹാ"ദേവവാണി"— അമ്മേ ! ഭാരതോർവ്വി ! നീ-
ന്നോമനക്കീർത്തിക്കതിർക്കററയ്ക്കൊരൊററത്തിങ്കൾ-

മൃത്യുപാശത്തിങ്കൽ നിന്നാമ്നകണ്ഠപത്ര്യത്തെ-
ക്കാത്തതീ നീലകണ്ഠൻ, ശ്രുതിഭൂഷൻ, സർവജ്ഞൻ.
പേർത്തും തദ്യശോഹർമ്മ്യസ്തൂപിയായ് ശോഭിപ്പീലേ
പ്രത്യഗ്രനാമധേയയാം പട്ടാമ്പിവിദ്യാലയം ?

Digitized By Kerala Sahitya Akademi

ആപൂർണ്ണ്യവാഗ്ദേവതാക്ഷേത്രനൈവേദ്യാമൃത-
മാബ്രഹ്മമാപഞ്ചമമാസ്വാദ്യമഖിലക്കും!
നൂനമിക്കർമ്മയോഗിയങ്ങിരുന്നനുഷ്ഠിക്കും
ജ്ഞാനവിശ്വജിദ്യാഗം നാവ്ക്കുമഭീഷ്ടദം !
ചിത്സാരൂപ്യമാർന്നോരെത്തീണ്ടുമോ ഭേദധ്വാന്തം ?
ഇസ്സാന്ദീപനിക്കൊപ്പം കൃഷ്ണനും കുചേലനും !
എപ്പൊളോരേത്തുമട്ടിലെന്തു താൻപൃച്ഛിക്കിലു-
മിപ്പിപ്പലാദോത്തരം സർവ്വസംശയച്ഛേദി.
ശങ്കരാചാര്യസ്വാമിക്കിപ്പുറം ഛാത്രസ്വത്തിൽ
വൻകുബേരത്വം വാച്ച കേരളീയനാരന്യൻ?
അമ്പിളിയാട്ടിശ്ശേഷൻ തൻ പ്രസംഗമാകുന്ന
വിൺപുഴത്തൂവെൺതിരത്തല്ലലിൽക്കളിക്കാഞ്ഞാൽ
ധൂർത്തല്ല സോദര്യരേ ! നിങ്ങൾക്കു ദൈവം നല്കും
ശ്രോത്രശഷ്കുലീവഞ്ചി ശുദ്ധമേശ്ശൂന്യാൽ ശൂന്യം !
ആബ്ദസ്മൃതിപുണ്ഡ്രാങ്കമാർന്നതാം നെററിത്തട,—
മാപ്രത്യഗാത്മധ്യാനസ്മേരമാം വക്ത്രാംബുജം;
ആരുദ്രാക്ഷകണ്ഠിയാൽ ശോഭിക്കും ഗളാന്തര—
മാത്തം കൈയെടുത്തുപോമാര്യമാമാവിഗ്രഹം ;
ഓരോന്നുമോർക്കുന്നു ഞാനോർക്കവേ മാഞ്ഞീടുന്നു
വേരോടെൻമനംവിട്ടു പങ്കവും ചാഞ്ചല്യവും.
വെന്നാലും സുകർമ്മാവേ ! നീലകണ്ഠശർമ്മാവേ !
വെന്നാലും ദേവഭാഷാസൌധവിശ്വകർമ്മാവേ !
വെന്നാലും ചിന്താമണിപുണ്യജന്മദാതാവേ !
വെന്നാലും സനാതനധർമ്മൈകസന്ത്രാതാവേ !

Digitized By Kerala Sahitya Akademi

# എന്റെ മതം

വിശ്വങ്ങളം രക്ഷിച്ചു കാത്തഴിച്ചീടുന്ന
സച്ചിദാനന്ദാഭിധാനമൂർത്തേ !
അങ്ങേശ്ശിരസ്സും പദവും വിബുധേന്ദ്രർ
തിങ്ങളിൽത്തിങ്ങളിൽത്തേടിടുന്നു.

എങ്ങും നിറയുവോനെങ്കിലുമിപ്പൊഴ-
മങ്ങയെയുണ്ടെന്നുമില്ലയെന്നും
പ്രത്യക്ഷമാത്രപ്രമാണനായ് ഗർജ്ജിക്കും
മർത്ത്യൻ നിനയ്ക്കുന്നു മാറിമാറി.

കാലദേശോപാധി കൈവിട്ടു ദൂരത്തു
മൂലപ്രകൃതിക്കുമപ്പുറമായ്
ചെമ്മേ വിളങ്ങിടുമെൻ പിതാവ,ങ്ങെങ്ങി-
ച്ചർമ്മദൃങ്മാത്രസഹായനാം ഞാൻ ?

'നേതി നേതി'യെന്നുപനിഷദംബയു-
മോതിയകലത്തൊതുങ്ങിനില്ലേ
ഏതൊരു ദൃഷ്ടികൊണ്ടങ്ങയെക്കാണ്മൂ ഞാ-
നീദൃക്തയാലുമിയത്തയാലും ?

അത്യുച്ചമായുള്ളോരാകാശശീർഷത്തിൽ
മെത്തും ഭവൽക്ഷേത്രസന്നിധിയിൽ
എത്തുവഴിക്കിഴഞ്ഞെത്താവൂ മാദൃശർ-
പാതാളക്കുണ്ടിലെപ്പുഴക്കൃമികൾ ?

Digitized By Kerala Sahitya Akademi

കൈക്കെത്തിടാത്തതാണപ്പദമെന്നോർത്തു
ദുഃഖിപ്പതെന്തിനെൻമാനസമേ !
കണ്ടാലും മുന്നിൽ നീ വാഴ്ത്തു മുന്നോമൽ-
ഘണ്ടാപഥങ്ങൾ സനാതനങ്ങൾ !

ഏതുവഴിക്കു തിരിക്കിലുമീശൻതൻ
പാദമൂലത്തിങ്കൽ ചെന്നുപററാം,
ചാലവേ തദ്ദിവ്യപീഠത്തെത്താങ്ങീടും
കാലിതിലോരോന്നും തർക്കമില്ല.

II

കർമ്മമതിലൊന്നു കല്യാണപ്രാപ്തിക്കായ്
ചെമ്മേ വിവേകം തെളിച്ചമാർഗ്ഗം—
തിന്മയാംക്രൂരിരുൾ നീക്കിയജ്ജഗത്തിതിൽ
വെണ്മതി മേല്ക്കുമേൽ മിന്നും മാർഗ്ഗം.

ആകവേ തന്മൂലം ലോകമരാജക-
മാകുവാനാശിക്കും തസ്കരനും
തൻകോശം കാക്കുവാൻ രാജാവൊരാളുടെ
ചെങ്കോൽത്തണലിനെത്തേടിച്ചെൽവൂ.

ആരുടെ പത്നിയും തൻമെത്തമേയറുവാൻ
പാരം കൊതിച്ചീടും പാതകിയും
തന്നോമൽകാന്തയാൾ സാവിത്രിയായ്ത്തന്നെ—
യെന്നെന്നും ജീവിപ്പാനിച്ഛകൊൾവൂ.

ജീവജാലങ്ങൾ മുഴുവനൊരുമട്ടിൽ
മേവണം തന്റെഗുണക്കെന്നു വന്നാൽ
സാമ്പ്രതം മറെറാരു മട്ടിലവയുമായ്-
ത്താൻ പെരുമാറുക സാദ്ധ്യമാമോ?

Digitized By Kerala Sahitya Akademi

ഏകമവതേ,തത്ര നേടാം തിരി ; ച്ഛാരും
പാകിയ വിത്തെന്ന്യേ കൊയ്ക്കയുണ്ടോ ?
ഇപ്പാരാം ചന്തയിൽ രണ്ടു താപ്പാവാമോ
വില്പാനും വാങ്ങാനും വേറേ വേറേ ?

അന്യരിൽനിന്നു താനാശിപ്പതോരോന്നു-
മന്യർക്കും തന്നിൽനിന്നാശിക്കാതെ
പോംവഴിയില്ലാത്ത മട്ടല്ലോ ലോകത്തിൻ
സാംസിദ്ധികമായ സംവിധാനം.

എന്നാളിത്തത്വം ധരിക്കുന്നു മാനുഷ-
നന്നാരം മുതല്ക്കവൻ, സ്വാർത്ഥഹീനൻ,
കർമ്മമാർഗ്ഗത്തിൽ ചരിക്കുന്നു ദൈവത്തെ-
ധർമ്മമുകുരത്തിൽ നോക്കിനോക്കി.

ഭൂവിതശേഷമവന്നു തറവാടാം ;
ജീവികളെല്ലാമുടപ്പിറപ്പാം ;
ഏകമാം ഭിന്നിച്ച ജാതിമതാദികൾ ;
ലോകോപകാരമാം നിത്യകർമ്മം.

ദുഷ്കൃത്യം ചെയ്യോനും തന്നുടെ നാവിനാൽ
സൽകൃത്യം നല്ലതെന്നോതുന്നീലേ ?
കൃത്യവും വാക്കും പിഴപ്പോനും തന്നുള്ളം
കർത്തവ്യമെന്തെന്നു കാട്ടുന്നീലേ ?

അന്തഃകരണത്തിൻ സന്നിധിയിൽ ഖലൻ
തൻതല നാണത്താൽ താഴ്ത്തിത്താഴ്ത്തി
ഘോരാനുതാപത്തുഷാഗ്നിയിലേകനായ്
നീറി നീറം കെട്ടു നില്ക്കുന്നീലേ ?

Digitized By Kerala Sahitya Akademi

പാഥസ്സും പാലും തിരിച്ചറിഞ്ഞീടുവാ-
നേതൊരു മാനസഹംസത്തിന്നും
പാടവം നല്കിക്കൊണ്ടെൻ മുന്നിൽ മിന്നുന്നു
കോടിസൂര്യ്യാഭന,ങ്ങെൻ പിതാവേ !

സത്യസ്വരൂപനായ് ധർമ്മാത്മാവായ് സാക്ഷാൽ
കൃത്യാകൃത്യോപദേശാചാര്യനായ്
നിർമ്മായമങ്ങയെക്കണ്ടു ജയിച്ചാവൂ
ജന്മാന്തരാർജ്ജിതമെൻ സുകൃതം !!

III

സന്മാർഗ്ഗമാമതിൻ ചാരത്തായ് ജ്ഞാനമാം
ചിന്മാർഗ്ഗംമറെറാന്നു കണ്ടിടുന്നു.
പ്രത്യഗ്വീഥിയിലൂടെ ഗമിപ്പതു മുൻചൊന്ന-
തബ്ധിയിൽക്കൂടിച്ചരിപ്പതന്യം.

മേളിക്കുന്നുണ്ടൊന്നു ദൂരത്തിലങ്ങേതോ
കാലിക്കുളമ്പിൻെറ പാട്ടുപോലെ-
മണ്ടുന്ന വേഗത്തിൽ മുന്നോട്ടു ലോകമ-
ക്കണ്ടകളത്തിൽ കൃഷിയിറക്കാൻ !

സാമീപ്യമാളുമ്പോൾ മാറാൻ തുടങ്ങുന്നു
വാമനൻ പോലും ത്രിവിക്രമനായ് ;
ഉദ്യോഗികളാം വിബുധർ പോലുമാ
വിദ്യാപയോധിയദൃശ്യമല്ലോ !

ആയതവിസ്തൃതഗംഭീരാകാരമാ-
മായലയാഴിതൻ തീരത്തിങ്കൽ
അങ്ങിങ്ങു ധീവരരാന്തരസ്പൃക്കർ
മുങ്ങിയെടുക്കുന്നു മൌക്തികങ്ങൾ.

Digitized By Kerala Sahitya Akademi

വാനോട്ടരുമ്മും തിരയ്ക്കുമേലേറുമ്പോൾ
ഞാനോ ഞാനല്ലയോ ! എന്നമട്ടിൽ-
മീശപിരിച്ചു മിടുക്കനായ്മപ്പടി-
ച്ചീശനെ വെല്ലുവിളിച്ചിടുന്നോൻ, 96

അപ്പുറമോരോരോ കാഴ്ചകൾ പുത്തനാ-
യത്ഭുതമത്ഭുതം കാൺകെക്കാൺകെ
സമ്പ്രതി ചോട്ടിലേ ച്ചാലിൽപ്പതിക്കുന്നു
തൻപ്രജ്ഞാപോതവും താനുമായി. 100

ദൂരത്തു വീക്ഷിക്കിൽക്കോടിക്കണക്കിനു
സൌരയൂഥത്തിന്മേൽ സൌരയൂഥം !
ചാരത്തു സൂക്ഷിക്കിലോരോരണുവിലും
ഭൂരിപരമാണു മേല്ക്കുമേലേ ! ! 104

അത്ഭുതമോരോന്നുമൈശപരജ്യോതിസ്സിൻ
വിഷ്ഫുലിങ്ഗംപോലെ വിദ്യോതിച്ചു.
പാക്കുന്നു രണ്ടിനും സോദരസംബന്ധം
പാഴ്ക്കരി വൈരമായ്ക്കണ്ടു ശാസ്ത്രം. 108

പെട്ടെന്നു കൈതെററിത്താഴത്തുവീഴുന്നു
പൊട്ടററലസ്കോപ്പും മൈക്രോസ്കോപ്പും
അസ്മിതാബാധയകന്നടിക്രൂപ്പുന്നു
വിസ്മയസ്തബ്ധമാം വിജ്ഞാനീയം. 112

കേളിയൽ പ്രാകൃതശാസ്ത്രപയോധി സർ
ഓളിവർ ലോഡ്ജു കടന്നുചെല്കേ
ഓതുവാൻ സ്വാഗതമക്കരെ നില്ക്കുന്നു
പ്രേതലോകസ്ഥനാമാത്മപുത്രൻ ! 116

Digitized By Kerala Sahitya Akademi

എത്തിപ്പോയെത്തിപ്പോയ് കൈയിലെന്നായ് നര-
ബുദ്ധിദമയന്തിയൊക്കും മട്ടിൽ
മുന്നോട്ടു മുന്നോട്ടമ്മുഗ്ദ്ധയെ ലീലയിൽ
മന്ദം നയിക്കുന്ന ജ്ഞാനഹംസം.

നേടിയ വിജ്ഞാനകോടികൾ ഭാവിയിൽ
നേടാൻ കിടക്കുന്നവയുമായി
താരതമ്യം പാർത്താൽ രത്നാകരത്തിന്റെ
തീരത്തടിഞ്ഞ മണൽത്തരികൾ.

കണ്ണിനാൽ കാണ്മതൊരല്പം ; കരളിനാ-
ലെണ്ണിടാവുന്നതതിലുമേറ്റം ;
കണ്ണും കരളും കടക്കാതെ വാഴ്വൂ
മണ്ണിലും വിണ്ണിലുമേറ്റമേറ്റം !

തത്തദ്വിജയമധുപാനമത്തയാം
വിദ്യാധിരാജ്ഞിതൻ മോഹനാംഗം
മെച്ചമായ്ക്കാണാം പ്രകൃത്യംബതന്മുന്നിൽ
ലജ്ജാവനമ്രയായ് നില്ക്കുന്നേരം.

പേർത്തും മറയിൽ മറഞ്ഞുവിളങ്ങുമി-
സ്സാധ്വിക്ക ഞാൻ സദാ കൈക്കൂപ്പാവൂ !
വ്യങ്ഗ്യപ്രധാനമായുള്ളോരിക്കാവ്യത്തിൻ
ഭങ്ഗികൾ മേന്മേൽ പഠിച്ചിടാവൂ ! !

IV

പിന്നത്തേതാനന്ദമാർഗ്ഗ് ; മതുതന്നെ-
യുന്നതമായുള്ള ഭക്തിമാർഗ്ഗം.
ആകാശത്തൂടെ ചരിപ്പിപ്പൂ നമ്മെയീ-
ലോകാഭിരാമമാം മൂന്നാം മാർഗ്ഗം.

Digitized By Kerala Sahitya Akademi

സന്മാർഗ്ഗം ധർമ്മവും ചിന്മാർഗ്ഗമർത്ഥവു-
മിമ്മാർഗ്ഗം കാമവും വേണ്ടമട്ടിൽ
സാധിപ്പാൻ മർത്ത്യനെശ്ശക്തനായ് തീർക്കുന്നു-
സാധുസംസേവ്യങ്ങളൊപ്പമെല്ലാം.

പേർത്തും മഹർഷിമാരൊന്നിലും, മറെറാന്നിൽ
ശാസ്ത്രജ്ഞവര്യരു,മെന്നപോലെ
മൂന്നാം പദവിയിൽ പോകുന്ന ലോകത്തി-
ന്നൂന്നായ് വിളങ്ങും കവീശ്വരന്മാർ.

അൻപിൽ പ്രകൃതിതൻ സർവ്വാംഗസൌന്ദര്യ-
സമ്പൽസമുന്നതി കാൺകെക്കാൺകെ
പ്രേമപാശാകൃഷ്ടരായിവർ മിന്നുന്ന
കോൾമയിർക്കൊണ്ടീടും മേനിയോടും.

ലോകൈകശില്പിതൻ കൌശലപാരമ്യ-
മേകൈകമാകും തൽസൃഷ്ടിയിലും
പ്രത്യഹം സൽക്കവി കൺകുളിരുംപടി
പുത്തനായ് പുത്തനായ് കണ്ടിടുന്നു.

അധന്യൻ തന്മിഴിക്കാദിത്യബിംബവും
ചിത്രശലഭവും ഭേദമില്ല ;
ഇമ്പം ഗിരീശനു തിങ്കൾക്കലയിലും
തുമ്പമലരിലുമൊപ്പമല്ലോ !

വൃതാചീയവന്നു സമഗ്രമായ് മുററത്തെ-
മുത്തങ്ങപ്പുല്ലിൽ പ്രതിഫലിപ്പൂ ;
ശാരീരഭാഷ്യത്തിൻ തത്വം ഗ്രഹിപ്പിപ്പൂ
ശാരികപ്പൈതലിൻ ചാരുഗീതം.

Digitized By Kerala Sahitya Akademi

ഉല്ലാസപൂർവ്വമാമാർഗ്ഗത്തിൽ പ്രേമത്തിൻ
ചൊല്ലാളും മാഹാത്മ്യം പാടിപ്പാടി ;
ബിംബപ്രതിബിംബഭാവത്തിലന്യോന്യം
സ്തംബബ്രഹ്മാക്കളെയോതിയോതി ;

ചൈതന്യം സർവജനങ്ങൾക്കും. വാച്ചിക്കും
സ്വാതന്ത്ര്യകാഹളമൂതിയൂതി ;
ഉല്ലേഖചിഞ്ഞരികകൊണ്ടോരോ പുത്തനാം
സ്വർല്ലോകമന്ദിരം കെട്ടിക്കെട്ടി ;

പശ്ചവേ പാരിതിൻ പിന്നിലായ് ദൈവത്തിൻ
കൈയും കടക്കണ്ണും കാട്ടിക്കാട്ടി ;
ഹൃദ്യകലകൾക്കധിഷ്ഠാത്രിയാം ദേവി
നൃത്തം തകർക്കുന്നു നീളെ നീളെ !

എന്നെന്നുമീവഴി സഞ്ചരിച്ചാവൂ ഞാ-
നെന്നെയും കൂടി മറന്നവനായ് !
വിശ്വമാം തൽസ്നേഹപാത്രത്തിനുള്ളിലെ-
ന്നുള്ളനെക്കണ്ടാവൂ ! വന്ദിച്ചാവൂ ! !

V

ഇങ്ങനെ കൈകോർത്തും തമ്മിലുരുമ്മിയു-
മങ്ങിങ്ങു ചുററിപ്പിണഞ്ഞും മേന്മേൽ
ഇപ്പാത മൂന്നും ചെററപ്പുറത്തൊന്നിച്ചു
മുപ്പിരിപ്പട്ടുചരടുപോലെ.

മെല്ലെയിതിന്മേൽ പിടിച്ചു കയറി നാം
ചെല്ലുക ചെല്ലേണ്ട ദിക്കിൽ വേഗം.
ലേപം തമസ്സിൽനിന്നേശാതെ നമ്മെയീ-
ദ്ദീപത്രയം സദാ കാത്തുകൊള്ളും.

Digitized By Kerala Sahitya Akademi

ത്രിസ്രോതസ്സാകമിദ്ദേവിയെസ്നാനത്താൽ
ദുസ്സാധമല്ലാർക്കുമാരാധിപ്പാൻ ;
മൃഗ്യങ്ങളല്ലല്ലൊ ചെപ്പോന്ന വേദങ്ങൾ,
ഋഗ്യജുസ്സാമങ്ങൾ, ദേവരെയെങ്ങും. 192

ലോകത്തിലുള്ള മതങ്ങളിപ്പാതയ്ക്കു
കൈകാട്ടിത്തൂണുകൾ കാണ്മതെല്ലാം.
ഓരോരോ ദേശത്തിലോരോരോ ഭാഷയി-
ലോരോരോ മട്ടിലെഴുത്തുകൊത്തി, 196

ഓരോരോരാരുവാൽ തീർത്തോരീസ്തംഭങ്ങ-
ളോരോന്നും കാട്ടുന്നതൊററമാർഗ്ഗം.
ആ ലിപി വായിപ്പാനാവാതെ താന്നിരു-
കാലികൾ തമ്മിൽ കലഹിക്കുന്നു. 200

രാമനും രാഹിമും കൃഷ്ണനും ക്രിസ്തുവും
നാമധേയത്തിനാലീഷൽഭിന്നർ
സച്ചിദാനന്ദമഹസ്സിൻ പ്രതീകങ്ങൾ-
നിശ്ചയമമ്മഹസ്സേകമേകം ! 204

ഊഴിയിലീമതത്തേന്മാവിലൊക്കെയും
പാഴിത്തിൾക്കണ്ണി പടൎന്നുപോയി ;
ഈ മരക്കൊമ്പിലിരുന്നു കരയുന്നു
ക്രമനും കാകനും മാറിമാറി. 208

മററും മതാലയമൊക്കെയുമാചാര-
പ്പൂററിൽ മുടിവരെ മൂടിപ്പോയി ;
മേദിനി കീഴ്മേലായ് ; ശോകോപദംശത്തി-
ന്നോദനസ്ഥാനമമന്ദ്രപായി ! 212

Digitized By Kerala Sahitya Akademi

‘ഫോയി’യെന്നാട്ടുവോരൊട്ടുപേർ ! ഒട്ടുപേർ
‘വാ’യെന്നു വാൾത്തലയാൽ വലിപ്പോർ:-
ഈ രണ്ടു കൂട്ടർക്കും പോർക്കളമോ ഹന്ത
ഭാരതമാതാവിൻ പാവനാങ്കം ! !

തമ്മിലിടഞ്ഞു തല പൊളിഞ്ഞീടാതെ
കൺമിഴി തെല്ലു തുറക്കാമെങ്കിൽ
ദിവ്യരാം മൂവരെക്കാണാം നമുക്കവർ
നവ്യമതാചാര്യനായകന്മാർ !

ഗാന്ധി,ബോസ്, ടാഗോർ—ഈ മൂർത്തിത്രയത്തെ
സ്വാന്തത്തിൽ ധ്യാനിച്ചു മോക്ഷം നേടാം. (നാം
സിദ്ധനതിലൊരാൾ, വിജ്ഞൻ പര, നന്യ-
നുത്തമനായുള്ള കാവ്യകാരൻ ;

കർമ്മവും ജ്ഞാനവും ഭക്തിയും ലോകത്തി-
നിമ്മഹാത്മാക്കളുപദേശിച്ചു.
നന്നായ് ഗ്രഹിപ്പിച്ചു സാക്ഷാൽ “ശിവം സത്യം
സുന്ദരം” എന്നീപ്പദങ്ങൾക്കർത്ഥം.

അദ്വൈതദ്വൈതവിശിഷ്ടാദ്വൈതങ്ങൾതൻ
തത്വം ധരിക്കാഞ്ഞാൽ സാരമില്ല !
എപ്പോഴുമെൻപിതൃദർശനത്തിന്നെന്നി-
ക്കിപ്രസ്ഥാനത്രയം മാത്രം പോരും !

Digitized By Kerala Sahitya Akademi

# ഗ്രന്ഥോപഹാരം

മാതാവേ! ബെസന്റമ്മേ! മർത്ത്യാവതാരം പൂണ്ട
ഗീതാവാക്യാധിഷ്ഠാനദേവതേ! നമസ്കാരം!
ലോകമോഹാന്ധകാരച്ഛേത്രിയാമുഷസ്സന്ധ്യേ!
ദേഹദേഹ്യംബുക്ഷീരഭേദവിജ്ഞയാം ഹംസി! 4

ജംഗമബ്രഹ്മവിദ്യേ! രത്നഗർഭാലങ്കാര-
മംഗലപ്രദീപികേ! മാഹാത്മ്യസ്വരൂപിണി!
ആക്കിതാനങ്ങേയ്ക്കുള്ളോരത്ഭുതാപദാനങ്ങൾ
വാക്കിനാൽ വാഴ്ത്തീടാവൂ? വാഴ്ത്തിയാലൊടുക്കാവൂ? 8

ത്വജ്ജന്മോദ്ദേശം സാക്ഷാൽ ധർമ്മത്തിൻ സംസ്ഥാപനം
സ്വച്ഛന്ദയോഗക്ഷേമേ! സിന്ധുമേഖലാസുതേ!
ദൂരസ്ഥകാന്താരമേ നേദിഷ്ഠപ്രതോളിയായ്,
ഘോരകാരാഗാരമേ കേളിപ്രസാദമായ്, 12

സ്വാനുഭൂത്യഗ്നിജ്വാലാശുദ്ധയാമങ്ങല്ലാതെ
മാനുഷർക്കാരുണ്ടമ്മേ! മാർഗ്ഗോപദേശം ചെയ്യാൻ?
മന്നിൽനിന്നാഴിക്കുള്ളിൽ മഗ്നമാം മഹാമ്നായം
ത്വന്നേത്രമീനോദ്ധൃതം വീണ്ടുമിന്നുദ്ഭാസിപ്പൂ. 16

പ്രത്യക്ഷവാഗ്ദേവതേ! ഭവൽകസദ്വ്യാപാരം
പ്രത്യഹം ജയിക്കുന്നു ത്വദ്രഹസ്യാദ്ധ്യാപനം.
ഭാരതക്ഷ്മാദേവിയെപ്പണ്ടത്തെച്ചൈത്രം നീക്കി-
റേഫലാനന്ദന്തികഗ്രിഷ്ഠനപ്പൂവായ് ദൈവംകാൺകേ 20

Digitized By Kerala Sahitya Akademi

ഐശ്വര്യവർഷാഗമം ശംസിപ്പാൻ നിയോഗിച്ചാൻ
പശ്ചിമാകാശത്തിൽനിന്നങ്ങയാം വലാകയെ.
പണ്ടുതൊട്ടോരോമട്ടിൽ പാശ്ചാത്യർകെട്ടിക്കേറി-
ക്കൊണ്ടുപോകുവോരസ്മദ്വിത്തത്തിന്നശേഷവും 24

പാല്യരങ്ങയാലെന്നു വന്നപ്പോഴുംതന്നേ ദനടീ
മൂല്യവും വർദ്ധുഷ്യവും ചക്രവൃദ്ധിയും ഞങ്ങൾ.
പാതാളത്തോളമന്യപാദാഘാതത്താൽ താണ
മാതാവേ! മനംനൊന്തു മാഴ്കിടും മനസ്വിനി! 28

ഭാരതക്ഷ്മേ! ഭവൽപ്രേഷ്യപുത്രിയാലങ്ങു
പാരതന്ത്ര്യാന്ധ്യവിട്ടു പാതിയും കേറിപ്പോയി.
തൽകരാവലംബത്താലങ്ങേയ്ക്കു നേടാം വീണ്ടു-
മഗ്ര്യമാം പൂർവസ്ഥാനമപ്പുറത്തേക്കും ചെല്ലാം! 32

ഈഹിപ്പതേതും തപശ്ശക്തിയാൽ ലഭിച്ചീടു-
മീഹിമധരാത്മജയ്ക്കീശ്വരൻ നിത്യാധീനൻ.
സൂര്യനും സൂര്യനാവോൻ രാപ്പകൽപ്രകാശിക്കു-
മാര്യമാമാധ്യാത്മികസാമ്രാജ്യം പാലിപ്പോളേ! 36

സാധുസംരക്ഷചെയ്യും തൻതൂവൽച്ചെങ്കോൽകൊണ്ടു
ഭൂതലം പുതുസ്വർഗ്ഗമാക്കീടും പുണ്യാത്മികേ!
ഇന്നത്തെ വിക്ടോറിയാദേവിയാം ബെസന്റമ്മേ!
എന്നെന്നുമങ്ങേയ്ക്കു കമീശ്വരൻ സന്മംഗലം. 40

ശാരദാരൂപേ! മഹാതാപസി! ജഗദേക-
ശാരദപൌർണ്ണമാസീചന്ദ്രികേ! ജയിച്ചാലും. 42

---

ഈ കവിതയെഴുതിയ കൊല്ലം 1925 ആനിബെസന്റമ്മയുടെ ജന്മദിവസം ശാരദപൌർണ്ണമാസീദിനത്തിലാണെന്നുള്ളതു ഇവിടെ ധ്വനിക്കുന്നു.

Digitized By Kerala Sahitya Akademi

# ബാലാംകുരം

ചെമ്മേ മുളച്ചീരിലയിട്ടൊരോമൽ-
ത്തേന്മാവിളന്തയ്യിവിടത്തിൽ നില്പൂ ;
തെളിഞ്ഞിതേൽപ്പൂ ജഗദംബതന്റെ
തെന്നൽക്കരത്തിൻ ചെറുതൊട്ടിലാട്ടം. 1

തൻകൈകളാലിത്തളിരോമനത്തൈ
തടത്തറയ്ക്കുള്ള തണുത്ത മെയ്യിൽ
ചെങ്കുങ്കുമച്ചാറു തളിച്ചിടുന്നു ;
ചുമപ്പുകല്ലോപ്പണിയിച്ചിടുന്നു. 2

തടത്തിലിത്തങ്കമരക്കുരുന്നു
തൻതാതനീശന്റെ നിദേശമേന്തി
പൊങ്ങിത്തുടങ്ങീ ഭുവനാർത്തിപോക്കാൻ
പൂർവ്വാചലത്തിൽപ്പുലർഞായർപോലെ. 3

വരാം സഖാവേ ! ഭവദാഗമത്തെ
വാനം ഭൂവും പാരമുദീക്ഷചെയ്‌വൂ ;
ഭവാദൃശന്മാരുടെ ജീവിതങ്ങൾ
പരോപകാരൈകപരങ്ങളല്ലി ? 4

സുപ്രാതമങ്ങേയ്ക്കുരചെയ്തുകൊൾവൂ
തോട്ടം സ്വകീയദ്രുമമർമ്മരത്താൽ ;
പ്രാർത്ഥിച്ചുനിൽപ്പൂ ഭവികം പ്രഭൂതം
പച്ചക്കിളിപ്പഞ്ചമകൂജനത്താൽ. 5

Digitized By Kerala Sahitya Akademi

ജന്മാതിയത്തിൽ ജഡമാത്രമായി-
പ്പതിച്ചതാം പക്വരസാഢ്യബീജം
തന്മാറിടത്തിന്നണിയായ് ധരിച്ചാൾ
സർവ്വംസഹാദേവി ഭവൽസവിത്രി. 6

ഭൂദേവിതൻ കൈ പുതുമട്ടിൽ നെയ്ത
പൂഴിപ്പുതപ്പാലുടലാകെ മൂടി
സംവേശമൊട്ടാത്തരുബീജമാർന്നു
സമാധികൊള്ളുന്ന തപസ്വിപോലെ. 7

അപ്പൂഴിയോരോന്നുമഹോ! ജഗത്തി-
ന്നന്യോപകാരവ്രതചര്യമൂലം
ധന്യത്വമേകിജ്ജനനാന്തമാന്ന
സത്തുക്കൾതൻ മെയ്ത്തരിയായിരിക്കാം. 8

കല്യാണിയാം കാശ്യപിതൻ വയററിൽ
കായാധവന്നൊത്ത ഭവാൻ ശയിക്കെ
അറിഞ്ഞിരിക്കാമവയിങ്കൽ നിന്നു-
മാത്മോദ്ധൃതിക്കുള്ളൊരവിഘ്നമാർഗ്ഗം. 9

വിശ്രുലമായുള്ളൊരു വേള വന്നു;
ബീജം പ്രരോഹാഭരണം ധരിച്ചു;
തങ്കപ്രകൃത്യുത്സവകേതനത്തിൽ-
ത്തളിർക്കൊടിക്കൂറകൾ പാറുമാറായ്. 10

മഹീമഹേളയ്ക്കിത്തു മാറിൽ മിന്നും
മഹാർഹമാണിക്യമണീമതല്ലീ;
ചാരുത്വമിത്രയ്ക്കു വരാനിതേതു-
ചാണയ്ക്കു തേച്ചോ ചതുരാന്യശില്പി? 11

Digitized By Kerala Sahitya Akademi

മർത്ത്യർക്ക് സമ്മാനമിവണ്ണമെത്ര-
മാതർമ്മഹീദേവി! മഹാനുഭാവേ!
പ്രസൂതിദുഃഖം പ്രതിമാത്രമെല്ലാം
ഭവൽകഥിവ്യാഖ്യാനമേകിടുന്നു ! 12

പോകുംവഴിക്കമ്മ വിരിക്കുമോമൽ-
പൂമ്പട്ടുപാവാട തെരുത്തുതള്ളി
കല്ലിൽ ചവിട്ടിക്കഴൽ നൊന്തുനൊന്തു
കാലം തുലയ്ക്കുന്ന കിടാങ്ങളാം ഞങ്ങൾ! 13

നമോസ്തുതേ നന്ദനകാമധേനോ!
വസുന്ധരേ! വത്സലസത്സവിത്രി!
നൽപ്പതോരോന്നിനുമമ്മയല്ലീ
വാഴ്ത്തിപ്പു നിൻവ്യാകൃതി ചാരിതാർത്ഥ്യം ! 14

പരേതമാകും പ്രതനാംശുകത്തിൻ
പാഴ്മെയ്യുടക്കപ്പെടുകണ്ടിലെങ്ങും
നാൾതോറുമേതേതു നവീനമായ
നന്മക്കരുന്നമ്മ നടുന്നതില്ല! 15

കൈപ്പും ചവർപ്പും കലരും കടുത്വം
കാലക്രമത്തിൽക്കുറ തീരെ മാററി
ഭക്ത്യർഹമാക്കുന്നതു ഭൂതധാത്രി!
ഭൂയിഷ്ഠമാം നിൻപുടപാകശില്പം. 16

ഉലയ്ക്കകം ചേർത്തുരുക്കിയൂതി-
യോരോ ചരസ്ഥാവരവസ്തുവിന്നും
നിറത്തിലും മാററിലുമെത്ര മേന്മ
നീ നല്കിനില്ലീല ജനസ്സുതോരും! 17

Digitized By Kerala Sahitya Akademi

പാതാളഗർത്തത്തിലവാക്ശിരസ്സായ്-
പ്പതിക്കുമോരോ വിഷജന്തുവിന്നും
പ്രത്യഗ്രനക്ഷത്രപദാർപ്പണംതാൻ
ദേവൽകൃപാണിഭേദയപാരിപാട്യം. 18

മൺകട്ട നീ മാററി വെളിക്കു കാട്ടീ
മഹീരുഹത്തിൻ മഹിതപ്രരോഹം ;
പരുത്ത പാറപ്പലകയ്ക്കു നല്കീ
പരാർദ്ധ്യദേവപ്രതിമാനരൂപം. 19

തരത്തിലോരോ തളിർ വീശി വീശി-
ദ്ദൈനംദിനം തൻനില മെച്ചമാക്കി
താരാപഥത്തേക്കുയരുന്നതാമി-
ത്തൈമാമരം സർവ്വമനോഭിരാമം. 20

മാമൂൽ വിലങ്ങിട്ടു കുടുക്കിടുന്ന
മഹീതലജ്ജലിലടിഞ്ഞിടാതെ
തഴച്ചു പൊങ്ങുന്നു ഭവാൻ സഖാവേ !
ദൈവം തുറന്നിട്ട നഭസ്ഥലത്തിൽ. 21

അനന്തവിസ്താരമനോരമങ്ങ-
ളപാരതന്ത്ര്യാഗമഘോഷകങ്ങൾ
ളാകാശദേശങ്ങൾ വഹിപ്പതില്ല
ഹാ ! മർത്ത്യമാത്സര്യവിഷാണുലേശം. 22

കാലൂന്നിനില്ക്കുന്നു പിറന്നനാളിൽ-
ക്കൈവന്നതാം കാശ്യപിതൻ തടത്തിൽ ;
കേറുന്നു താനും ക്രമവൃദ്ധിയാന്റെ
ഗീർവ്വാണഘണ്ടാപഥമാം നഭസ്സിൽ ; 23

Digitized By Kerala Sahitya Akademi

മളയ്ക്കുവേ മൂട മറപ്പതില്ല ;
മൂടിക്കിടപ്പീല മുടിഞ്ഞ മുക്കിൽ ;
ഭവാൻ സ്ഥിതിസ്ഥാപകരിൽ പ്രമാണി ;
ഭവ്യോൽപതിഷ്ണുക്കളിലഗ്രഗണ്യൻ. • (യുഗ്മകം) 24

വേഗത്തിൽ വായ്ക്കട്ടെ സഖേ ! ഭവാനു
വിശ്വപ്രപഞ്ചോത്സവമായ കാലം.
പരാർത്ഥമായുള്ളൊരു ജീവിതത്താൽ
പാരിച്ച പുണ്യം പുലരേണ്ട കാലം. 25

ശാഖോപശാഖാഞ്ചിതമായ കായം
താപിഞ്ഛപത്രക്കുടയാൽ മറച്ചും ;
മനോജ്ഞമഞ്ജിങ്ങതിൽ നൽപ്രവാള-
മാണിക്യരത്നാഭരണം ധരിച്ചും ; 26

പുഷ്പർത്തുവപ്പിച്ചൊരു പുത്തനായ
പൂങ്കൊത്തു പൊൻചെണ്ടുകൾ പൂണ്ടുകൊണ്ടും ;
ശലാടുസന്താനനിരയ്ക്കു വായ്ക്കും
തൈത്തെന്നലൂഞ്ഞാൽക്കളി കണ്ടുകൊണ്ടും ; 27

ചരാചരങ്ങൾക്കൊരുപോലെ മേന്മേൽ
സർവോത്തരം സാധനപാഠമായി
നിവർന്നുയർന്നൂഴിയിലെൻ വയസ്യ !
നീ നില്ക്കുമന്നാൾ നിബരീസപുണ്യൻ. 28
(വിശേഷകം)

വളച്ചുവച്ചോരു കരിമ്പുവില്ലിൽ
ബാണം തൊടുക്കട്ടെ മനോജദേവൻ ;
ഖാദിച്ചിടട്ടേ മൃദുഖണ്ഡഖാദ്യം
ഗാനോൽകമാകും കളകണ്ഠകണ്ഠം ; 29

Digitized By Kerala Sahitya Akademi

ഞങ്ങളു ചാഞ്ചാടി വലഞ്ഞു കേഴ-
മിന്ദിന്ദിരത്തിൻ തൃഷ തീൎന്നിടട്ടേ ;
ചിരോപവാസവ്രതപാരണാൎത്ഥം
ശീഘ്രം പതംഗങ്ങൾ മുതിൎന്നിടട്ടേ ; 30

ഛായാസമാലംബനമാൎന്നിടട്ടേ
ചണ്ഡാംശുതാപാൎദ്ദിതരദ്ധ്വനീനർ ;
മൂലം തപസ്യാസ്പദമാക്കിടട്ടേ
മോക്ഷം കൊതിക്കുന്ന മുനിപ്രവേകർ ; 31

നീഡങ്ങൾ തീൎക്കട്ടെ ഗൃഹസ്ഥരായ
കീരങ്ങൾ, ഹൎമ്മ്യങ്ങൾ ധനാഢ്യർപോലെ ;
പാടട്ടെ നിത്യം പ്രകൃതിപ്രഭാവം,
പ്രപഞ്ചതത്വജ്ഞർ കവീന്ദ്രർപോലെ ; 32

പരാഗസമ്മൎജ്ജനമാൎന്നിടട്ടെ
സഹ്യാദ്രിമന്ദാനിലഗന്ധഹസ്തി ;
അപ്പൂമ്പൊടിത്തങ്കമഷിക്കുറിപ്പാൽ
ദിഗ്ഭിത്തിവാഴ്ത്തട്ടെ ഭവൽപ്രശസ്തി. 33

(കുളകം)

വാവിട്ടു കാറെറാട്ടു വരാനിരന്നും,
മന്ത്രംജപിച്ചും, മണൽ നുള്ളിയിട്ടും,
വീഴും പഴം മുന്നിൽ നിറച്ചുവച്ചും ;
വിത്തും വിയത്തും വെറുതേ തകൎത്തും ; 34

പൊക്കിപ്പിടിച്ചോരു കഴുത്തു ; തീരെ-
ത്താഴത്തു നില്ക്കാത്ത കഴൽപ്പടങ്ങൾ ;
വാക്കേററമോതാനുഴറുന്ന നാക്കു ;
മാനത്തു ചിമ്മാതെ നിലച്ച ദൃഷ്ടി ; 35

Digitized By Kerala Sahitya Akademi

ഈറമട്ടിലുവീന്നയനോത്സവങ്ങ-
ളീശന്റെ വാത്സല്യമണിക്കുടങ്ങൾ,
കൂടട്ടെ പൊന്നുണ്ണികൾ നിൻചുവട്ടിൽ
ഗോവിന്ദപാദത്തിൽ മുനീന്ദ്രർപോലെ. 36

(വിശേഷകം)

ആരാമലക്ഷ്മിക്കണികേശപട്ട-
മാകാശതാരാവലിയാലണച്ചും ;
വെൺതിങ്കളെക്കൊണ്ടു മുകൾപ്പരപ്പിൽ
മിന്നാമിനുങ്ങിൻകളി കാട്ടിവിട്ടും ; 37

തൈത്തെന്നൽ തട്ടിപ്പുടകങ്ങൾ മൂളും
താരാട്ടുപാട്ടാം കളിർതാരിളന്തേൻ
കൂടേറിവാഴും കിളികൾക്കുറങ്ങാൻ
കോരിച്ചെവിക്കുമ്പുകളിൽത്തളിച്ചും ; 38

തളർന്നു കൈകാലുകൾ നീട്ടിയുള്ള
ചരാചരസ്വാപദശാന്തരത്തിൽ
നിഷ്പന്ദനേത്രം നിഖിലേശിതാവിൽ
നിത്യം നിദിധ്യാസനശീലമാർന്നും ; 39

സന്താപമേകാൻ വരുമക്കരശ്മി
ശൈത്യാർദ്രമാക്കും പകൽമാത്രമല്ല,
മഹീമുഖത്തിൽക്കരിതേപ്പിനെത്തും
രാവിങ്കലും നീ രമണീയചര്യൻ. 40

(കലാപകം)

തപ്താംശുബാണങ്ങൾ തറച്ചിടട്ടേ
സാധോ! ഭവന്മൂർദ്ധ്നി സഹസ്രപാദൻ,
മേഘങ്ങളെക്കൊണ്ടിടവിട്ടിടാത്ത
പേമാരി തൂകട്ടെ സഹസ്രനേത്രൻ, 41

Digitized By Kerala Sahitya Akademi

തീച്ചുട്ടിവച്ചീടുകിൽ വച്ചിടട്ടെ ;
തണ്ണീർ തലയ്ക്കാട്ടുകിലാടിടട്ടെ ;
കാലാത്മകൻതൻ കളികാണ്മോരങ്ങു
നിർദ്വന്ദ്വനായ് നിന്നനിലയ്ക്കു നില്ക്കും. 42

(യുഗ്മകം)

ആമൂലശാഖാഗ്രമമർന്നിടുന്നോ-
രശേഷഭൂതങ്ങളെയപ്പൊളപ്പോൾ
ചൂടോ തണുപ്പോ പിണയാതെ പോററും
ഗോവർദ്ധനാതീതഗുണോൽക്കരൻ നീ. 43

ഛായാസഹായൻ സകലാദ്ധ്വനീന-
സൌഹിത്യസമ്പാദനശക്തിശാലി
കല്യാണകൃത്താമവിടുന്നു തന്നെ
ഗാർഹസ്ഥ്യഫലങ്ങാപ്രവാസാർത്ഥവാഹൻ. 44

പാറപ്പുരപ്പിൻപടി പാരിലങ്ങു
വികാരമേശാത്ത വിമുക്തനല്ല ;
ആഴിക്കുനേരായനമാത്രമുൾത്ത-
ട്ടാലോലമാകുന്നൊരു ബദ്ധനല്ല ; 45

പാകംവരയ്ക്കുൽഗതി നേടിനേടി-
ത്തൻജീവിതത്തെച്ചരിതാർത്ഥമാക്കി
സർവ്വമാനന്ദമിയററുമങ്ങു
സാമാന്യജീവിക്കനുകാരയോഗ്യൻ. 46

(യുഗ്മകം)

അജസ്രമസ്സൽത്തണലാൽക്കുളുർമ്മ
ഹരിന്മണിച്ഛത്രമുയർത്തിനല്കി
അങ്ങാലവാലക്ഷിതിദേവിയമ്മ-
യ്ക്കാനൃണ്യമേകുന്നൊരനർഘസൂനു. 47

Digitized By Kerala Sahitya Akademi

പൂവാടി ചാർത്തും പുതുവൃക്ഷരോഹ-
ഗ്രൈവേയകത്തിൻ തരളപ്പൊടിപ്പേ!
അടുത്തജന്മത്തിലഭംഗമങ്ങേ-
യ്ക്കാഖണ്ഡലാരാമമലങ്കരിക്കാം. 48

കൂസാതെ രാവും പകലും കിടന്നു
കൂർക്കം വലിക്കുന്നൊരു കുംഭകർണ്ണർ
മോഹാന്ധരാമെൻ സമസൃഷ്ടികൾക്കി-
ബ്ബോധിദ്രുമം ബുദ്ധത നല്കിടട്ടെ. 49

അഹോ! നരർക്കദ്ഭുതമിപ്രപഞ്ച-
മാബ്രഹ്മമാസ്തംബമധീതികാവ്യം;
കൈവല്യമേകാന്തതിലൊന്നു പോരും
കണ്ണുള്ളവന്നും കരളുള്ളവന്നും. 50

---

## അഹർമ്മന്ത്രം

---

ദേഹത്തിന്നാത്മാവിനെദ്ദാസ്യവിക്രയം ചെയ്തും,
മോഹമാം പാഴ്ക്കൂപത്തിൽ മുററുമേ മുഴുകിയും,
കാശിനെഞ്ഞാൻ ദൈവമായ്ക്കല്പിച്ചും, വൃഥാ മത്ത-
കാശിനീഭോഗത്തിൽത്താൻ കൈവല്യമാരോപിച്ചും, 4

പോയെങ്ങു പററേണ്ടതെന്നോർക്കാതെ മാനുഷ്യമാ-
മായുസ്സിന്നനർഘമെന്നല്പമൊന്നോരായാതെ
കാലത്തിൻ പലായനം കാണുവാൻ കണ്ണില്ലാതെ
കാലപാശാകൃഷ്ടർ നാം കഷ്ടമേ! കളിക്കുന്നു, 8

Digitized By Kerala Sahitya Akademi

ബദ്ധരാം നമ്മെ വീണ്ടും മുക്തരാക്കുവാനീശ-
നെത്ര മേലഘോരത്നമേകുന്നു വീണ്ടും വീണ്ടും !
ആ രത്നം കൈമാററം ചെയ്താത്മനിഷ്ക്രയം നേടാ-
നാമമേ യത്നിപ്പീല ജാഡ്യത്തിൻബലത്തിനാൽ.

ഭ്രാന്നിച്ചും, മുകർന്നും, നാം നക്കിയും, കടിച്ചുമ-
ച്ചെണ്ണേഴും മണിക്കുള്ള തത്വത്തെ ഗ്രഹിക്കാതെ
തള്ളുന്നു ദൂരത്തേക്കു ; മാതാവിൻ നേർക്കയ്യയ്യോ !
പല്ലിളിച്ചും കാട്ടുന്നു രണ്ടുകാൽക്കുരങ്ങന്മാർ.

ശ്രീ ബുലോമാന്നാരത്നമോരോന്നും വന്ധ്യാദ്യമം
ഭൂതകാലാകൂപാരം പുക്കടിഞ്ഞൊളിക്കുന്നു.
പ്രീതനായ് നമുക്കിതാ ! പിന്നെയും വിശ്വേശ്വരൻ
നൂതനം സദ്രത്നമൊന്നേകുന്നു തത്സന്നിഭം.

വിദ്രുതം വ്യോമത്താളിൽ സൌവർണ്ണലിപികളാൽ
മുദ്രിതം തൽസന്ദേശം വായിപ്പിൻ ! കണ്ണുള്ളവർ ;
പ്രത്യുഷമന്ദാനിലൻ പ്രത്യേകം മന്ത്രിക്കും ത-
ത്തത്വോപദേശം കേൾപ്പിൻ സത്വരം കാതുള്ളവർ.

ആയിരം കരങ്ങളാലാദിത്യനർപ്പിച്ചീടു-
മാരത്നമസ്മാദൃശർക്കക്ഷയ്യസമ്പൽപ്രദം.
യാമിനീപങ്കം പെററാരപ്രഫുല്ലാംഭോരുഹം
ശ്രീമഹാലക്ഷ്മിക്കുള്ള ദിവ്യമാം നികേതനം.

ആദരിക്കുവാൻ നമ്മൾക്കർഹനീയാഗന്തുക-
നാതിഥേയത്വം കൊണ്ടേ ഗാർഹസ്ഥ്യം ഫലപ്പെട്ടു.
അഗ്ര്യനാം പരിവ്രാട്ടേ ! വന്നിടാമഹസ്സേ ! ഞാ-
നർഘ്യപാദ്യാദ്യങ്ങളാലങ്ങയെപ്പൂജിക്കട്ടെ.

Digitized By Kerala Sahitya Akademi

നന്മ നൽകുവോൻ സിദ്ധനായകൻ ഭവാനെന്നൊ-
ന്നെന്മതിക്കോക്കാമെങ്കിലിജ്ജന്മം സഫലമാം.
അന്തികേ പരീക്ഷിക്കാമങ്ങു ദുർവാസസ്സെങ്കിൽ
കന്തിയാണിന്നെന്മതി കണ്ഠനന്ദിനിയല്ല. 36

അഞ്ചിതാദരം പൂജിച്ചാശ്ശനാം ഭവാങ്കൽ നി-
ന്നഞ്ചു നൽവരം വാങ്ങിയസ്സാധു കൃതാൎത്ഥയാം.
ധൎമ്മമേ പരിക്കാവൂ, സത്യമേ വാദിക്കാവൂ ;
കൎമ്മത്തെഫ്ഫലാസക്തി കൈവിട്ടേ ചെയ്തിടാവൂ ; 40

പാരിടം നന്നാകുവാൻ ക്ലേശിച്ചേ ഭുജിക്കാവൂ ;
വൈരികരം ഷഡ്ഭാവങ്ങൾ വേർമാഞ്ഞേ ശയിക്കാവൂ ;
പേൎത്തുമീവരങ്ങളാൽ മേലിൽഞാൻഞാനായ് സാക്ഷാൽ
"തത്ത്വമസ്യാ"ദി വാക്യതത്ത്വവിത്താകേണമേ. 44

പോയതെത്രയോ പോയി പൂൎവ്വകാലാഹസ്സുക,-
ളായതോൎത്തന്തസ്താപമാൎന്നാലെന്തയ്യോ ! ഫലം !
മേൽവരാമഹസ്സുകൾ ; വന്നിടാതെയും പോകാം ;
ദൈവത്തിൻ ഹസ്തത്തിലാണുത്തരക്ഷണസ്ഥിതി. 48

സൂചി ഞാൻതറപ്പിലെൻസാന്തത്തിൽ ; മാനംനോക്കി-
യാൽപ്പാഴ് മണൽത്തരിക്കോട്ടയും കെട്ടുന്നില ;
ശൂന്യമേ മിനക്കേട രണ്ടും ; ഞാൻ മഥിക്കിലീ-
വൎത്തമാനാബ്ധി തന്നെ നൽകമെൻ ദേവാമൃതം. 52

വാടിപ്പോയയ്യോയപ്പൂക്കൾ മണ്ണോടു ചേൎന്നിടട്ടേ ;
വാടികച്ചെടികളിൽ മൊട്ടുകൾ വളരട്ടേ ;
സൈരഭ്യം രണ്ടിന്നുമില്ലെന്മനോനാസാരന്ധ്രം
പാരമീവൎത്തമാനഫുല്ലത്താലല്ലോ ധന്യം. 56

Digitized By Kerala Sahitya Akademi

കൌമാരം കഴിഞ്ഞു പോയ് വാൎദ്ധക്യം വന്നിട്ടില്ലീ-
ശ്രീമെത്തും വൎത്തമാനയൌവനം ചേതോരമം.
എൻവശസ്ഥനായ്ത്തീൎന്നോരിമ്മഹാബലിഷ്ഠനെ-
ത്തന്നെ ഞാനാശ്രയിച്ചു സൎവ്വാഭീഷ്ടവും നേടാം.

കൈകെട്ടിനില്ക്കാതെ ഞാനിഗ്ഗംഗാജലത്തിനാൽ
വേഗമെന്നുത്തമാംഗം സംപ്രോക്ഷണം ചെയ്തീടട്ടെ;
മജ്ജനത്തിനാൽ മലക്ഷാളനം ചെയ്തെൻ മനം
വിശ്വനാഥാംഘ്രിപത്മപീഠമായ്ത്തീൎന്നീടട്ടെ.

---

# ബാലസന്ദൎശനം

---

ഭാരതസാമ്രാജ്യലക്ഷ്മിക്കു ഭൎത്താവാം
വീരരിൽ വീരൻ ജിഹാംഗീർ മന്നൻ
കാശ്മീരംഭയാം തന്നോമൽ പ്രേയസി
നൂൎജിഹാൻ ബീഗത്തോടൊത്തുകൂടി,

സൎവ്വാഭിസാരസമന്വിതൻ, ശാത്രവ-
നിൎവ്വാപണത്തിനു ബദ്ധകക്ഷൻ,
ചന്ദ്രഭാഗാതടം പ്രാപിച്ചാൻ ശാരദ-
ചന്ദ്രൻ വിയന്നദീതീരംപോലെ.

കാണായിതങ്ങിക്കിചേതാനുമുണ്ണികൾ
ചേണാൎന്നലീലകളാടിയാടി
കൎപ്പൂരലേപനം കാണ്മോൎതൻ കണ്ണിനു-
മുൾപ്പൂവിനും ചേൎത്തു നില്പതപ്പോൾ.

---

* ഇത് ഒരു നടന്ന കഥയും ഒരു പാശ്ചാത്യ ദേശസഞ്ചാരിയുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

Digitized By Kerala Sahitya Akademi

പുണ്ഡരീകങ്ങളാൽ പൂൎണ്ണമാം പൊയ്കയി-
ലന്നക്കിടാങ്ങൾ പറക്കുകയോ ?
ആകാശവീഥി വിട്ടഞ്ചെട്ടുതാരങ്ങൾ
ലോകാന്തരം ചുററിക്കാണുകയോ ?

എന്താണനന്തഫണത്തിൽക്കളിക്കയോ
'സന്താനഗോപാല' ബാലകന്മാർ ?
എന്നേവം കാണികൾക്കേതുമട്ടെല്ലാമോ
സന്ദേഹം തോന്നുവാൻ തക്കവണ്ണം,

അമ്മണിയുണ്ണികളാററിൻ വിരിവാൎന്ന
വെണ്മണൽത്തട്ടിൽ വിഹാരമാൎന്നോർ
ആ വിജിഗീഷുവാമബ്ധികാഞ്ചീന്ദ്രനെ-
ക്കേവലം ലീലയാൽക്കീഴടക്കി.

വാരിയെടുത്തു കിടാങ്ങളെ മന്നവൻ
മാറോടണച്ചുപുണൎന്നു മേന്മേൽ,
പുത്തനാം പൂഴി പുരണ്ടൊരു പൂമേനി
മുഗ്ദ്ധഹൎഷാശ്രുവിൽ മുക്കിമുക്കി,

ഓതിനാൻ—"എന്നോമൽത്തങ്കക്കിടാങ്ങളേ !
മേദിനീമംഗളദീപങ്ങളേ !
പേൎത്തുമേ നിങ്ങളെക്കാൺകയാലിട്ടിനം
സാൎത്ഥജനനങ്ങളെന്മിഴികൾ.

പാരഷോവല്ലോ ഞാനിൻഡ്യാമഹാരാജ്യം
പാലിക്കും രാജാധിരാജനല്ലോ.
വന്നാലുമെന്നോടുക്രൂരവേ ; വേണ്ടതെ-
ന്തെന്നാലതെല്ലാം ഞാനേകുമല്ലോ.

Digitized By Kerala Sahitya Akademi

മേടിപ്പിൻ ചെങ്കോലെൻകൈയിൽനിന്നുണ്ണികൾ ;
ക്രീഡിപ്പിൻ രത്നസിംഹാസനത്തിൽ ;
ചൂടുവിൻ സാമ്രാജ്യപ്പൊൻമുടി ; സാമ്പ്രതം
നേടുവിൻ മർത്ത്യലോകാധിപത്യം."

ആവാക്കുകേട്ടോരു ബാലരുരചെയ്താർ:—
"ദേവ ! ഭവാനെത്തൊഴുന്നു ഞങ്ങൾ,
ചെററമ്മതന്നങ്കപര്യങ്കമെന്നിയേ
മററുണ്ടു ഞങ്ങൾക്കു ഭദ്രാസനം ?

മാതാവു നല്കിടുമോടക്കുഴലിനു
മീതെയായ് ഞങ്ങൾക്കു ചെങ്കോലുണ്ടോ ?
ഉച്ചി മുകരുമ്പോൾ തായയാൾ ചാർത്തുന്നു
പിച്ചയിൽ ഞങ്ങൾക്കു പൊല്ക്കിരീടം.

വത്സർക്കെന്തേകുവാൻ ശക്തയ,ല്ലപ്പുത്ര-
വത്സലയായുള്ള കാമധേനു ?
പോയാലും സമ്രാട്ടേ ! ഭൂമിയിൽ ഞങ്ങൾക്കു
തായ താൻ രാജാവും ദൈവതവും.

നോക്കുക ! വെൺമണൽത്തട്ടു വിട്ടക്കർതൻ
പോക്കുകതിരുകൾ നീങ്ങാ മുൻപേ—
മാടിവിളിക്കുമാ മാനത്തെയുണ്ണിക-
ളോടിയൊളിച്ചുകളയും മുൻപേ,

കേളിയിൽ ഞങ്ങളവയുമായ്ത്തെല്ലൊന്നു
മേളിക്കിലങ്ങേക്കു ചേതമെന്തു ?
ഞങ്ങളിസ്സായാഹ്നസൂരകരങ്ങളിൽ
മംഗലമഞ്ഞനീരാടിടട്ടെ."

Digitized By Kerala Sahitya Akademi

എന്നക്ഷമാരതരചെയ്തവാക്കുകൾ
മന്നക്ക്മന്നൻ ജിഹാങ്ഗീർ കേൾക്കെ
ഓതിനാൻ വിശ്രബ്ധം :—"കിടാങ്ങളേ! നിങ്ങളെ
ഹാ! തൊട്ട പോയല്ലോ ഞാൻ പതിതൻ.

സ്വച്ഛന്ദം വാനത്തു വീണ്ടുമെന്നോമന-
പ്പച്ചക്കിളികൾ പറന്നുകൊൾവിൻ.
ആകാശാലങ്കാര ദീപങ്ങളാകേണ്ട
ലോകാശാങ്കുരങ്ങളല്ലീ നിങ്ങൾ ?

മൂഢൻ ഞാൻ നിങ്ങൾക്ക താമസിപ്പാനൊരു
ഹാടകപഞ്ജരം തീർക്കുന്നില്ല.
പോകുവിൻ! പോകുവിൻ! നിങ്ങളിൽത്താൻകാണ്മു
ലോകത്തിൽ സംസ്ഥിതി പണ്ഡിതന്മാർ."

വിശ്ലിഷ്ടഹംസനാ വീരസേനാത്മജ-
നശ്രുജാലാർദ്രനയനൻ പിന്നെ
വൈവശ്യമാർന്നു പടഗൃഹം പ്രാപിച്ചാൻ
ശേവധി പൊയ്പോയ രാജരാജൻ :—

ഓർക്കയും ചെയ്താൻ :—"ഒരു ഞൊടി ഹന്ത! ഞാ-
നാക്കുമാരന്മാരിലൊന്നായാലോ!
അന്നൽപ്പുഴക്കരെപ്പൂഴിത്തരികൾകൊ-
ണ്ടെന്നംഗരാഗമിയററിയാലോ!

ഭാരതസാമ്രാജ്യാധീശ്വരൻപോലും ഞാൻ!
സ്ത്രീരത്നലാഭകൃതാർത്ഥൻപോലും!
മോഗല വംശമണിപ്രകാണ്ഡംപോലും!
ഭോഗയോഗത്തിൻ നികേതംപോലും!

Digitized By Kerala Sahitya Akademi

ഏതാദൃശോക്തികൾ വ്യാജസ്തുതിചെയ്യും
വൈതാളികർക്കു പിഴയ്ക്കാൻ കൊള്ളാം!
ധിക് ധിക്കെൻജീവിതം! ദൈവമേ! മാനുഷ-
വ്യക്തിയിലെന്നെപ്പോലന്യരുണ്ടോ?

ഭാരം പെരുകുമിപ്പാഴ്മുടിചൂടി ഞാൻ
പാതാളത്തോളവും താഴുമാറായ്.
നദ്രിയിൽ നേത്രം നിമീലിതമാകാത്ത
മദ്രാജരാജത്വമെത്രമോശം!

ഭാഗ്യവന്മാരുണ്ടിപ്പാരിലെന്നാലതാ
ശ്ലാഘ്യചരിത്രർ കിടാങ്ങൾ മാത്രം.
പാപിഞാൻ ലേശമബ്ബാലർതൻ പാർശ്വത്തെ
പ്രാപിപ്പാൻപോലുമയോഗ്യനല്ലോ.

എന്നെ വെടിഞ്ഞവർ പോയതു തെറ്റല്ല-
മന്ദനെശ്ശാസ്ത്രങ്ങളെന്നപോലെ.
ബാല്യമെനിക്കു തിരിച്ചു തരുന്നോർക്കു
മൂല്യമായ് ഞാൻ നല്കാം സർവസ്വവും."

ഓരോന്നിവണ്ണം നിരൂപിച്ചു മന്നവൻ
സൂര്യോദയംവരെ സ്വാപമെന്യേ
ഹൃത്തിങ്കലെങ്ങുമനുശയസൂചിക്കു
കുത്തിത്തുളയ്ക്കാൻ പഴുതുനല്കി.

അധന്യക്കുള്ളോരളീകഹാസാഞ്ചിത-
വക്ത്രാബ്ജം ധ്യാനിച്ചു നിർവൃതനായ്
തല്പത്തിൽ മേവിനാൻ തത്താദൃശാഢ്യയാം
വൽപത്നിയേയും വെറുത്തവനായ്,

Digitized By Kerala Sahitya Akademi

ജീവിതവാസരകാല്യമേ! ബാല്യമേ
ജീവിതഹായനമാധവമേ!
ജീവിതകാലകൃതയുഗമേ! നിത്യം
നീ വിജയിപ്പൂ നിരസ്തദോഷം. 112

ജീവിതസംഖ്യാനകാനിഷ്ഠികമായും
ജീവിതപ്രാസാദസ്തംഭമായും
ജീവിതമന്ത്രപ്രവണമായും നിത്യം
നീ വിജയിപ്പൂ നിസർഗ്ഗരമ്യം. 116

---

# സ്വപ്നദർശനം

---

ജാഗ്രദ്ദിനോഷ്മാവു കടന്നുപോയി;
സുഷുപ്തിരാത്രിക്കുളിർ വന്നുമില്ല;
ഇടയ്ക്കു ചെറ്റെന്നെയനുഗ്രഹിച്ചാൾ
സ്വപ്നാഖ്യസന്ധ്യാംബ സുഖപ്രദാത്രി. 1

ഇടുങ്ങുമീയൂഴിയിരുമ്പുകൂട്ട
വെടിഞ്ഞുടൻ പക്ഷപുടങ്ങൾ വീശി
അണഞ്ഞു തദ്ദത്തവരൻ ദ്വിജൻ ഞാ-
നാകാശതാപിഞ്ഛവനാന്തരത്തിൽ. 2

അദ്ദിക്കിൽ മൊട്ടിൻപടി വിട്ടയന്നു
വിരിഞ്ഞപൂവിൻ നില കൈവരാതെ
വികസ്വരപ്രായരുഡുക്കൾ കാണായ്
സ്വപ്നസ്ഥനാമെന്റെ സുഹൃത്തമന്മാർ. 3

Digitized By Kerala Sahitya Akademi

മന്ദാകിനീശീകരമുത്തുതിക്കും
മന്ദാനിലൻതൻ ശിശിരോപചാരം
കൈക്കൊണ്ടു കൈക്കൊണ്ടു പതുക്കെ ലാത്തീ
വൃന്ദാരകശ്രേണി വിയൽപഥത്തിൽ. 4

അമ്മാന്യരാം നാഗരികക്കു വേഗം
ഗ്രാമീണനാം ഞാൻ വഴിമാറി നിന്നേൻ ;
തിരിഞ്ഞുനോക്കീലവർ തെല്ലുമെന്നെ-
ദ്ദിവ്യോപഭോഗാസവപാനശൗണ്ഡർ. 5

താരപ്രദീപപ്പൂവ്വിയെച്ചവിട്ടി,
താഴത്തുവീഴ്ത്തും തനുകാന്തിയേന്തി
പരിക്രമിച്ചാനൊരു ഗുഹ്യകേശൻ
പ്രാണപ്രിയാലംകൃതപാർശ്വദേശൻ. 6

നിമേഷമററുള്ളൊരു നേത്രയുഗ്മം
താഴെക്കിടക്കും ധരമേൽ പതിക്കെ
ക്ഷണത്തിൽ വൈവർണ്ണ്യമിയന്നു വാടി-
വരണ്ടുപോയ് തദ്വദനാരവിന്ദം. 7

"സ്വർഗ്ഗത്തിൽ വാഴ്കും സുമനോമതല്ലി-
ക്കല്ലാംനതോപാധിയഭേദ്യമല്ലീ ?
എൻജന്മലോകാത്തികൃശാനുഹേതി-
ക്കിത്തിങ്കലെന്തിന്ധനബുദ്ധി തോന്നാൻ ?" 8

എന്നോത്തു തെല്ലൊന്നു പകച്ചു ഞാനാ-
യക്ഷേശ്വരൻ തന്നരികിൽ ഗമിക്കേ
അസ്വപ്നർതൻ മുത്തരുൾചെയ്ത വാക്യം
സ്വപ്നസ്ഥനാമെൻ ശ്രുതിയിൽ പതിച്ചു. 9

Digitized By Kerala Sahitya Akademi

“കാണുന്നുവോ ? നീ കളവാണി ! നമ്മൾ
കൈവിട്ടതും ചെൽവത്തുമായ ലോകം,
നീലാംബരാബ്ധിക്കടിയിൽ ജ്വലിക്കും
വിശ്വംഭരാഖ്യം ബഡവാഗ്നിപുഞ്ജം ? 10

നാലാഴികൾക്കും നടുവിങ്കലീശൻ
നങ്കൂരമിട്ടീടിന കപ്പൽപോലെ
ഭാസിക്കുമിപ്പാർത്ഥിവവിഗ്രഹം താൻ
ഭജിപ്പു ജന്മാർണ്ണവപാരകാമർ. 11

നേടാനെനിക്കും കഴിവായി മുന്നം
നിർവ്വാണലാഭൌപയികം നൃജന്മം ;
കർത്തവ്യബോധം കലരായ്കയാൽ ഞാൻ
കൈവന്ന രത്നം കടലിൽ കളഞ്ഞേൻ. 12

എൻ കർമ്മപാശങ്ങൾ മുറിപ്പതിന്നൊ-
രിരുമ്പുവാളൂരിയെടുത്തിടാതെ
ഗ്രഹിച്ചു ഞാൻ തങ്കവിലങ്ങു കൈക്കും
കാലിന്നുമശ്ശില്പഗൃഹത്തിൽനിന്നും ! 13

പ്രതിക്ഷണം കർമ്മചയങ്ങൾ ചെയ്യുൻ
ഫലാദിസന്ധിഗ്രഹപാംസുലങ്ങൾ ;
അവററയെക്കൊണ്ടൊരു കോണി നിർമ്മി-
ച്ചാകാശവീഥിക്കതിഥീഭവിച്ചേൻ. 14

കാമ്യങ്ങൾ കർമ്മങ്ങൾ — കളിക്കിടാങ്ങൾ —
കാൽത്തട്ടിനാൽ പൊക്കിന കന്ദുകം ഞാൻ
മരുസ്ഥലം വാനമിതിങ്കൽ വന്നേൻ
പാഴ്ക്കാനൽനീരാമമൃതാസ്വദിപ്പാൻ ! 15

Digitized By Kerala Sahitya Akademi

പീയൂഷയൂഷം ഭൃശമാസ്വദിച്ചു
മനോജ്ഞമന്ദാരവനങ്ങൾതോറും
ദേവാദൃശസ്ത്രീകളുമായ് രമിച്ചേൻ
പാപിഷ്ഠനാം ഞാൻ പശുധർമ്മചാരി. 16

എന്നേയ്ക്കുമെൻ നിഷ്കൃതിമൂല്യമായ് ഞാ-
നീശന്നു നല്കേണ്ടൊരു പുണ്യവിത്തം
ദീപാളിവച്ചേൻ ത്രിദിവാഖ്യമാമി-
ഗ്ഗാണിക്യരൂപക്രയശാലയിങ്കൽ. 17

സ്വാമിക്കു വിത്തം സ്വവിധേയമെന്ന
ചൊല്ലിങ്കൽനിന്നും സുകൃതം വിഭിന്നം ;
താൻതന്നെ തിന്നേണമതിൻഫലങ്ങൾ ;
പുണ്യം ലഭിച്ചോൻ പുലിവാൽപിടിച്ചോൻ ! 18

തിര്യക്കുകൾക്കും ത്രപ തോന്നുമാറു
തിന്നും തിമിർത്തും ദിനമെത്ര പോയി !
ഇതോ സുഖം—നെററി വിയർത്തിടാതെ-
യെൻകക്ഷി വീഴ്പ്പോരിഹലോകവാസം ? 19

അങ്ങിങ്ങു വല്ലപ്പൊഴുമല്പരോര-
മാത്മാവുയർത്താനകതാർ കൊതിച്ചാൽ
വിഘാതമുണ്ടാക്കുമതിന്നു മേന്മേൽ
വിരാമശൂന്യം വിഷയോപഭോഗം. 20

കരയ്ക്കുകേറാൻ കഴിവററതാമെൻ
കർമ്മക്ഷമത്വം കലരാത്ത കായം
നീലാഭ്രപങ്കത്തിലമർത്തിവയ്പൂ
ശപിച്ച പഞ്ചേന്ദ്രിയസൌഖ്യനക്രാ. 21

Digitized By Kerala Sahitya Akademi

ആത്മാവിലേയ്ക്കൊന്നകത്താർ തിരിപ്പാ-
നടയ്ക്കുന്നം ജീവികളക്ഷിയാദ്യം ;
മൂടാത്തൊരീയെൻ മിഴിമീൻ കളിപ്പൂ
മുടിഞ്ഞൊരിട്ടീക്കിലെയപ്സരസ്സിൽ. 22

നിസർഗ്ഗചാപല്യനികേതനം ഞാൻ,
ഗൃത്തജ്ഞമാർ വേശ്യകളാട്ടിടുന്നോൻ,
തദോഷ്ഠബിംബാസവപാനമത്തൻ,
സമാധിസാമ്രാജബഹിഷ്ഠനല്ലോ. 23

പ്രദോഷമാം രഞ്ജകനംബരത്തിൽ
ചായംപിടിപ്പിച്ചതരക്ഷണത്തിൽ
വേർമാഞ്ഞുപോയ് വീണ്ടുമതിൽ സ്ഫുരിപ്പൂ
ഹാലാഹലത്തിൻനിറമാത്മലീനം. 24

പിതൃപ്രസൂദേവി വിയൽപ്പടത്തി-
ലച്ചിച്ച താരപ്പുതുപൂക്കളെല്ലാം
വാളക്കഴിക്കുന്നകറപോലെ വേഗാൽ-
ദൂരത്തുഷാമാർജ്ജനി തൂത്തുതള്ളും. 25

അഹസ്കരൻ പ്രത്യഹമംബുരാശി-
ക്കകത്താഴമുണ്ണിന്നനപേക്ഷ്യവൃത്തം ;
കളങ്കജാതത്രപനോഷധീശൻ
കൈക്കൊൾകയായ് കൌശികസാഹചര്യം. 26

രാജൻ ! സഹസ്രാക്ഷ ! ഭവദ്വിരോധി
വൈരോചനിക്കിന്ദ്രപദത്തെ നല്കാൻ
ദീക്ഷിച്ചിരിപ്പൂ പതയാലുവങ്ങ-
ദ്ദംഭോളികേളിക്കതിഭൂമി ഭാവി ! 27

Digitized By Kerala Sahitya Akademi

ക്രതുക്കൾ ഹാ! നൂറുകഴിച്ചവൎക്കു-
ണ്ടൊന്നിന്നു പത്തായ് മിഴി നേടിയാലും
ജാത്യന്ധനായ് തന്നെ നയിപ്പു ജന്മം-
ശചീകചാന്തസ്പൃഹയൈകതാനൻ. 28

അസ്വസ്ഥരസ്മദ്വിധരാകമാന-
മാകാൎവ്വാപീജലബുദ്ബുദങ്ങൾ ;
സ്വാരാജ്യസമ്പൽസുഖസഞ്ചയങ്ങൾ
സൌദാമനീപല്ലവചഞ്ചലങ്ങൾ. 29

ജരാമുഖപ്രേഷ്യകളോതിയോതി
വൈവസ്വതോപസ്ഥിതി മൎത്ത്യർ കാൺകെ
ആകാശസഞ്ചാരിയമൎത്ത്യമാനി-
യാകസ്മികഭ്രംശവശംവദൻ ഞാൻ. 30

സ്ഥാനച്യുതിത്രാസസമാകുലൻ ഞാൻ
ഭുജിക്കുവാനോപ്പോരു ഭോഗമെല്ലാം
പൎയ്യന്തസന്താപവിഷം വമിപ്പൂ
ദുഷ്പുച്ഛമാം വൃശ്ചികമെന്നപോലെ. 31

തമിസ്രയായ് മാറിടുമീയഹസ്സു,
ദുഃഖാന്തമാകും സുഖഹാസ്യചിത്രം,-
സ്വാരാജ്യവാസം—സ്വയമാർ കൊതിപ്പൂ
ധൂമീഭവിക്കുന്ന കൃശാനുബാണം ? 32

ഇതോ പുമൎത്ഥം പരമം ? യഥാൎത്ഥ-
ലക്ഷ്യത്തിൽനിന്നെത്രയകന്നുപോയ് ഞാൻ !
ഈയക്കരപ്പച്ച ചതിച്ച ഗോവിൻ
രോമന്ഥമിപ്പോളനുതാപശഷ്പം !! 33

Digitized By Kerala Sahitya Akademi

സുധാരസം തിക്തകമായെനിക്കു ;
മന്ദാനിലൻ വൈദ്യുതവഹ്നിയായി ;
സന്താനമാല്യം മൃതസർപ്പമായി ;
ഗന്ധർവ്വഗീതം ശ്രുതിശല്യമായി ; 34

ദേവാദിധന്യസ്ത്രീകൾ, പലർക്കുമയ്യോ !
പാഴ്മൺകളിപ്പാവകൾ പണ്ടുമിന്നും,
ദൃശ്യേന്ദ്രിയാരാമമൃഗാമിഷങ്ങൾ,
ജീവച്ഛവപ്രായകളായി മാറി 35
(യുഗ്മകം)

മറിഞ്ഞുവീണീടുകിൽ ഞാൻ ലഭിക്കും
മനുഷ്യലോകാർത്തി കൃശാനുശുദ്ധി.
സംസേവ്യമല്ലീ! സകലർക്കുമോർത്താൽ
സമൃദ്ധ്യുദയപ്രാപകമാം നിപാതം ? 36

അനിത്യമത്യല്പമശേഷഗർഹ്യ-
മസ്സൽസുഖാഭാസ, മതിങ്കൽനിന്നും
അകന്നു ഞാൻ—വാനവൻ—ആശകൊൾവൂ
മർത്ത്യവ്യഥാഭീമജമാല ചാർത്താൻ. 37

വിപത്തിദത്താഞ്ജനമക്ഷിയുഗ്മം
വേഗത്തിലന്തർമ്മുഖമാക്കിനിർത്തി
അങ്ങെങ്ങിലും ചെന്നണയട്ടെ സച്ചി-
ദാനന്ദസായുജ്യമനശ്വരം ഞാൻ! 38

നിസർഗ്ഗരമ്യം നിഗമാന്തമിത്ര-
പ്രദർശിതം പ്രാപ്യപദപ്രകാണ്ഡം
സാക്ഷാൽ ചതുർത്ഥം പുരുഷാർത്ഥമേകം
ജഗൽപുനസ്സാപമലം പ്രബോധം. 39

Digitized By Kerala Sahitya Akademi

ഹരോത്തമാംഗസ്ഥനദിക്കുപോലു-
മലൗകികാധോഗമനാഭിലാഷം
അഭ്യസ്തമാക്കീടിനൊരബ്ധികാഞ്ചി-
യമ്മേ! നമസ്കാരമനുക്ഷണം തേ! 40

പ്രാക്‌പുണ്യലബ്ധം ഫലകാപൽകാലം
രിക്തീഭവിച്ചാൽ മതി; ധന്യനായ് ഞാൻ!
വാൻഞാണിലേറിക്കരണംമറിഞ്ഞു
വലഞ്ഞു! താഴെക്കുതികൊൾവതെന്നോ? 41

ആശാപാശമൊന്നുണ്ടവശിഷ്ടമാക്കു,-
മാഗാമിയാം താവകപുത്രഭാവം;
സാധിക്കുവൻ ഞാനതിൽനിന്നു ധാത്രി!
സാക്ഷാൽ പരബ്രഹ്മപദാപ്തിസൗഖ്യം.” 42

ശകുന്തളോല്പത്തിയിൽ മേനകയ്ക്കു
ഗാധേയനേകീടിന ദർശനത്തെ
വാക്കേവമോതിസ്സ്വധർമ്മിണിക്കു
യക്ഷൻ മുമുക്ഷാജനനത്തിൽ നല്കി. 43

“പ്രാണാധികപ്രേഷ്ഠ! ഭവാനിലെന്തി-
ഭ്രാന്തപ്രലാപം പ്രകടീഭവിപ്പാൻ?
സ്വർഗ്ഗത്തിലുണ്ടോ സുഖമെന്നു ചോദ്യം?—
ശ്വാവിന്നു ചാരക്കുഴി പഥ്യമഞ്ചം?” 44

ഇമ്മട്ടിളന്തേൻമൊഴിയാൾ തുടർന്നാൾ
പലതരത്തിൽ പ്രണയോപഹാസം
അതിൽക്കലുങ്ങീല ചലാബലത്താ
ലാകൃഷ്ടമായോരനകാന്തരംഗം. 45

Digitized By Kerala Sahitya Akademi

പാകാരിസാമ്രാജ്യ പതാകികേ ! നിൻ
പ്രാഗല്ഭ്യമന്യത്ര ഫലിച്ചിടട്ടെ !!
അങ്ങോട്ടിനി തൽപ്രിയനെക്കയററാ-
നൈരാവതത്തിന്നുമശക്യമല്ലോ ! 46

ഭ്രാന്തെങ്കിലാകട്ടെ ; ഭവിച്ചു ഭാവം ;
പ്രതിക്രിയാബാലിശരാണിനേയർ ;
അതിൻ ചികിത്സയ്ക്കധികാരിയേക-
നണ്ണോധികാഞ്ചീധവനാദിവൈദ്യൻ. 47

തിരിച്ചുപോയാൽ മതി താഴെയെന്നു
യാചിച്ചു ഞാൻ ഗേഹവിയോഗഖിന്നൻ ;
ശിരസ്സിളക്കിസ്സൂരിയെന്നുമൂളി-
ത്താരങ്ങൾ മിന്നീ തരളപ്രഭങ്ങൾ. 48

അടഞ്ഞൊരെൻ ദൃഷ്ടി തുറന്നുവെന്നോ
തുറന്നൊരെൻ ദൃഷ്ടിയടഞ്ഞുവെന്നോ
ഓതേണ്ടതെമ്മ,ട്ടുടനെന്നെ വിട്ടു
കിനാവതിൻ ചിത്രപടത്തെ മാററി. 49

ഹാ ! വിഗ്രർ മത്ത്യക്ഷ്വനീജനിത്രി
മുററത്തുനില്ക്കു മുത്തുമുല്ലമാത്രം ;
തൽഘ്രാണവൈജ്ഞാനികനാസികന്മാർ
വിദൂരമാളും വിബുധപ്രവേകർ. 50

Digitized By Kerala Sahitya Akademi

# പ്രഭാതഗാഥ

## I

അല്ലിൻ 'കരുപ്പി'ലവശമടിഞ്ഞടി-
ഞ്ഞുള്ളം മയങ്ങിക്കിടക്കുവോരേ!
രാവുപകന്നേകം സ്വാപമധു മേന്മേൽ
സേവിച്ചുബോധം നശിച്ചവരേ! 4

കാലഫണിയുടെ കാകോളമേറ്റേറു
കോലംകലഞ്ഞു കുഴങ്ങുവോരേ!
'താമസി' യാകുമറുകലത്തുള്ളിന്ന
കോമരത്താന്മാരേ! കൂട്ടുകാരേ! 8

വയ്യായ്ക വല്ലാതെ വന്നല്ലോ നിങ്ങളെ-
ശ്ശയ്യാശരണശരീരരാക്കി;
ജാഡ്യജ്വരം കേറി മൂർച്ഛിക്കകൊണ്ടല്ലോ
ദാർഢ്യം കരളിന്നു വിട്ടുമാറി. 12

വ്യർത്ഥമായ്ത്തീർന്നുപോയ് ഹൃൽസ്പന്ദസമ്പത്തു;
ചത്ത ശവങ്ങൾക്കായ് ശ്വാസോച്ഛ്വാസം.
വാർമെത്തും ദുസ്സ്വപ്നം ജീവിതനിശീഥത്തിൽ
താർമഷി കോരിയൊഴിക്കുകയാം; 16

അഞ്ജസാ നാരകയാതനകാണ്മതി-
ന്നഞ്ജനം കണ്ണിലെഴുത്തുകയാം;
മാനത്തിലല്ലെങ്കിൽ നൽസ്വപ്നമോരോരോ
ത്തൂണില്ലാപ്പൊൻമേട തീർക്കുകയാം; 20

Digitized By Kerala Sahitya Akademi

ആശാഭഗവതീപൂജയ്ക്കായ് മേല്ക്കുമേ-
ലാകാശപ്പൂമാല കോർക്കുകയാം ;
ജന്മമീവണ്ണം കളകയോ സങ്കല്പ-
നിമ്നോന്നതങ്ങളിലൂഞ്ഞാലാടി ?

കാലും കരവുമുണങ്ങിവീണീടിന
വാഴത്തടയായ് ദ്രവിക്കുകയോ ?
ഒന്നിനിയെങ്കിലും വേഗമുണരുവിൻ !
തന്ത്രീഭുജംഗമേ ! കണ്മിഴിപ്പിൻ !

വേരു മറിഞ്ഞൊരു ദാരുഖണ്ഡങ്ങളോ
പൂരുഷരാം നിങ്ങൾ ഭൂതികാമർ ?
മാലിന്യമല്ലേ * 'കടത്തിൽ' പുളയ്ക്കു ?
§ 'ബാലിശ' ച്ചേർച്ച് കുറച്ചിലല്ലേ ?

ഭൂതത്തിൻ ഗ്രാസമായ് പോയതു മീളുവാൻ
ഖേദാശ്രുമുത്തിന്നുമാവതുണ്ടോ ?
മുക്തരായ്ത്തീരുവിൻ ! സത്വരം നിദ്രയാം
നക്തഞ്ചരിതൻ ഗൃഹത്തിൽനിന്നും.

## II

ധൂമമലിനമാമന്ധകടാഹത്തെ-
ശ്ശ്യാമിക മാററിയുഷയാം ദേവി
തേച്ചുമിനുക്കിത്തുട, ച്ചതിന്നന്തിയിൽ
കാച്ചിയ തങ്കത്തിൻ കാന്തിചേർപ്പൂ.

---

* പായെന്നുകൂടി അർത്ഥം

§ തലയണയെന്നുകൂടി അർത്ഥം

Digitized By Kerala Sahitya Akademi

ക്രൂരിരുൾക്കൂട്ടിൽക്കുടുങ്ങിക്കിടന്നോരു
കാരിരുമ്പുണ്ട തൻ കൈയിലേന്തി
പ്രത്യഗ്രകാഞ്ചനകന്ദുകമാക്കമി-
പ്രത്യൂഷത്തിൻ രസവിദ്യ കൊള്ളാം.

ദേവാലയങ്ങളിൽ പ്രാതസ്സന്ധ്യാഗമ-
മാവേദനം ചെയ്വൂ ശംഖൊലികൾ ;
ത്തൂമയിൽ തജ്ജയകാഹളമൂതുന്നു
യാമിനീയാമികർ താമ്രചൂഡർ.

നീഡനിഗഡനിബദ്ധരായ് നില്ക്കാതെ
പാടവംപൂണ്ടു പറന്നുപൊങ്ങി
ഗാനപീയൂഷം പൊഴിക്കുന്നു ലോകത്തി-
ന്നാനന്ദദായികൾ പൈങ്കിളികൾ.

കുട്ടിപ്പവനൻ കഞ്ചുകിയായ്ച്ചാഞ്ചാടി-
ത്തട്ടിയുണർത്തിത്തളർച്ചമാററി
കണ്മിഴിച്ചാനന്ദിച്ചാർപ്പൂ വിടപികൾ
മർമ്മരശബ്ദമനോഹരങ്ങൾ.

അക്ഷയ്യമോരോന്നും 'സ്വാതന്ത്ര്യ' മായിട്ടും
"ത്ര്യക്ഷരീ" മന്ത്രമുരുക്കഴിപ്പൂ ;
ആ നവ്യഗായത്രി മാറെറാലിക്കൊള്ളുന്നു
വാനിലും മന്നിലും മേല്ക്കുമേലേ.

ഉത്ഥാനകാംക്ഷികൾക്കുത്സവമുത്സവം
തത്താദൃശമാമിസ്സന്മുഹൂർത്തം.
മൂരിനിവിരുവിൻ ! മുന്നോട്ടുപോരുവിൻ ;
പാരിന്നിതല്ലോ സുവർണ്ണകാലം.

Digitized By Kerala Sahitya Akademi

## III

ഉച്ചസ്ഥനാകും ദ്യുമണിക്കും കീഴിലെ-
പ്പശ്ചാൽപ്രയാണമബാധമായി ;
വൈധുര്യമാർന്ന 'ജലരാശി' തന്നുള്ളിൽ
വേദസ്വരൂപൻ പതിക്കയായി ;

'വൈരോചന' മൂർത്തികൂടിയുമയ്യയ്യോ !
വാരുണപാശത്തിൻ ബന്ധമേററു ;
ഹന്ത ! വെളിവററുലകിടമൊക്കെയു-
മന്ധതാമിസ്രമായ്ത്തീരുകയായ്.

ദോഷാഗമത്തിനാൽ പങ്കിലമാംപാരിൻ
ഭാഷയും, വേഷവും മാറുകയായ്.
മംലാമയക്കമായെങ്ങും ; ഇതെന്തൊരു
കാലപ്പകർച്ചയോ തമ്പുരാനേ ?

## IV

സിന്ധുവിൽ പശ്ചിമദിക്കമെഴ്ത്തീടിന
പന്തം പൊലിഞ്ഞതില്ലെന്നെന്നേക്കും ;
ദുർവ്വാരദുഷ്ക്കാലവാത്യയിൽപ്പെട്ടാലും
നിർവ്വാണമാർന്നീലാദ്ദിവ്യദീപം.

കീറിയപന്തെന്നോർത്തംബരം മർദ്ദിച്ചു
ദൂരത്തെറിഞ്ഞൊരു സൂര്യബിംബം
ഏത്തു * 'വിസാര' വദനത്തിലൊക്കെയു-
മാത്തുരമായ്ച്ചെന്നുവീണതില്ല !

---

* നിസ്സാരന്മാരുടെ വക്ത്രമെന്നും മത്സ്യവക്ത്രമെന്നും.

Digitized By Kerala Sahitya Akademi

എന്നാലും വിട്ടില്ലപ്പുണ്യാത്മാവുദ്യോഗ-
സുന്ദരമാം തൻസ്വയംപ്രകാശം
മുന്നോട്ടു പാഞ്ഞുപോയ് പൂർവ്വാദ്രിശൃംഗത്തിൽ-
ച്ചെന്നെത്തി നില്ക്കയായ് ധീരധീരം. 88

കാലം * 'വനൌക'സ്സായ്ത്തീർത്തോരവിടേക്കു
ലീലയിലംബുധി ലംഘ്യമായി.
ശ്ലാഘ്യപ്രകാശമാമിത്രമണ്ഡല-
മാക്കു ഘടദീപമാക്കി നിസ്തം? 92

വൻതമഃപങ്കത്തിൽ നിന്നീ മനോജ്ഞമാം
ചെന്താമരപ്പൂ വിരിഞ്ഞുവല്ലോ!
ചേണുററ പൌരുഷമീമലമേലൊരു
മാണിക്യമാളിക തീർത്തുവല്ലോ! 96

ഉൽഗതിലാക്കാക്കിജ്ജന്മം നയിക്കുകിൽ
സ്വർഗ്ഗത്തിലെത്തും പിപീലികയും;
വ്യർത്ഥമാമോ "യോയച്ഛ്രദ്ധസ്സഏവസ"
ഇത്യാദിഗീതാചാര്യോപദേശം? 100

V

കാലച്ചുരടിൽ കറങ്ങീടുമൂഴിയിൽ
മേലുകീഴെന്തുള്ളു ശാശ്വതമായ്?
ഇന്നത്തെപ്പാതാളം നാളത്തെ നാകമി-
ന്നിന്ദ്രാരിയായുള്ളോൻ നാളെയിന്ദ്രൻ. 104

* ജലം വീടായവനെന്നും വാനരനെന്നും.

Digitized By Kerala Sahitya Akademi

എന്തു നിറത്തും കലംകത്തു ദൈവമേ !
കുന്നും കുഴിയും—ഉടപ്പിറന്നോർ.
മൂർദ്ധാവുയർത്തും ഹൃദത്തെച്ചവിട്ടൊല്ലേ
സ്വാർത്ഥകലുഷമാം ക്ഷ്മാധരമേ !

മുന്നമതിലൊന്നു മണ്ണുപകർന്നല്ലോ
നിന്നുടെ മേദസ്സുമുന്നതിയും ;
ഒന്നു ശകലം കുനിയുകിൽ കാണും നീ
നിന്നുടെ രൂപമതിന്നടിയിൽ.

ആയിരം നൂററാണ്ടനക്കമറിയാതെ
പോയിതതിൻജന്മം, ഇദ്ദിനമോ
ക്ഷോഭം—ജഗദീശചൈതന്യം—ഋതുയതിൽ
വ്യാപരിച്ചുകുന്നു വാഞ്ഛരമേന്മേൽ.

ഈശനിക്ഷീരം മഥിക്കയായ് ; പീയൂഷ-
പ്രാശന വേളയടുക്കുകയായ് ;
താങ്ങാനിതത്രേ തരം ; തടുത്തീടുവാൻ
പാങ്ങില്ല ; നേരം പ്രഭാതമായി.

കാലപ്പുഴയിലൊഴുകും തരിക്കിന്നു
ചാലിലൊരുത്തു കൊടുക്കുവാനോ
പൂഴിയണയൊന്നു തീർപ്പാനോ ജാത്യന്ധ !
തോഴന്റെ ഹസ്തം തപരിച്ചിടുന്നു ?

കോട്ട കിടങ്ങിനെ നോക്കിച്ചിരിക്കുകിൽ-
ക്കോട്ടമതിൽപ്പുറമെന്തു വേണം ?
നിൻദാഹം തീർത്തീടും നീരൊട്ടു കൊണ്ടല്ലേ !
നിന്ദാർഹമാണീയിടിമുഴക്കം.

Digitized By Kerala Sahitya Akademi

ഒന്നിൻ വളത്തിന്നു മറ്റൊന്നു ചീയേണ്ട ;
മന്നിൻമടിയിൽ വളരാം രണ്ടും.
ഗോത്രമേ ! നിൻമദം ലോകപരിഹാസ-
പാത്രമായ്ത്തീർന്നു പോരും പോരും.

VI

ഗർത്തമേ ! ഗർഹ്യമല്ലേതും നിൻസംരംഭം ;
വർദ്ധിച്ചുകൊള്ളുക മേല്ക്കുമേൽ നീ.
കുന്നിനെബ്ബന്ധുവായ്ക്കാൺക; തൽസാമീപ്യ-
മുന്നതിബ്ബീജം നിനക്കുമേലിൽ.

കീഴ്ക്കട ചിന്തിച്ചു നില്ക്കൊല്ലേ ! നല്ലോരി-
പ്പോക്കിന്നു വിഘ്നം വരുത്തിടൊല്ലേ !
തമ്മിലിടഞ്ഞു സമയം കളയൊല്ലേ !
‘നമ്മളാ’യ്ത്തീരട്ടെ ‘ഞാനും’ ‘നീയും.’

ഒപ്പനിരപ്പു തരിപ്പെട്ടിരിപ്പുണ്ടു
നിർഭരമെന്നും മരുപ്പരപ്പിൽ ;
മാനവരാരതോർത്തട്ടിക്കതേടിപ്പോയ്
കാനൽനീർ കോരിക്കുടിച്ചിടുന്നു ?

വാനോട്ടുരുമ്മും ഗിരികളും, പാതാളം
പേണിക്കിടക്കുമിടുക്കുകളും
വാഴ്ക്കും ഹിമാലയമല്ലയോ വാസൈക-
യോഗ്യമായ്ക്കാണുന്നു യോഗിവര്യർ ?

ശൈലത്തെയാദർശമാക്കി വളർന്നു നീ
കൈലാസം വല്മീകമാക്കിക്കൊൾക ;
മൂർദ്ധാവു വിഷ്ണുപദത്തിൽ പോയ് മുട്ടട്ടേ ;
പാത്താളത്തേതിന്നും പ്രാപ്യസ്ഥാനം.

Digitized By Kerala Sahitya Akademi

ക്ഷുദ്രമാം ശഷ്പം കിടക്കുന്നമാടിന്റെ
മസ്തകത്തിന്നു മകുടമായി ;
കീഴിൽ കനിഞ്ഞു തിരഞ്ഞാലേ കിട്ടീട്ടു
പാഴററ വൈരവും മൌക്തികവും.

VII

ഹാ ! ഹാ ! മതംതൊട്ട ദീപങ്ങൾ പൂവ്വത്തിൽ
സ്നേഹപ്രവാഹപ്രകാശിതങ്ങൾ
ദ്വേഷക്കൊടുങ്കാററിൽക്കെട്ടുപോ,യിട്ടിന്നം
ശേഷിച്ചു നില്ക്കുന്നു കിട്ടം മാത്രം.

മൂത്തിയറിയാതെ കൈക്കൂപ്പീടും ബിംബ,-
മത്ഥം ഗ്രഹിക്കാതെ ചൊല്ലും മന്ത്രം :—
അക്ഷര"ച്ഛന്ദ"മവനിയെയെത്രമേൽ
വിക്ഷതയാക്കി ! വിരൂപയാക്കി !

ആരീ മഷികളിൽ ജ്യോതിസ്സുകാം കാൺമൂ
കൂരിരുൾച്ചെയ്ത്താന്റെ കൂററുകാരിൽ ?
ദൂരത്തു മാറുവിൻ ദുഷ്ടഭൂതങ്ങളേ !
സൂരനുദിപ്പതു കാണ്മതില്ലേ ?

പാരിൽതമിസ്രയെപ്പ്രത്യുഷസ്സാക്കമി-
പ്പൌരസ്ത്യക്ഷോണിഭൃന്മൌലിരത്നം
ധൂമത്തെപ്പാവകനാക്കും, ഗരളത്തെ-
പ്രേമരസത്തിലമൃതമാക്കും.

ഈയൈക്യബന്ധൂപദേശം ഗ്രഹിക്കുകിൽ
ശ്രേയസ്സടനേടുവാനർഹരാം നാം
സുപ്തതനീങ്ങുകിൽ ബുദ്ധരായ്ത്തീന്നിടും
ബദ്ധതനീങ്ങുകിൽമുക്തരായും.

Digitized By Kerala Sahitya Akademi

അദ്വയവാദിയാമാചാര്യവര്യനെ–
ച്ശ്രേഷ്ഠഭൂദാനന്റെ കലത്തിങ്കലും
'കാലടി'പ്പാട്ടിലും കാണാം ലസിപ്പതു ;
ശീലിപ്പിൻ ! സർവ്വതും സാഹോദര്യം.
കന്നും കഴിയും മലയാളനാടിതിൽ
വന്നുനിറഞ്ഞുപോയ് പണ്ടു പണ്ടേ !
മേളിച്ചുപോലുമിതിൽത്തന്നെ സോദരർ
മേളത്തൊളാദ്ധ്യന്തം പാക്കനോരും !
ഭിന്നവർണ്ണങ്ങളെക്കൈക്കൊത്തിണക്കിട–
മിന്ദ്രധനുസ്സിനാലന്തരീക്ഷം
മിക്ക ദിനത്തിലും മിന്നുമിമ്മന്നിലോ
ശ്രേഷ്ഠത്തിൽ ശ്രേഷ്ഠമാം വർണ്ണവാദം ?
ആത്മാവിലാത്മാവിരിപ്പതു കാണുവിൻ ;
ആത്മാവാലാത്മാവുയർത്തിടുവിൻ ;
അന്യോന്യസൗഹൃദസസ്യം കൃഷിചെയ്യി-
നന്യമെന്തുള്ളു മതരഹസ്യം ?

VIII

എന്തേ ഭാരതോർവീമാതാവേ ! നിന്മക്കൾ
തന്ത്രികൾ പൊട്ടിയ വീണകളായ്
വീണു കിടക്കുന്നു ? കണ്ടവർ മീട്ടുമ്പോൾ
ഹീനസ്വരങ്ങൾ വമിച്ചിടുന്നു ?
ചിക്കെന്നു മാത്സര്യവൈശ്വാനരന്നിവർ
ശ്രേഷ്ഠേന്ധനങ്ങളായ്ത്തീർന്നുപോയി ;
വല്ലപ്പൊഴുമൊന്നെഴുന്നേല്ക്കുകിൽ തമ്മിൽ–
ത്തല്ലിത്തലകീറിത്താറുമാറായ്

Digitized By Kerala Sahitya Akademi

വീണ്ടും തളൎന്നയ്യോ വീഴുന്നു സൗഭ്രാത്രം
തീണ്ടാതെ ജീവിക്കും സ്വാൎത്ഥക്ഷുദ്രർ.
ഭ്രാതൃഘാതാഘത്തെ വിട്ടെന്നിവരമ്മേ!
പൂതരായ് തീരും ? പുരുഷരാകും ?

ജ്ഞാനപടുവാം മഹാത്മാവൊരാളുടെ
പാണിസംസ്പൎശത്താൽ ധന്യരായി
പ്രാണപ്രതിഷ്ഠയാൎന്നീമരത്തുണ്ടുക-
ളാനന്ദം ലോകത്തിന്നേകിടട്ടേ.

—o—

Digitized By Kerala Sahitya Akademi

# ശിവഗീത

---

കല്യാണദുർഗ്ഗകലിയിൽ കരവാളിളക്കി
കല്യാശനം കലിതവിക്രമമേകിയേകി
കല്യാളയാം വിജയലക്ഷ്മി കഴുത്തിലിട്ട
കല്യാണമാലികയണിഞ്ഞു ശിവാജി മിന്നി. 1

എങ്ങീ യുവാവനനഭ്രുതസമീകഗന്ധൻ ?
എങ്ങീഷലറെറഴമഫമ്മദ സാംയുഗീനൻ ?
മങ്ങീ മനസ്സിത്തു നിനച്ചിടവോക്ക ; വനിൽ-
ത്തങ്ങീടുമദ്രിതറയാക്കി തപസ്വിതാനം. 2

ആ വൻരണത്തിലരിസൈനികർ കല്ലിയെന്ന
ഭാവത്തിൽ ? നോക്കിന ഭയങ്കരസാദിവീരൻ
സൌവർണ്ണപല്യയനസംസ്കൃതമാം ഹയത്തെ
വൈവസ്വതക്രുത്തു കഴിച്ചു തിരിച്ചു വിട്ടു. 3

മുന്നിൽപ്പെട്ടും ചുടുനിണപ്പുഴ നീന്തിനീന്തി
വെന്നിപ്പെരുമ്പറ മുഴങ്ങിന വീഥിയൂടേ
അന്നിസ്ഥലാശ്വമനധീതകശാഭിമർശം
മന്നിൻവൃഷാവിനെ വഹിച്ചു കുതിച്ചു പാഞ്ഞു. 4

“ജീജാംബികാ*ത്മജ ! വിഭോ ! ജഗദേകവീര !
രാജാധിരാജ ! വിജയീഭവ വിശ്വബന്ധോ !”
ഈ ജാതി മംഗലവചസ്സുകളാചരിച്ചു
ഭൂജാനിതൻ ശ്രുതിപുടിക്കു സുധാഭിഷേകം. 5

---

* ജീജാബായി, ശിവാജിയുടെ മാതാവ്.

Digitized By Kerala Sahitya Akademi

മുന്നും മൃദശ്രുവിൽ മുഖം മുഴുകിക്കവേഘോര-
സ്സന്തുഷ്ടസജ്ജനസമർപ്പിതസാധുവാദം
തൻതുങ്ഗവംശപംക്തിയിൽ വിളങ്ങിന*ഭോസലേശ-
തന്തുപ്രഭവകനകതാർ ചരിതാർത്ഥമാക്കി. 6

വിശ്വംഭരാർത്തിവിനിവൃത്തിവിധാനവിജ്ഞർ
വിശ്വസ്തഭൃത്യർ വിലസും ശിബിരാജിരത്തിൽ
ശശ്വച്ചലാചലശഫാഞ്ചലചാരുവാക-
മശ്വത്തിൽനിന്നവനിഭൃത്തവതീർണ്ണനായി. 7

വിദ്രാവിതാഹിതചമൂതതി, ഭാരതോർവീ-
നിദ്രാലസസ്ഥിതിനിരാസനികാമലോലൻ,
ഭദ്രാസനത്തിനു പരിഷ്കൃതി ചെയ്കമാററ-
സ്സുഭ്രാജമൌലിയെഴുനള്ളി സഭാന്തരത്തിൽ. 8

ശ്ശൂരദ്വിഷൽഗളഗളൽക്ഷതജത്തിൽ മുക്കിഗ്-
ഘോരപ്രഘാതധരയെഗ്ഘ്ലസ്സ്വണാഭമാക്കി
പാരം ലസിച്ചൊരസിദധനു 'ഭവാനി' കീർത്തി-
ക്ഷീരം ചുരന്ന 'ശിവ' പാർശ്വമലങ്കരിച്ചു. 9

സൌദാമനീസദൃശനർത്തിതചന്ദ്രഹാസർ,
ഭീദാതിഭീദർ, പൃഥിവീപതിഭൃത്യവീരർ,
നാദാവകാശമണയാതെ സമുല്ലസിച്ചു
പാദാതഹസ്തിപകസാദിരഥിപ്രധാനർ. 10

പീരങ്കിപെററ വെടിയുണ്ടകൾ— സമ്പ്രഹാര-
ശ്രീരതഗർഭയുടെ ലേഖനകന്ദുകങ്ങൾ—
ചാരത്തണഞ്ഞതളി മുന്നമവർക്കു കീർത്തി-
ദാരസ്വയംഗ്രഹപരിഗ്രഹചാരിതാർത്ഥ്യം. 11

ഭോസലം, ശിവാജിയുടെ വംശനാമം

Digitized By Kerala Sahitya Akademi

പ്രീണൻ പൃഥിവ്യധിപനാൽ പൃതനേശരക്ഷി-
കോണം കളക്കെയവലോകിതരായിരിക്കെ
താണംഘ്രി തന്റെ തല മുട്ടിടുമാറു കൂപ്പി-
ശ്ശോണൻ സ്വജീവസദൃശൻ മൊഴിയേവമോതി. 12

“സ്വാമിൻ ജയിക്കുക ! ജയിക്കുക ! കോസലേശ !
സ്വാമിത്വശുഷ്കതരഭക്ഷകകക്ഷവഹ്നേ !
കാമിച്ചിടേണ്ടതു കരസ്ഥിതമാം ഭവാന്റെ
ജാമിത്വശുദ്ധി ജഗദത്ഭുതദാത്രി തന്നെ. 13

നിർഗ്ഗർവ്വരാമരികൾ നീങ്ങി നിറം പുലർന്ന
ദുർഗ്ഗത്തിനുള്ളിലടിയൻ ത്വരിതം കടക്കെ
സ്വർഗ്ഗസ്ഥസുന്ദരിയൊരുത്തി സുമായുധാപ-
വർഗ്ഗസ്വരൂപിണി മദക്ഷിയിലാപതിച്ചു.” 14

നീരാഗനാകകിലുമപ്പൊഴുതിൽ കടിഞ്ഞൂൽ-
പ്പോരാണു വെന്നതു, പുരോഗമനാണു ശോണൻ,
പോരാ തടുപ്പതുട,നെന്നു നിനച്ചടങ്ങി
വീരാതിവീര, നനഗൻ വചനം തുടർന്നു:— 15

“കാമന്റെ കമ്രതരകാർമ്മുകവല്ലിയാക-
മാമത്തകഞ്ജരമനോഹരയാനയാളെ
ഹാ മൽപ്രഭോ ! പിഴ പൊറുക്കണം—ആപദാന്ത-
മാമസ്തകാന്തമടിയൻ മിഴിയാൽ നുകർന്നേൻ. 16

ശൃംഗാരസിന്ധുസുധയാമവൾ തൻ കചങ്ങൾ
ഭൃംഗാഭിമാനഭിദുരീകരണക്ഷമങ്ങൾ ;
ശൃംഗാഭമായ വദനം തുഹിനാംശുബിംബ-
മിംഗാലമാക്ക പതിച്ചിടുമനോഭിലാഷം ; 17

Digitized By Kerala Sahitya Akademi

ബാലാലലാമമണിതന്നലസേക്ഷണങ്ങൾ
നീലാരവിന്ദയുഗളീനിഗളപ്രദങ്ങൾ ;
വേലാതിവൎത്തിരുചിയാമധരോഷ്ഠബിംബം
ലീലാനിരാകൃതജപാകുസുമാവലേപം ; 18

ലാവണ്യകല്പതരുമഞ്ജരിതൻ രദങ്ങൾ
സാവജ്ഞദൎശിതസമഞ്ജസമൗക്തികങ്ങൾ ;
ആ വല്ഗുഭൂഷകളണിഞ്ഞ ഗളം മനോജ-
ദേവന്റെ ദിഗ്വിജയമംഗലമഞ്ജുശംഖം ; 19

സാരംഗനേത്രയുടെ ചാരുകുചങ്ങൾ സാക്ഷാൽ-
ശ്രീരത്നസാനുശിഖരദ്വയജിത്വരങ്ങൾ ;
പാരം ചുരുങ്ങുമവലഗ്നമനല്പശോഭാ-
ഗാരം കനൽകനകസാരസനാഭിരാമം ; 20

സ്തുത്യങ്ങളസ്സുമുഖിതൻ ചരണങ്ങൾ പേൎത്തും
പ്രത്യഗ്രപങ്കജപരാകൃതിപണ്ഡിതങ്ങൾ ;
സത്യം പ്രഭോ ! സരസയാമവളേതുകൊണ്ടും
പ്രത്യക്ഷപഞ്ചശരശൎമ്മപതാകതന്നെ. 21

അമ്മഞ്ജുളാംഗിയുടെയത്ഭുതമൂൎത്തി കണ്ടു
കൺമഞ്ഞളിക്കുമളവിൽക്കരൾ തീരെ നല്കി
ജന്മം ജയിച്ച വിധമായ ഞെളിവാൻ തുടങ്ങും
ചിന്മഞ്ജരീമധുകരങ്ങൾ മുനീന്ദ്രർപോലും. 22

വാക്കാവിധം വളരവേ നൃവരന്നതൊന്നും
കേൾക്കായ്വതിന്നു കരതാർ ചെവിയിൽപ്പതിഞ്ഞു;
നോക്കാൻ തുടങ്ങി മിഴി കൎക്കശമായ് ; ചലിപ്പാൻ
നാക്കൊഞ്ഞുഴന്നു ; നവമായ് മുഖച്ഛായമാറി. 23

Digitized By Kerala Sahitya Akademi

ഗന്ധദ്വിപപ്രതിമഗാമിനിതൻ വപുസ്സാ-
ലന്ധംഭവിഷ്ണുനയനേന്ദ്രിയനായ ശോണൻ
ബന്ധംവെടിഞ്ഞപടി വിപ്രിയമാർന്ന മന്നൻ-
തൻധർമ്മനിഷ്ഠയറിയാതെ തകർത്തു വീണ്ടും. 24

"കാണായ നേരമടിയൻ കുശലാനുയോഗ-
മേണായതേക്ഷണയൊടേതിനുമുച്ചരിച്ചേൻ ;
താണാദരത്തൊടതിനത്തനുമദ്ധ്യ ചൊന്നാൾ
വീണാവിനിക്വണവിഡംബനമാം സ്വരത്തിൽ. 25

'ഭൂനാഥനിങ്ങെഴുമഹമ്മദൃഘാകനെ നിങ്ങ-
ളീനാളിൽ വെന്നസിലതയ്ക്കിരയാക്കിയില്ലേ?
സേനാപതേ ! പറവതെന്തിനു ? മന്ദഭാഗ്യ
ഞാ'നായിഷാ'ഭിധ തദാത്മജധർമ്മപത്നി. 26

ഒട്ടാജികേളികൾ തുടർന്നൊടുവിൽ സ്വദുർഗ്ഗം
വിട്ടാശു മൽപതി വിദേശമണഞ്ഞുപോലും ;
മട്ടാതെ ചെൽവു മുറപോലവിടത്തിൽ ഞാ,നി-
പ്പട്ടാളമെൻ്റെ പരമാർത്ഥമറിഞ്ഞിടട്ടെ.' 27

തെല്ലീഷലറ്റു തെരുവീഥിയിൽ നിന്നുകൊണ്ടു
ചൊല്ലീവിധം തുടരുമശ്ശുകവാണിയോടായ്
'മല്ലീശരൻ്റെ വിരുതേ ! ഭവതിക്കൊരുൾപ്പി-
ച്ചല്ലീ പിടിച്ചിടുവ'തെന്നടിയൻ കഥിച്ചേൻ. 28

"പേടക്കുരംഗമിഴി ! നല്ലമിടുക്കി ! നിൻ്റെ
ജാടക്കടുക്ക മതി ; രാസഭമല്ല ശോണൻ ;
വേടൻ കടന്നു വലവച്ചതതിങ്കൽ വീഴും
മാടപ്പിറാവിനു പറപ്പതിനല്ലയല്ലോ 29

Digitized By Kerala Sahitya Akademi

നാടേതു മാനിനി ! നിനക്കിനി നാഥനേതു ?
വീടേതു ; വിട്ടിടുക നിന്റെ വൃഥാഭിമാനം ;
കാടേതുമേ കയറി നിൻ കഴൽ നൊന്തിടേണ്ട ;
കൂടേറിയാൽ കശ്മലമാം കുയിൽവാണിയാളേ ! 30

രാജാധിരാജനരുളുന്ന ശിവാജി, സാക്ഷാൽ-
ഭൂജാതമാം പുരുഷകാരമപാരസാരം,
ആജാനുലംബിഭുജദണ്ഡ,നഖണ്ഡലോക-
പൂജാവിധാനവിഷൻ പുരുപുണ്യശാലി 31

വ്യാലോലവഹ്നിശിഖ വാളു പടനടക്ക-
മാലോലനാഡിഗുളികാവലി മാറിടത്തിൽ
കാലോന്മിഷൽകനകപങ്കജമാലപോലെ
ചേലോടണിഞ്ഞു ജയമാർന്നവനജ്ജനേശൻ. 32

പാരം പരാർദ്ധ്യപരമാണുഗണം പരത്തി
വീരൻ വിരിഞ്ചി വിരചിച്ചൊരു വിഗ്രഹത്താൽ
ഭൂരത്നദീപസമനാവനോടെതിക്കും,
താരമ്പഡംബരപരമ്പരയമ്പരക്കും. 33

നീരന്ധ്രനിർമ്മലയശസ്വി, നിരന്തരായ-
വീരവ്രതൻ, വിഭു വിവാഹിതനായതില്ല ;
ചേരട്ടെ ചെന്നു ജഗതീപതിയാമവങ്കൽ
സ്ത്രീരത്നമേ ! ഭവതിതൻ ശിശിരാക്ഷിപാതം." 34

തിര്യഗ്വിലോകനമിവണ്ണമുരച്ച സേനാ-
ധ്യക്ഷൻ തുടന്നളവു, ദൃഷ്ടിപഥത്തിൽ മുട്ടി
പര്യസ്തമാക്കി ധൃതി, ശത്രുചമൂചമൂരു-
ഹര്യക്ഷനാം നൃപതിതന്നതിരൂക്ഷരൂപം. 35

Digitized By Kerala Sahitya Akademi

ചെത്തിപ്പഴത്തിനെതിരായ് നയനം ചുവന്നു ;
നെത്തിക്കളിച്ചു പുരികം നിടിലാന്തരത്തിൽ ;
എത്തിച്ചലിച്ചു നിശിതാസി വലത്തു കൈയിൽ;
കത്തിജ്ജ്വലിച്ചു കരളിൽ കടുകോപവഹ്നി, 36

ചുണ്ടിൽ പതിഞ്ഞു രദനം ; കവിളിങ്കൽ മേന്മേൽ-
ത്തൊണ്ടിപ്പഴത്തുടുതുടപ്പു തുടൻ കൂടി ;
കണ്ടില്ല ലോകർ കരുണാമയനാമവങ്കൽ-
പ്പണ്ടിത്തരത്തിലൊരു ഭൈരവഭാവഭേദം. 37

ചെന്തീപ്പൊരിച്ചിതറലിൽ ശിബിരം മുഴുക്കെ
വെന്തീടുമാറു മിഴിയൊന്നു തുറിച്ചു നോക്കി
പൊന്തീ സദസ്സിലമിതക്രുദ്ധനായ് ത്തൃതീയ-
കന്തീകുമാരഗുണനീയഗുണൻ ശിവാജി. 38

"ഭണ്ഡാരമുദ്ര ഭടനായകനാക്കി വച്ച
ചണ്ഡാല ! ശസ്ത്രധരവംശകളങ്കഹേതോ !
കണ്ഡാശിയാം കുടില ! നിന്റെ കുപൂയമാംസ-
പിണ്ഡാശനത്തിനു പിശാചുകൾ കൂടിടട്ടെ. 39

ബാലാർക്കനെപ്പടുമുരുക്കമലർക്കലസ്സു
മേലാക്കിടാത്ത വിട ! നിൻ രസനം സമൂലം
ഈ ലാക്കിലെൻ പ്രളയകാലകരാളവഹ്നി-
ജ്വാലാഗ്രജിഹ്വയരിയും നിശിതാസിധേനു !" 40

ശർമ്മം ചുരുങ്ങിന ചമൂപതിയെപ്പഴിച്ചു
മർമ്മജ്ഞരൻ സഭ്യരതു കേട്ടു മറഞ്ഞൊളിക്കെ
ദുർമ്മന്ത്രിയായിഷയെ രുഷ്ടതരൻ നൃപൻറാ
നിർമ്മക്ഷികതമിയലും നികടത്തിൽ നിർത്തി 41

Digitized By Kerala Sahitya Akademi

സ്ഥായൽപ്രമോദരമകന്ന തദീയവക്ത്രം
സായന്തനാംബുജസഹോദരമായിരുന്നു ;
കായം ഭയാതിശയകമ്പനമക്ഷി വാക്കും
തോയത്തിൽ മുങ്ങി മഴമിന്നലൊടൊത്തിരുന്നു. 42

റോസപ്രസൂനരുചിയാർന്ന കപോലമൂല-
മാസന്നപാകശരപാണ്ഡുരമായിരുന്നു ;
ശ്രീസത്മമാകുമധരം ഭൃശകോഷ്ണദീർഘ-
ശ്വാസത്തിൽ മങ്ങിയൊളികെട്ടു വരണ്ടിരുന്നു ; 43

നീലത്തഴക്കുഴലഴിഞ്ഞു കിടന്നിരുന്നു ;
മേലത്രയും ശ്രമജലത്തിൽ നനഞ്ഞിരുന്നു ;
ഭൂലക്ഷ്മിയാമവൾ വിപദ്വിരദം മഥിച്ചു
വെയ്‌ലത്തെറിഞ്ഞൊരു മൃണാളി കണക്കിരുന്നു. 44

അന്നൽപതിവ്രതയെ—യേതുഭുജംഗമാർക്കും
മിന്നൽക്കൊടിക്കിടയിൽ മിന്നിന തന്വിയാളെ
മന്നൻ വിനായകചതുർത്ഥിയിൽ വന്നുദിക്കും
പൊന്നമ്പിളിക്കലകണക്കൊരു നോക്കു നോക്കി. 45

കോപം ഭടാപസദനിൽ ; കൃപ പേർത്തുമമ്മ-
ട്ടാപത്തിലാണ്ടുഴലുവോരലസാക്ഷിയാളിൽ ;
താപം തദാർത്തിയുളവാക്കിന തന്നിൽ;—നിന്നാൻ
ഭൂപൻ വികാരശതദന്തുരിതാന്തരംഗൻ ; 46

ആ വന്ധ്യമംഗലികദീപികയിങ്കൽ നിന്നും
വ്യാവർത്തിതാക്ഷി ശലഭദ്വയനായ് ക്ഷണത്തിൽ,
ദേവൻ ശിവാജി ജനകാദിനൃപർഷിചര്യാ-
സൌവസ്തികൻ പരിജനത്തൊടിവണ്ണമോതി. 47

Digitized By Kerala Sahitya Akademi

"ചൊല്ലാനെനിക്കൊരു രഹസ്യമിരിപ്പു, കേൾപ്പാ-
നെല്ലാവരും വരുവിനെന്നനുയായിമാരേ !
വല്ലാതെ വാച്ചൊരരിശപ്പനി മാറി, വീണ്ടു-
മുല്ലാസമായ് മനമെനിക്കു ; ശമം ജയിച്ചു. 48

ഏതോ യുവാവൊരു നരാധമനസ്ത്രജീവി
ശാതോദരീചപലനിന്ദ്രിയദാസനെന്നായ്
ഹാ ! തോഴർദ്ദപാലുമറിയാതെ നിനച്ചുപോയീ
ഗീതോപദേശകൃപാമൃതമധേതനെന്നെ. 49

ശാന്താസി ശാത്രവഗളങ്ങളിലാഞ്ഞു വീശും
കൈ താൻ തദംഗനകളെത്തഴകാൻ കൊതിപ്പൂ;
ഏതാദൃശം മഹിയിതിങ്കൽ മദാന്ധരായ
ജേതാക്കൾ മന്നരുടെ ഗാഡ്ഡുരികാപ്രവാഹം. 50

ശ്രീഗവ്ശീധുനിരതൻ, ക്ഷിതിഭൃ, ത്തതീത-
പൌഗണ്ഡ, നസ്ത്രകുശലൻ, നിരവഗ്രഹൻ ഞാൻ
ഭോഗത്തിനാണു പുരുഷാകൃതി പൂണ്ടതെന്നു
ധീഗന്ധമററ ചിലരോർത്തതു ചിത്രമല്ല. 51

സ്ത്രീവശ്യയായിഷ നിജേശവിയുക്തയെന്നും
പാവം ശിവാജി പരിണേയവയസ്കനെന്നും
കൈവന്നിട്ടും കരുണയാൽ കരുതീട്ടു ശോണൻ
ദേവൻ മനോജനൊരയാചിതദൂതനായി. 52

ഹാ ധിക്കിതെന്തു കഥ ? യെൻ ഹതകർണ്ണജാഹം
ബാധിക്കയോ പരകളത്ര ചരിത്രപാപം ?
വേധിക്കുമാണു മനമീവിഷദിഗ്ധബാണം ;
ആധിക്കെനിക്കിനിയിതിൽ പരമെന്തുവേണം ? 53

Digitized By Kerala Sahitya Akademi

പാരാതെ ശൗര്യ ! പലമട്ടു ഭവാനരാതി-
വീരാവരോധവധുവിൻ കഥ വിസ്തരിച്ചും
പോരാട്ടിലസ്തുതിയെയീങ്ങു പുരസ്കരിച്ചും
ഘോരാഘലേശവധികമ്പേരത നേടിയല്ലോ ! 54

സ്ഥായൽസ്ഫുടാവികടമായ സരീസൃപത്തിൻ
ഛായയെക്കെഴുന്ന നുതി ചമ്പകമാലയല്ല ;
സ്വായത്തദാഹഗുണമാം ശുചിഹേതിയാക്കും
കായം മിനുക്കുമൊരു കാഞ്ചനഭൂഷയല്ല. 55

പാരിൽപ്പരം ദുരിതമാവതു പാരദാര്യം ;
ചാരിത്രനിഷ്ഠ സകലോത്തമമായ ധർമ്മം ;
സൂരിത്വമററിട്ടുകിലും സുകവീന്ദ്രർ ചൊന്ന
ഗീരിങ്കൽനിന്നിതുകൾ രണ്ടുമറിഞ്ഞവൻ ഞാൻ. 56

ആദത്തദണ്ഡധരരക്ഷൈകകാര്യനായൊ-
രാദർശമൂർത്തി, യവനീതനയാസഹായൻ,
കോദണ്ഡപാണിയുടെ കോകനദാഭമായ
പാദാം ജയിപ്പു ഭാരതക്ഷിതിഭാഗ്യദീപം. 57

ഭൃകണ്ഡകൻ ദശമുഖൻെറ മദം തകർത്ത
ലോകംപൃണം തദപദാനശതം നിനച്ചാൽ
പാകംവരാത്ത മനമേ? തതിലെപ്പൊഴേൽപ്പൂ
മാകന്ദമാർഗ്ഗണമദോർദ്ധ്വരമർമ്മഘാതം ? 58

സ്ത്രീജാതിയിങ്കലറിയാമിരുപേരെ ; യൊന്നെൻ
ജീജാംബ, യൊന്നു കുലദൈവതമാം ഭവാനി ;
പൂജാർഹയായിഷയെനിക്കിവരോടു തുല്യ-
ഹാ ജാനകീരമണ ! ഞാനിതിലാരെ വേൾപ്പൂ ? 59

Digitized By Kerala Sahitya Akademi

ധർമ്മപ്രജാഫലദമായ ഗൃഹസ്ഥവൃത്തി
കർമ്മന്ദിതൻ നിലയിലും കമനീയമത്രേ;
ശർമ്മം നിതാന്തമതിൽനിന്നു ലഭിച്ചിടുന്നു
മർമ്മജ്ഞരാം മനുജർ മധ്യമലോകപാന്ഥർ. 60

വൈരിഞ്ചസൃഷ്ടികളിൽ വച്ചധമങ്ങൾ, സാധ്വീ-
ചാരിത്രനിഷ്കുടമദോൽക്കടമർക്കടങ്ങൾ,
പാരിൽ ചരിപ്പൂ ചില പാമരർ, പൂത്തുനില്ക്കും
താരിൽ പുഴുക്കൾപടി ധർഷിതസർവ്വധർമ്മർ 61

ശർമ്മാത്യയത്തിനു സരോരുഹബാണപൂജ
നിർമ്മാല്യപുഷ്പനിരകൊണ്ടവർ നിർവ്വഹിപ്പൂ ;
ദുർമ്മാർഗ്ഗലമ്പടർ സുദുർല്ലഭമർത്ത്യജന്മം
നർമ്മാർത്ഥമാക്കി നരകിച്ചു നശിച്ചിടുന്നു. 62

പൂതാത്മയ്ക്കു ജനയിത്രി പരന്റെ പത്നി ;
ഭ്രാതാനുകമ്പയുടയോൾക്കൊരുടപ്പിറന്നോൾ ;
ജേതാക്കളാകുമരചർക്കു തനൂജ ; ലോക-
ക്കേതാകിലും ഗണികയല്ലവൾ, ഭോഗ്യയല്ല. 63

ഇക്ഷത്രജന്മമിളതൻ ക്ഷതബാധവിട്ടു
രക്ഷയ്ക്കു പററിടുകിൽ മാത്രമവന്ധ്യചര്യം ;
അക്ഷയ്യഭാസ്സുടയ വിശ്രുതിപുണ്ഡരീകം
ശിക്ഷയ്ക്കുപേറിടുമസിച്ചെളി തന്നെ ധന്യം. 64

മാനുഷ്യകത്തിനൊരു മാററിവരേററുമെന്നു
വാനം വസുന്ധരയുമാശയിൽ നോക്കിനില്ലേ
ധാനുഷ്കരാരബലമാർ, മുനിമാർ, ശിശുക്കൾ,
ധേനുക്കളീവകയെവെന്തു തിമിർപ്പുതീർപ്പൂ? 65

Digitized By Kerala Sahitya Akademi

ഹാ ! ലേശവും ഖലദരിദ്രത കണ്ടിടാത്ത
കാദലയകാലമിതിൽ നാം കരണീയധീരർ
മാലേകിയവകയിൽ മാനുഷധർമ്മവൃക്ഷ-
മൂലേകഠാരവിഹൃതിക്കു മുതിന്നിടൊല്ലേ. 66

അമ്മേ ! പൊറുക്കുക ! പൊറുക്കുക ! മുഗ്ദ്ധവൃത്താ-
മിമ്മേദുരാഘനിലിണങ്ങിന കർമ്മലോപം ;
ചെമ്മേ നിനക്കിനി നവീനസുലോചനേ ! പോയ്
നിർമ്മേഘനാദനികടത്തിൽ നിവിഷ്ടയാവാം. 67

വെന്നാലുമായി ഭടർ തോല്ക്കിലുമായി ; പോരാം
പൊൻനാണയത്തിനകവും പുറവും കിടപ്പു ;
ഇന്നാടൽ വേണ്ടതു നിനച്ചു നിനക്കു ; ഭദ്രേ !
പൊന്നാലുമിന്നിമിഷമേ ദയിതാന്തികത്തിൽ. 68

ഈ രിഷ്ടി കൈയിലിതുമട്ടിനിയും ശിവാജി-
ക്കൂരിപ്പിടിപ്പതിനു ചെററുമിരുള്ള നാളിൽ
ചാരിത്രകല്പലതികയ്ക്കു തഴച്ചു പാരിൽ-
പ്പാരിപ്ലവത്വമിയലാതെ പരിസ്ഫുരിക്കാം. 69

മാതാവു പെററ മകനാണു, മനുഷ്യനാണെ-
ന്നോതാനിരിപ്പതിനി നിന്നൊടു ശോണ ! തത്ത്വം
വൈതാനപാവകചിതാദഹനക്കു തമ്മിൽ
നീ താരതമ്യമറിയും നിലയിങ്കലെത്തി. 70

പാപാത്മകർക്കുടയ പങ്കിലവൃത്തു പശ്ചാ-
ത്താപാശ്രു വീഴുമളവിൽ പരിശുദ്ധമാകും;
ഹാ ! പാർശ്വഭൂമിയിലനുതാപതാപത്തിനിന്നു
നീ പാർത്ഥിവപ്രിയ ! നിദർശമായ്ക്കഴിഞ്ഞു. 71

Digitized By Kerala Sahitya Akademi

പോരും കരഞ്ഞതു സഖേ ! ഭവപാന്ഥരായാ-
ലാരും വഴിക്കിടറി വീഴ്വതപൂർവ്വമല്ല ;
കാരുണ്യമാളുമവനീജനനിക്കതെല്ലാ
തീരുന്നു പേർത്തുമൊരു ബന്ധനമസ്യയാതി. 72

ഞാനീരുനെൻ മനമറിഞ്ഞു കഴിഞ്ഞു ; മേലിൽ
നീ നീതിവിട്ടൊരടി നീങ്ങി നടക്കയില്ല ;
ഈ നീരജേക്ഷണയെയിഷ്ടജനാന്തികത്തി-
ലാനീതയാക്കുവതിനില്ലനുയോജ്യനന്യൻ. 73

പോയാലുമെങ്കിലിനി നീ സതി ! ; ധന്യനാം നിൻ
പ്രേയാന്റെ സന്നിധിയിൽ നിർഭയമെത്തിയാലും ;
തായാട്ടു കാട്ടിന ചമൂപതി തന്നെയമ്മ-
യ്ക്കീയാത്രയിങ്കൽ വിടകൊള്ളുമകമ്പടിക്കായ്." 74

ആ ദിക്കിലിങ്ങനെ സനാതനധർമ്മഭേരീ-
വാദിത്രഘോഷണവദാവദമായ വാക്യാ
സാദിപ്രവേകനരുൾചെയ്തു തദീയസംസ-
ദേചദിക്ക വെണ്മ വിളയിച്ചു വിളങ്ങിമേന്മേൽ. 75

ത്യുന്തഗന്ധമിയലും മൊഴി സാധുചന്ദ്രാ-
വൈവശ്യമാർന്ന വസുധാപതിയുച്ചരിക്കെ
ധൈര്യംഗവീനഹൃദയയ്ക്കറിയാതെതന്നെ
കൈയങ്ങുയർന്നു കലികോപമമായ്ക്കഴിഞ്ഞു. 76

"രാജർഷിവര്യ ! തൊഴുതേനടിയൻ ; ഭവാന്റെ
പൂജയ്ക്കു ദേവതകൾ പൂക്കളൊരുക്കിടട്ടേ !
ഭൂജന്മശൂലധനവിടന്നഭിവന്ദ്യനാക്കും
സൌജന്യരത്നഖനി, ധാർമ്മികസാർവ്വഭൌമൻ. 77

Digitized By Kerala Sahitya Akademi

രാജന്യധർമ്മരത ! നാഥനാകുന്ന സാധു-
സ്ത്രീജന്തുവിൽ കനിവു തോന്നിന ദിവ്യമൂർത്തേ !
ഓജസ്സോടങ്ങുലകുവെല്ലുക മേലു” മെന്നാൾ
കൂജൽകുഹൂമുഖകലോത്ഭവമാം സ്വരത്തിൽ. 78

പൊട്ടിക്കുതിച്ചുയരുമുക്തികൾ താലുവിങ്കൽ
തട്ടിത്തടഞ്ഞിടുകയാൽത്തരളായതാക്ഷി
ഒട്ടിത്തരം ചിലതുരച്ചു പകച്ചു നിന്നാൾ
വെട്ടിത്തുറന്നൊഴുകിടും മിഴിനീരിൽ മുങ്ങി. 79

‘പോകാമയേ ! സതി ! നിന’ ക്കിനിയെന്നു വീണ്ടും
ലോകാന്തരഞ്ജനപരൻ നൃവരൻ കഥിക്കെ
ഭീകതരാതപമിയലും പ്ലുതനേത്രനോട്ടം
രാകാശശാങ്കമുഖിയാളവിടം വെടിഞ്ഞാൾ. 80

ലോകാതിവർത്തിരസനർത്തകിയാം ധരിത്രീ-
പാകാരിതൻ ഭണിതി കേട്ടു ഭടപ്രധാനർ
ആകാശവീഥിയിലണഞ്ഞ വിധത്തിൽ നേടീ
നാകാപഗാസലിലനർമ്മവിഗാഹസൌഖ്യം. 81

കേളീകദർത്ഥിതവിപക്ഷ, മധാർമ്മികാഹി-
പാളീകരാളതടിദങ്കുര, മാത്മഖഡ്ഗം
കാളീകടാക്ഷകമനീയ, മലങ്കരിച്ചു
നാളീകബന്ധുസദൃശൻ നൃവരന്റെ കോശം. 82

ലുണ്ടാക, ഘാതക, ധരാഖ്യ; പടങ്ങൾ പാടാ-
നണ്ടാകമൊട്ടു ചിലപേർ ശിവനിന്ദകന്മാർ:
തിണ്ടാടിടൊല്ലവർ തെളിച്ചു വഴിക്കു ; സാക്ഷാൽ-
ഘണ്ടാപഥം കമനിയായിഷ കണ്ടതത്രേ. 83

Digitized By Kerala Sahitya Akademi

# സുഖം സുഖം

സുഖം— സുഖം —ക്ഷോണിയെ നാകമാക്കാൻ
വേധസ്സു നിർമ്മിച്ച വിശിഷ്ടവസ്തു-
അതെങ്ങതെങ്ങെന്നു തിരഞ്ഞു തന്നെ-
യായുസ്സു പോക്കുന്നു ഹതാശർ നമ്മൾ. 1

പാരായ പാരൊക്കെയടക്കിയൊററ-
ക്കൊററക്കുടക്കീഴിലൊതുക്കിടുന്നോൻ ;
നമുക്കു പക്ഷേ സുഖിയെന്നു തോന്നാം
രാജാധിരാജൻ വിഭു രത്നഹാരി. 2

വാനോട്ടുരുമ്മും മണിമേട വാഴാൻ ;
പൂമാതൊടൊക്കും മധുരാങ്ഗി പുല്കാൻ ;-
ഐശ്വര്യ്യരാജ്ഞൊബലമാശനല്കാൻ ;
ആനന്ദകേദാരമധീശജന്മം ! 3

എന്നോർത്തുപോം നാമൊരു നോക്കി,നെന്നാൽ
സൂക്ഷ്മത്തിലങ്ങല്ല സുഖം കിടപ്പൂ !
ആക്കോമളപ്പൂവിനു കൂർത്തുമൂർത്ത
ചെങ്കോലു കണ്ടാൽ ചെറുതല്ല ഭീതി.
(യുഗ്മകം) 4

വിളമ്പിടട്ടേ വിഭവങ്ങൾ സൂദർ ;
വിശന്നിടാഞ്ഞാലവരെന്തു ചെയ്യും ?
ശമിച്ചുപോയ് തജ്ജഠരാഗ്നി പണ്ടേ
പാവങ്ങൾ വീഴ്ത്തീടിന ബാഷ്പനീരിൽ. 5

Digitized By Kerala Sahitya Akademi

വീണട്ടെ പൊൻപങ്ക ; യവൻെറ മെയ്യിൽ
ദീനൻെറ ദീർഘോച്ഛ്വസിതം പതിപ്പൂ ;
പാടട്ടെ വന്ദീന്ദ്രർ ; അവൻെറ കാതി–
ലാർത്തൻെറയാക്രന്ദഘോരം തറയ്ക്കൂ. 6

പ്രാസാദമേറാൻ പണിയാന്നൊരുങ്ങും
നിദ്രയ്ക്കുമേൽ നേത്രമവൻ പതിച്ചാൽ
ഹാ ! ചാൺ, മുഴം, നാഴിക, കാത, മിമ്മ-
ട്ടബ്ധീശ മേന്മേലകലത്തു മാറും. 7

ഭാരം പെരും പൊന്മുകടം വഹിച്ചു
മാറാത്തലക്കത്തിൽ വലഞ്ഞ മന്നൻ
പതിഞ്ഞിരിപ്പീല പരക്കെ മുള്ളാം
ഭദ്രാസനത്തിൽ പരമാനകമ്പ്യൻ. 8

സുഖം—സുഖം—ക്ഷ്മാതലസാർവ്വഭൌമർ
തൊഴും മുനിശ്രേഷ്ഠർ സുഖത്തെ നേടും ;
നിഷ്കാമർ, നിഷ്ക്രോധർ, നിവൃത്തിനിഷ്ഠർ ;
നിർദ്വന്ദ്വർ, നിഷ്കന്മഷർ, നിത്യതൃപ്തർ. 9

മേവുന്ന യോഗീശ്വരരങ്ങുമിങ്ങും
വിശ്വപ്രപഞ്ചവ്യവഹാരബാഹ്യർ ;
തത്വം നിനച്ചാൽ ധരമേലവർക്കും
തൻകാര്യമൊന്നേ കുറിയെന്നുതോന്നും. 10

തന്നാൽ കരേറേണ്ടവരെത്രപേരോ
താഴത്തു പാഴ്ച്ചേറിലമർന്നിരിക്കെ
താനൊററയിൽ ബ്രഹ്മപദം കൊതിക്കും
തപോനിധിക്കെന്തൊരു ചാരിതാർത്ഥ്യം ? 11

Digitized By Kerala Sahitya Akademi

ദിവാനിശം ഭ്രാന്തർ പിതാവൊടൊത്തോ
പേരേട്ടിനൊപ്പിച്ചു കണക്കതീക്കേ
അതിങ്കൽ നിന്നന്യജനങ്ങൾ നേട-
മാദായമെന്തെന്നറിവീല ലോകം. 12

ശരീരദാസ്യാശയിൽനിന്നു പാർത്താൽ
സായുജ്യലാഭസ്പൃഹ ധന്യധന്യം;
അതന്യദുഃഖപ്രദമല്ല ; മറു-
മാത്മോല്പൃതിക്കാസ്പദമാണു താനും. 13

ജയില്ല മർത്ത്യർക്കതുകൊണ്ടു മാത്ര-
മാനന്ദലബ്ധിക്കവകാശലേശം ;
സ്വാർത്ഥാൽസുകന്മാരിവരേതുമട്ടിൽ
സുഖിക്കിലെ,ന്തസ്സുഖമാക്കു വേണം ? 14

സുഖം — സുഖം — യോഗിദുരാപമാമി
സ്സൂനം ലഭിക്കും സുമവാടിയേതോ ?
ജത്മാർച്ചനത്തിന്നതിലാശവച്ചോ-
നാകാശപുഷ്പാപചയാഭിലാഷി. 15

പ്രപഞ്ചമാം പാൽക്കടലാവതും നാം
പറിച്ചുമട്ടൊക്കെ മഥിച്ചു നോക്കാം ;
സ്വഭോഗമാത്രോചിതമായ് ലഭിക്കും
സുഖാമൃതം ദുഃഖവിഷാംബുമിശ്രം. 16

തിര്യക്കിനും സ്സിദ്ധമതിന്റെ ഗോത്രം ;
അതിന്നപ്പുറത്തേക്കൊരാനയില്ല ;.
സ്വാർത്ഥത്തെ വാങ്ങാൻ സ്വകുലത്തെ വില്ക്കും
മാപാരിയാനുകൻ മതിമാൻ മനുഷ്യൻ. 17

Digitized By Kerala Sahitya Akademi

ഈററില്ലവും പട്ടടയും നിനയ്ക്കി-
ലിങ്ങെത്തുമങ്ങെത്തും ; ഇടയ്ക്കു വന്നോ
തൻചാൺവയററിൻ കനലിന്നു കത്താൻ
ത്രൈലോക്യമത്രെ വിറകെന്നു ഭാവം ! 18

വളക്കുഴിക്കുള്ളിലിരുന്നു നമ്മൾ
മണത്തിനായ് വത്തി കൊടുത്തിടുന്നു ;
വേകുന്ന വീട്ടിന്നകമേ കിടന്നു
വിശ്രാന്തി തേടുന്നു വിവേകശൂന്യർ. 19

നമുക്കു ചുററും വരുതിപ്പിശാചു
നാനാവിധം നൎത്തനമാടി നില്ക്കെ
അപ്പട്ടടപ്പാഴ്മണലാക്കു നല്കു-
മഹേന്ദ്രഹൎമ്മ്യത്തിനൊരസ്ഥിവാരം ? 20

ആകാശദേശത്തെയസഹ്യപീഡ-
യാക്രോശനത്താൽ മുഖരീകരിക്കെ
അതൊന്നശേഷ "ശ്രുതി" ഭാക്കുകൾക്കും
ഹാ "പഞ്ചമാ"ലാപ, മലഭ്യമന്യം. 21

പാഴിൽക്കിടക്കും പരിതഃസ്ഥലത്തെ-
പ്പുഴിപ്പതെക്കാളൊരു പാപമുണ്ടോ ?
അതെത്രയോ മുൻപലർ തിങ്ങിവിങ്ങു-
മാരാമമാകാത്തതിനാർ പിഴച്ചു ? 22

ആഴിക്കുമേൽ വീഴുമൊരംബുബിന്ദു-
വശുദ്ധിഭീതിക്കടിമപ്പെടുന്നു ;
താഴെപ്പട്ടും ശുക്തിയെ മുക്തിയാക്കി-
ലന്യത്വമേല്പാനതിനില്ല ഭാഗ്യം. 23

Digitized By Kerala Sahitya Akademi

കോടീശർ ഹാ ! കൂലികളെ; സ്സവർണ്ണ-
രവർണ്ണരെ, പ്പുരുഷർ നാരിമാരെ ;
പാശ്ചാത്യർ പൌരസ്ത്യരെയും ; കഴിഞ്ഞു
കാൽക്കീഴമർത്തിടുന്ന കാളരാത്രി. 24

ഒരപ്പനമ്മയ്ക്കു പിറന്ന മക്കൾ—
ഓർത്താലൊരൊററത്തറവാട്ടുകാർ നാം ;
നാഥൻെറ മുററത്തിൽ വിളങ്ങിടുന്ന
നന്മുന്തിരിക്കൊത്തു മനുഷ്യവർഗ്ഗം. 25

"കുടിച്ചു പാകമ്പൊഴമൊട്ടുമൊപ്പം
കൂടെപ്പിറന്നോർക്കു കുടിച്ചുകൂടാ !"
എന്നാകിലെന്തോ ഭവസിന്ധുപാര-
മീവഞ്ചിയിൽ കേറിന നമ്മൾ കാണ്മൂ ? 26

ദാനത്തിനത്രേ വിഭവം നമുക്കു ;
സന്താനലാഭത്തിനു ധർമ്മപത്നി ;
തത്വാവബോധത്തിനു ബുദ്ധിശക്തി ;
ലോകോപകാരത്തിനു മർത്ത്യജന്മം. 27

ആർത്തസ്വരം കേട്ടൊരു കാതു കാതു ;
കാരുണ്യമാർന്നീടിന ദൃഷ്ടി ദൃഷ്ടി ;
സാന്ത്വോക്തിയോതീടിന ജിഹ്വ ജിഹ്വ ;
സാധുക്കളെത്താങ്ങിന ബാഹു ബാഹു. 28

നാമെത്ര താഴത്തു വസിക്കിലെന്തു ?
നമുക്കുമുണ്ടാം ചിലർ താഴെ വാഴ്‌വോർ ;
അക്കൂട്ടർതൻ രോദനകാളകൂട-
മാനന്ദഗാനാമൃതമാക്കിമാററാം. 29

Digitized By Kerala Sahitya Akademi

അതാ ; മലർക്കാവിൽ വിരിഞ്ഞു നില്ക്കു-
മാരോമലായിങ്ങോട്ടു കള്ളക്കെ നോക്കി
പാൽപ്പുഞ്ചിരിക്കൊഞ്ചൽ പൊഴിച്ചുനമ്മെ-
പ്പൈന്തെന്നലാൽ വീശുവതെത്ര രമ്യം ! 30

ആതിഥ്യവൈദഗ്ദ്ധ്യമതിൻ മുഖത്തി-
ലങ്ങിങ്ങു ഘർമ്മാംബുവലങ്കരിപ്പൂ ;
ആനന്ദമേതുണ്ടമൃതോപമങ്ങ-
ളാംമൈത്രോക്തികൾക്കു വിലപ്പെടാതെ ? 31

ഇനന്റെ ചെന്തീക്കതിർമാരി നിത്യ-
മിടംപെടും തൻ തലകൊണ്ടു താങ്ങി
നമ്മൾക്കു പച്ചക്കുടയും പിടിച്ചു
തേന്മാവതാ ദീനദയാലു നില്പൂ 32

ഉല്ലാസമുൾക്കൊണ്ടുയരെപ്പറക്കു-
മോരോമനപ്പൈങ്കിളി നമ്മെനോക്കി
ചെവിക്കരുന്നിൽത്തെളിതേൻ തളിക്കും
സ്വാതന്ത്ര്യസംഗീതമുതിർത്തിടുന്നു. 33

ഇരപ്പവന്നും മലർ ഗന്ധമേകും ;
വെട്ടുന്നവന്നും തരു ചൂടകറ്റും ;
ഹനിപ്പവന്നും കിളി പാട്ടുപാടും ;
പരോപകാരപ്രവണം പ്രപഞ്ചം. 34

ഉദിച്ചു രണ്ടക്ഷരമാദിയിങ്കൽ—
ഓങ്കാരബീജപ്രഥമപ്രരോഹം—
സ്നേഹം പ്രകൃത്യംബ കരത്തിലേന്തും
ദീപം പ്രകാശിപ്പതിൻ പ്രഭാവം 35

Digitized By Kerala Sahitya Akademi

യാതൊന്നു ദൈവത്തിൻ മൂർത്തിപോലും ;
യാതൊന്നു വിശ്വത്തിൻ തൂണുപോലും ;
യാതൊന്നു മോക്ഷത്തിനും കോണിപോലും ;
ആ സ്നേഹം — ആ സ്നേഹം - അഹോ ! ജയിപ്പൂ ! 36

സ്നേഹിക്ക നാം നമ്മെ മറന്നു സാക്ഷാൽ-
ദൈവത്തെയോർത്തത്ഭുതമീപ്രപഞ്ചം ;
ദയാർദ്രമാം നമ്മുടെ ദൃഷ്ടിഗംഗ
താഴോട്ടു താഴോട്ടൊഴുകട്ടെ മേന്മേൽ. 37

അദക്ഷനാണൊന്നുകിലാഴികാഞ്ചി-
യപൂർണ്ണമായ്ത്തീർത്തവനാദിശില്പി ;
അല്ലെങ്കിൽ നമ്മോടതു പൂർണ്ണമാക്കാ,-
നറിഞ്ഞു ധീതന്നരുൾചെയ്തിട്ടുന്നോൻ ; 38

ആരാണിതിൽ ദൈവമതോർത്തു നമ്മ-
ളന്യോപകാരവ്രതമാചരിക്കാം ;
ഈശന്റെ പൂന്തോപ്പിള ; നീളെ നീളെ-
സ്നേഹാമൃതത്താലതു സിക്തമാക്കാം, 39

വിധിച്ചോരീ വേല നമുക്കു ചെയ്യാം ;
വിശ്വേശ്വരൻ വേതനമേകിടേണ്ടോൻ ;
ആരാഢ്യരാരന്ത്യജർ ? നാമൊപ്പ-
മാസ്വാമിയെച്ചേർന്ന കൃഷിപ്പണിക്കാർ. 40

(യുഗ്മകം)

Digitized By Kerala Sahitya Akademi

"ലോകാസ്സമസ്താസ്സുഖിനോ ഭവന്തു—"
ഇതാര്യരെക്കാത്തിട്ടമേകമന്ത്രം;
ആ മന്ത്രമോതുന്നവരമ്മഹസ്സി-
ന്നായിസ്സു ഹോമിക്കുകിൽ മാത്രമാര്യർ.

സുഖം—സുഖം—കൈവശമുള്ള വസ്തു
കാന്താരമെങ്ങും തിരയുന്നു നമ്മൾ!
പരം സുഖപ്രാപകമിപ്രപഞ്ച-
പാഥേയമാകുന്ന പരോപകാരം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi